# ഫാദർ ഗബ്രിയേൽ

**– ഡോ. ടി.ആർ. ശങ്കുണ്ണി**

ഡോ. ശങ്കുണ്ണി : അങ്ങയുടെ കുടുംബ പശ്ചാത്തലം വിവരിക്കാമോ?

ഫാ. ഗബ്രിയേൽ : എന്റെ വീട് മണലൂർ സർക്കാർ സ്കൂളിന്റേയും കർമ്മലീത്താ മഠത്തിന്റേയും മധ്യേയാണ് സ്ഥിതിചെയ്യുന്നത്. അരണാട്ടുകരക്കാരനായ ചിറമൽ പെരിങ്ങോട്ടുകരക്കാരൻ അന്തോണി എന്റെ അപ്പൂപ്പനാണ്. അപ്പൂപ്പന് ഒരു വയസ്സുള്ളപ്പോൾ അപ്പൂപ്പന്റെ അപ്പൻ മരിച്ചു. അമ്മവീടായ മണലൂർ പോത്തിങ്കൽ കുടുംബത്തിൽ താമസമാക്കിയ അപ്പൂപ്പൻ അവിടെയാണ് വളർന്നുവലുതായത്. അദ്ദേഹത്തിന്റെ രണ്ടാം വിവാഹത്തിലെ മൂത്തമകനായ അന്തോണി പാവുവാണ് എന്റെ അപ്പൻ. അമ്മ അരണാട്ടുകര തറയിൽ ചാക്കുവിന്റെ മൂത്ത മകൾ കുഞ്ഞില. 1914 ഡിസംബർ 11-നു ഞാൻ ജനിച്ചു. എനിക്കു നാലുവയസ്സുള്ളപ്പോൾ അമ്മ മരിച്ചു.

ഡോ. ശങ്കുണ്ണി : അമ്മയെ കണ്ട ഓർമ്മയുണ്ടോ?

ഫാ. ഗബ്രിയേൽ : നേരിയ ഒരോർമ്മ മാത്രം. മുഖച്ഛായയും ആകൃതിയും എന്റെ മനസ്സിലുണ്ട്. വെളുത്ത നിറം. സുന്ദരിയാണെന്ന് ഓർക്കുന്നു. സാമാന്യം പൊക്കമുണ്ട്. സൗമ്യപ്രകൃതമാണെന്നും ഓർക്കാനാവുന്നു. വസൂരി രോഗം വന്നാണ് അമ്മ മരിച്ചത്.

ഡോ. ശങ്കുണ്ണി : നാലു വയസ്സുള്ളപ്പോൾ പെറ്റമ്മ നഷ്ടപ്പെട്ട അങ്ങേയ്ക്കിന്ന് എഴുപത്തൊൻപതു നടപ്പാണ്. ഈ പ്രായത്തിൽ എഴുപത്തഞ്ചു വർഷങ്ങൾക്കപ്പുറത്തേക്കൊന്നു തിരിഞ്ഞു നോക്കി അമ്മയുമായി ബന്ധപ്പെട്ട ഒന്നു രണ്ടു സംഭവങ്ങൾ കണ്ടെടുക്കാമോ?

ഫാ. ഗബ്രിയേൽ : അമ്മയെക്കുറിച്ചോർക്കുമ്പോൾ എന്നും എന്റെ മനസ്സിന്റെ ചുവരിൽ പറ്റിനിൽക്കുന്ന ഒരു ചിത്രമുണ്ട്. വീടിന്റെ പിൻവശത്ത്, തൊടിയിൽ അമ്മയുടെ ഞൊറിയിൽ പിടിച്ചുകൊണ്ടു നിൽക്കുന്ന ഒരു കുട്ടിയുടെ ചിത്രം. ആ കുട്ടി ഞാനാണ്. മറ്റൊരു ചിത്രം: അമ്മയുടെ കൂടെ അരണാട്ടുകര പെരുന്നാളിനു പോയ ഓർമ്മ. പെരുന്നാളിന്റെ തിരക്കിൽ ഞാൻ കൂട്ടംതെറ്റി. വഴിയിൽ അലഞ്ഞുതിരിഞ്ഞ എന്നോട് ആരോ ഒരാൾ ചോദിച്ചു. എവിടത്തെയാണ്. പുത്തൻപുരയ്ക്കലെ എന്നു ഞാൻ മറുപടി പറഞ്ഞു. അയാളെന്നെ അവിടെ പിടിച്ചു നിർത്തി. പിന്നെ വീട്ടുകാരെ അന്വേഷിച്ചു കണ്ടെത്തി. കൂട്ടത്തിലാക്കി. മറ്റൊരോർമ്മയും കുട്ടിക്കാലത്തെക്കുറിച്ച് എന്നിൽ ബാക്കിയില്ല.

ഡോ. ശങ്കുണ്ണി : അമ്മ മരിച്ചതിനുശേഷം അപ്പൻ വീണ്ടും വിവാഹം കഴിച്ചോ?

ഫാ. ഗബ്രിയേൽ : ഉവ്വ്. അമ്മ മരിച്ച് ഒരു വർഷം കഴിഞ്ഞപ്പോൾ അപ്പൻ വിവാഹം കഴിച്ചു. വലപ്പാട് താടിക്കാരൻ ചാക്കുവിന്റെ മകൾ കുഞ്ഞാളിച്ചിയായിരുന്നു എന്റെ രണ്ടാനമ്മ.

ഡോ. ശങ്കുണ്ണി: ആ അമ്മയെ–

ഫാ. ഗബ്രിയേൽ: അമ്മ എന്നുതന്നെ ഞാൻ വിളിച്ചു. അമ്മ പെരുമാറിയിരുന്നതും അങ്ങനെയായിരുന്നു. എന്നാൽ, പെറ്റമ്മയുടെ വാത്സല്യവും സ്നേഹോഷ്മാവും മുഴുവനായും അവരിൽനിന്നും കിട്ടിയെന്നു പറയുക വയ്യാ. അതുസാധ്യവുമല്ലല്ലോ. സ്വന്തം അമ്മമാർ ചെയ്യാറുള്ളതുപോലെ എന്നെ ശിക്ഷിക്കുകയോ ശാസിക്കുകയോ ചെയ്ത ഒരോർമ്മ എനിക്കില്ല. എന്നെ സ്വൈരമായിവിടുകയായിരുന്നു. എനിക്ക് എട്ടോ ഒൻപതോ വയസ്സുള്ള കാലത്തെ ഒരോർമ്മയുണ്ട്. അവരുടെ മകനായ എന്റെ അനിയനെ ഞാൻ എന്തോ കാരണത്താൽ ഈർക്കിൽകൊണ്ട് അടിച്ചു. എന്നോട് അമ്മ ഒന്നും പറഞ്ഞില്ല. പക്ഷേ, അപ്പനോട് അതിനെക്കുറിച്ച് ആവലാതിപ്പെട്ടു. അപ്പനെന്നെ ശാസിച്ചു. അതിനുശേഷം ഞാനെന്റെ അനിയൻമാരെ ഒന്നിനും ശാസിക്കാൻ പോയില്ല. അവരെ ഞാൻ സ്വൈരമായി വിട്ടു. അനുഭാവം കാണിക്കാത്തവരെ അവരുടെ പാട്ടിനു വിടുക എന്ന രീതി അന്നേ എന്റെ സ്വഭാവത്തിലുണ്ട്.

ഡോ. ശങ്കുണ്ണി: ഇന്നും അതു സ്വഭാവത്തിലുണ്ടോ?

ഫാ. ഗബ്രിയേൽ: ഉവ്വ്, അതെന്റെ സ്വഭാവത്തിന്റെ ഭാഗമാണ്.

ഡോ. ശങ്കുണ്ണി: അപ്പനെക്കുറിച്ച്–

ഫാ. ഗബ്രിയേൽ: അപ്പനെക്കുറിച്ച് എനിക്കെന്നും ബഹുമാനത്തോടുകൂടിയേ ഓർക്കാനാവൂ. മതാനുഷ്ഠാനങ്ങളിലും സാമൂഹിക–പരോപകാരരംഗങ്ങളിലും അപ്പൻ മാതൃകയായിരുന്നു. തികഞ്ഞ അച്ചടക്ക പ്രകൃതക്കാരനായതുകൊണ്ടു പെരുമാറ്റത്തിൽ ഏറെ കാർക്കശ്യം അനുഭവപ്പെട്ടിരുന്നു. എന്നോർക്കാം. എന്നിരുന്നാലും മക്കളുടെ വളർച്ചയ്ക്ക് ആവശ്യമായ വിദ്യാഭ്യാസം, ഭക്ഷണം, വസ്ത്രം എന്നീ എല്ലാ കാര്യങ്ങളും തികഞ്ഞ ശുഷ്കാന്തിയോടെ നിറവേറ്റിത്തന്നിരുന്നു. മാതൃസ്നേഹത്തിന്റെ ഊഷ്മാവിന്റെ അഭാവത്തിൽ അപ്പന്റെ കാർക്കശ്യം കൂടിയായപ്പോൾ ജീവിതത്തിലെ മൃദുലവശങ്ങൾ എന്നിൽ വേണ്ടിടത്തോളം വികസിക്കാതെ പോയി എന്നെനിക്കു ചിലപ്പോൾ തോന്നാറുണ്ട്.

ഡോ. ശങ്കുണ്ണി: വിദ്യാഭ്യാസത്തെക്കുറിച്ചു വിവരിക്കാമോ?

ഫാ. ഗബ്രിയേൽ: നാലാം വയസ്സിൽതന്നെ സ്ഥലത്തുള്ള സർക്കാർ സ്കൂളിൽ പ്രീപ്രൈമറി ക്ലാസ്സിൽ എന്നെ ചേർത്തു. പഠനം ഉദ്ദേശിച്ചല്ല. സ്കൂളുമായി ഒന്നു പരിചയപ്പെടാൻ മാത്രം. പഠിപ്പിൽ ഞാനത്ര മിടുക്കനായിരുന്നില്ല. എന്നിരുന്നാലും നാലാം

ക്ലാസ്സിൽ സ്കോൾഷിപ്പു പരീക്ഷക്കു സ്കൂളിൽ നിന്നും നിയോഗിക്കപ്പെട്ട നാലു പേരിൽ ഒരാൾ ഞാനായിരുന്നു. ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി കണ്ടശ്ശാംകടവിലെ സർക്കാർ സ്കൂളിലേയ്ക്കാണു പോയത്. ഉദ്ദേശം രണ്ടു നാഴിക നടക്കണമായിരുന്നു. മലയാളം മാധ്യമത്തിൽനിന്ന് ഇംഗ്ലീഷ് മാധ്യമത്തിലേയ്ക്കുള്ള മാറ്റത്തിന്റെ ഫലമായും പുതിയ സ്കൂളും പുതിയ അധ്യാപകരും പരിചയമില്ലാത്ത പരിസരവും മനസ്സിനു നൽകിയ പകപ്പിന്റെ ഫലമായും എട്ടാം ക്ലാസ്സിലെ പഠനം ഒരു പ്രതിസന്ധിയിലായി.

ഡോ. ശങ്കുണ്ണി: ഒന്നു ചോദിച്ചോട്ടെ അന്നെങ്ങാനും ഒരു വൈദീകനായിത്തീരണം എന്നു സങ്കല്പിച്ചിരുന്നോ?

ഫാ. ഗബ്രിയേൽ: സങ്കല്പിച്ചിരുന്നോ എന്നു തീർത്തു പറയാനാവില്ല. പക്ഷേ അക്കാലത്ത് എന്നിൽ ഒരു മനഃപരിവർത്തനം നടന്നു എന്നതോർമ്മയുണ്ട്. ആ പരിവർത്തനം സന്യാസവൈദീക ജീവിതത്തിലേക്കുള്ള പ്രചോദനമായി പരിണമിച്ചു എന്നും ഓർക്കാനാവുന്നുണ്ട്. അതിന്റെ വെളിച്ചത്തിൽ, ഞാൻ തന്നെ നേരിട്ടു എന്റെ അമ്മയുടെ ഇളയപ്പനായ ഫാ. പീറ്റർ സി.എം.ഐ യെ അക്കാര്യം അറിയിച്ചു. ഫാ. പീറ്റർ വേണ്ടതായ ഒത്താശകൾ ചെയ്തു തന്നു. ഇതിനു മുമ്പു തന്നെ എന്റെ മൂത്ത സഹോദരി താണ്ടമ്മയെ സി.എം.സി സഭയിൽ ചേരാൻ അനുവദിച്ച വീട്ടുകാർക്കു ഞാൻ സി.എം.ഐ സഭയിൽ ചേരുന്നതിൽ സന്തോഷമേ ഉണ്ടായിരുന്നുള്ളൂ. അടുത്ത അധ്യയനവർഷം ഒമ്പതാം ക്ലാസ്സിൽ പാവറട്ടിയിലെ സെന്റ് ജോസഫ്സ് ഹൈസ്കൂളിൽ യോഗാർത്ഥിയായി ഞാൻ ചേർന്നു. അവിടെ ചെന്നതിനുശേഷമാണ് എങ്ങനെയാണ് ചിട്ടയായി അധ്യയനം നടത്തുക എന്നു ഞാൻ മനസ്സിലാക്കിയത്. ഇതിന്റെ ഫലമായി എസ്.എസ്.എൽ.സി ആദ്യത്തെ ചാൻസിൽതന്നെ സാമാന്യം നല്ല മാർക്കോടെ ജയിക്കാൻ സാധിച്ചു.

ഡോ. ശങ്കുണ്ണി: ആദ്യത്തെ ചാൻസിൽതന്നെ എന്ന് എടുത്തു പറയാൻ –?

ഫാ. ഗബ്രിയേൽ: അവിടത്തെ ചിട്ട അക്ഷരംപ്രതി അനുസരിച്ചില്ലായിരുന്നുവെങ്കിൽ ഞാൻ എസ്.എസ്.എൽ.സി ക്കു തോൽക്കുമായിരുന്നു. കാരണം, ഫോർത്തു ഫോമിൽ വെച്ച് ആൽജീബ്രയിൽ എനിക്കു നല്ലൊരു അടിസ്ഥാനം കിട്ടിയില്ല അതെന്റെ മാത്തമാറ്റിക്സ് പഠനത്തെ തകരാറിലാക്കി. പാവറട്ടിയിലെ ചിട്ടയായ അധ്യയനമാണ് ആ തകരാറു തെല്ലെങ്കിലും ദൂരീകരിച്ചത്. അതുകൊണ്ടാണ് ആദ്യത്തെ ചാൻസിൽ തന്നെ ജയിക്കാൻ സാധിച്ചുവെന്ന് എടുത്തു പറഞ്ഞത്. ഈ ജയം എന്റെ ഭാവി പഠനങ്ങൾക്കും പുരോഗതിക്കും വളർച്ചയ്ക്കും ഒരു ചവിട്ടു കല്ലായി പരിണമിച്ചു. അടുത്തവർഷം അമ്പഴക്കാട്ടുള്ള നവസന്യാസ ഭവനത്തിലേയ്ക്കു പോവാനുള്ള ഒരുക്കമായി. ലോകമഹായുദ്ധത്തിന്റെ കെടുതി ആഗോള

മായി സാമ്പത്തിക തകർച്ചയ്ക്കു വഴിയൊരുക്കിയ കാലഘട്ടമായിരുന്നു അത്. കാർഷികോല്പന്നങ്ങളുടെ വിലയിടിവു കാരണം പേട്രിമണിയായി നൽകേണ്ട വലിയ സംഖ്യ സമാഹരിക്കാൻ അപ്പനു പ്രയാസമുണ്ടായിരുന്നു. പരേതനായ ബഹു. സറാഫിം ചിരോതയുടെയും മറ്റും സൗമനസ്യംകൊണ്ട് ഇതിൽ പകുതി ഇളവു പാവറട്ടി ആശ്രമത്തിൽ നിന്നു ചെയ്തു തന്നു.

ഡോ. ശങ്കുണ്ണി: അക്കാലത്തെക്കുറിച്ചുള്ള പ്രത്യേകമായ എന്തെങ്കിലും ഓർമ–

ഫാ. ഗബ്രിയേൽ: 1932ലാണ് എന്നോർക്കുന്നു. ആഗസ്റ്റിൽ ഞാൻ അമ്പഴക്കാട്ട് നവസന്യാസഭവനത്തിൽ പ്രവേശിച്ചു. അന്നത്തെ ഗുരുഭൂതൻ ഫാ. സിൽവെസ്റ്റർ തട്ടിൽ ആയിരുന്നു. രണ്ടുമാസം കഴിയുന്നതിനുമുമ്പ് അദ്ദേഹം ജനറാളായി തിരഞ്ഞെടുക്കപ്പെടുകയും പകരം ബഹു. ബർത്തലോമിയോ പെരിമാലിൽ നവസന്യാസഗുരുവായി നിയമിതനാവുകയും ചെയ്തു. ഇദ്ദേഹം ചങ്ങനാശ്ശേരിയിലുള്ള വൈദീകവിദ്യാർത്ഥികളുടെ ഗുരുഭൂതനായി ചിരകാലം സേവനമനുഷ്ഠിച്ചു. പക്വതയും പരിചയവും വന്ന ഒരാദ്ധ്യമിക ഗുരവര്യനായിരുന്നു. രണ്ടുവർഷക്കാലം ഞാൻ അദ്ദേഹത്തിന്റെ ശിക്ഷണത്തിൽ കഴിഞ്ഞു. ഈ നവസന്യാസ പരിശീലനകാലം എന്റെ ജീവിതത്തിൽ ഒരു പുതിയ പ്രബുദ്ധതയും അദ്ധ്യാത്മിക ദർശനവും ഉളവാക്കിയെന്നു പറയാം. എന്റെ വൈദീക സന്യാസ ജീവിതത്തിലെ നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു അത്. പുണ്യ ശ്ലോകനായ ബഹുമാനപ്പെട്ട ബർത്ത്ലോമിയോ അച്ചന്റെ അദ്ധ്യാത്മിക സ്വാധീനമായിരുന്നു ഇതിന്റെ പിന്നിൽ പ്രവർത്തിച്ച പ്രധാന ശക്തി.

ഡോ. ശങ്കുണ്ണി: ഈ സ്വാധീനമാണോ അങ്ങയുടെ ജീവിതത്തിലെ ഊർജ്ജ്വസ്വലതയ്ക്കും ആദ്ധ്യാത്മികതയ്ക്കും അടിസ്ഥാനമായി വന്നത്?

ഫാ. ഗബ്രിയേൽ: എന്റെ ജീവിതത്തിൽ ജനോപകാരപ്രദങ്ങളായ പല പ്രസ്ഥാനങ്ങളും വെല്ലുവിളികളും ഏറ്റെടുക്കാൻ ദൈവാനുഗ്രഹത്താൽ സാധിച്ചിട്ടുണ്ട്. നവസന്യാസപരിശീലകാലത്തു ലഭിച്ച അടിസ്ഥാനംതന്നെയായിരിക്കണം എന്റെ പുതിയ സമീപനത്തിനും അതിന്റെ വിജയത്തിനും കാരണം.

ഡോ. ശങ്കുണ്ണി: നവസന്യാസ പരിശീലനത്തിനു ശേഷം?

ഫാ. ഗബ്രിയേൽ: അമ്പഴക്കാട്ടെ രണ്ടുവർഷത്തെ പരിശീലനത്തിനുശേഷം കൂനംമ്മാവിലെ പഠനഗൃഹത്തിലേയ്ക്കു പോയി – ഭാഷാപഠനത്തിന്. 1935ലാണത്. രണ്ടു വർഷം നീണ്ടുനിന്ന ഈ കാലഘട്ടത്തിൽ ലത്തീൻ, സുറിയാനി എന്നീ ഭാഷകളിലും അലങ്കാര ശാസ്ത്രത്തിലും സാമാന്യം നല്ല അവഗാഹമുണ്ടായി എന്നു പറയാം. അന്നൊക്കെ വിശേഷാവസരങ്ങളിൽ നടത്തുന്ന പ്രഭാഷണങ്ങളിലും മംഗളപത്രരചനയിലും ലത്തീൻ സുറിയാനി ഭാഷകൾ ഒരുപോലെ നന്നായി കൈകാര്യം

ചെയ്യാവുന്ന ഒരു വിദഗ്ദനായി വളരാൻ കഴിഞ്ഞുവെ ന്ന കാര്യം വിനയപൂർവ്വം ഞാൻ ഓർക്കുന്നുണ്ട്.

ഡോ. ശങ്കുണ്ണി: പഠനത്തിനു സ്വന്തമായി ഏതെങ്കിലും രീതി അങ്ങു സ്വന്തമാക്കിയിരുന്നോ?

ഫാ. ഗബ്രിയേൽ: രീതി എന്നതിനേക്കാൾ എന്റെ സ്വഭാവം എന്നു പറയുന്നതല്ലേ കൂടുതൽ ശരി എന്നെനിക്കു തോന്നുന്നു. പഠനത്തിന്റെ പ്രാരംഭനാളുകളിൽ – ഭാഷയാവട്ടെ, മറ്റെന്തു വിഷയവുമാകട്ടെ – മിക്കപ്പോഴും എനിക്കുമുന്നിട്ടു നിൽക്കാനാവാറില്ല. പഠനം പുരോഗമിക്കുന്തോറും വിഷയത്തിന്റെ വിശാലത സമഗ്രമായി എനിക്കു ദർശിക്കാനാവുന്നു. അപ്പോൾ മാത്രമാണ് എനിക്ക് മുന്നേറാനാവുക.

ഡോ. ശങ്കുണ്ണി: ഭാഷാ പഠനത്തിനുശേഷം എവിടെയാണ് പഠനം തുടർന്നത്.

ഫാ. ഗബ്രിയേൽ: മുത്തോലിയിലെ തത്വശാസ്ത്രപഠനഗൃഹത്തിൽ. 1937ൽ ഞാനവിടെ ചെന്നു. ഇവിടെ അല്പമൊന്നു വിസ്തരിക്കാനുണ്ട്. വൈദീകപഠനത്തിന്റെ ഒരു പ്രധാന ഘടകമാണ് തത്വശാസ്ത്ര വിജ്ഞാനം. വേദശാസ്ത്രം വേണ്ടരീതിയിൽ പഠിക്കുന്നതിനു തത്വശാസ്ത്രത്തിന്റെ പിൻബലം കൂടിയേ തീരൂ. അതുകൊണ്ടാണ് എല്ലാ ഉന്നത വിദ്യാപീഠങ്ങളിലും തത്വശാസ്ത്രം പഠിപ്പിക്കുന്നത്. തത്വശാസ്ത്രം പഠിക്കുന്നതോടെ വിജ്ഞാനത്തിന്റെ വിശാല ലോകത്തേക്കു നാം കടന്നുചെല്ലുന്നു. അരിസ്റ്റോട്ടിൽ, പ്ലേറ്റോ, ഡക്കാർത്തസ്, ക്യാന്റ് എന്നീ ധിഷണശാലികൾ വിവരിച്ച വിജ്ഞാനത്തിന്റെ ഉന്നത മേഖലകളിലേയ്ക്കു ചെല്ലുന്നതിന്റെ ഫലമായി വീക്ഷണം വിശാലമാവുന്നു. ആത്മധൈര്യം സ്വന്തമാവുന്നു. അറിവിന്റെ അപാരത നമുക്കനുഭവപ്പെടുകയാണ്. രണ്ടു കൊല്ലം തത്വശാസ്ത്രപഠനകാലത്തും പിന്നീടുള്ള മൂന്നരകൊല്ലം വേദശാസ്ത്ര പഠനകാലത്തും പ്രാചീനവും ആധുനികവുമായ എല്ലാ ഗ്രന്ഥങ്ങളും ശേഖരിച്ച ലൈബ്രറിയുടെ ചുമതല എനിക്കു വഹിക്കേണ്ടിവന്നിരുന്നു. അക്കാലത്തു ലോകക്ലാസിക്കുകളടക്കം കൈയെത്തിക്കാവുന്ന മിക്കവാറും എല്ലാ ഗ്രന്ഥങ്ങളിലൂടെയും എനിക്കു കടന്നുപോവാനായി! അവയിലൊളിഞ്ഞിരിക്കുന്ന വിജ്ഞാനങ്ങളുമായി സമ്പർക്കം വെയ്ക്കാനയി. ഈ അനുഭവം എന്റെ ബൗദ്ധിക വളർച്ചയുടെ വഴിയിലെ എണ്ണപ്പെട്ട നാഴികകല്ലായി. തത്വശാസ്ത്രപഠനകാലത്തുതന്നെ വ്രതവാഗ്ദാനത്തിലൂടെ നിത്യമായി ദൈവസേവനത്തിനായി ഞാനെന്നെ സ്വയം സമർപ്പിച്ചു; വൈദീക ശുശ്രൂഷയിലെ ആദ്യഘട്ടത്തിലേയ്ക്കു കാലെടുത്തുവെച്ചു.

ഡോ. ശങ്കുണ്ണി: വേദശാസ്ത്രപഠനം എവിടെയായിരുന്നു?

ഫാ. ഗബ്രിയേൽ: ചെത്തിപ്പുഴ തിരുഹൃദയ പഠനഗൃഹത്തിൽ 1939ൽ ചങ്ങനാശ്ശേരിക്കടുത്തുള്ള ചെത്തിപ്പുഴയിൽ ഞാനെത്തി. വൈദശാസ്ത്ര പാരാവാരപരംഗതനെന്നു

വാഴ്ത്തപ്പെടുന്ന ഡോ. പ്ലാസിഡ് പൊടിപാറയിൽ ആയിരുന്നു പ്രധാന പ്രൊഫസർ. അദ്ദേഹത്തിന്റെ അതിരില്ലാത്ത പാണ്ഡിത്യത്തിന്റെ മടിത്തട്ടിലിരുന്നാണ് ഞാൻ വേദശാസ്ത്രത്തിന്റെ പൊരുൾ ഹൃദിസ്ഥമാക്കിയത്. തന്റെ വിദ്യാർത്ഥികളിൽ അപാരം സ്വാധീനം ചെലുത്താൻ പോരുന്നതായിരുന്നു ആ മഹാപണ്ഡിതന്റെ ധിഷണാവൈഭവം. അന്നന്നെടുക്കുന്ന പാഠങ്ങൾ പിറ്റേന്നുതന്നെ പഠിച്ചുകൊണ്ടു വന്നു തത്തമ്മേ പൂച്ച പൂച്ച എന്നുരുവിടിക്കുന്ന പഠന സമ്പ്രദായത്തിന്റെ പിറകെ പോവാതെ വിഷയത്തിന്റെ വിശാലതയിൽ നിർബാധം മേഞ്ഞു നടക്കാൻ അധ്യേതാക്കൾക്കു പരമാവധി അക്കാദമീയ സ്വാതന്ത്ര്യം നൽകുക എന്നതായിരുന്നു അദ്ദേഹത്തിന്റെ അദ്ധ്യാപന ശൈലി. ഈ പഠനശൈലി എന്റെ പഠന രീതിക്ക് ഏറെ പ്രയോജനം ചെയ്തു. അന്നന്നു എടുക്കുന്ന വിഷയം അന്നന്നു പഠിച്ചുറപ്പിക്കുക എന്റെ പഠനരീതിയായിരുന്നില്ല. മുമ്പു സൂചിപ്പിച്ചപോലെ വിഷയം മൊത്തം കണ്ടാലെ എനിക്കു പഠിച്ചു കേറാനാവൂ. ഡോ. പ്ലാഡിസിന്റെ അദ്ധ്യപന രീതിയും ആ വഴിക്കായിരുന്നല്ലോ. ആ രീതിയിൽ എനിക്ക് എന്റെ കഴിവു മുഴുവനായും പ്രദർശിപ്പിക്കാനായി. ആത്മപ്രശംസയായി കണക്കാക്കുകയില്ലെങ്കിൽ പറയാം: വേദശാസ്ത്രത്തിലും കാനോൻ നിയമത്തിലും 95 ശതമാനത്തിൽ കുറഞ്ഞമാർക്ക് അന്നൊന്നും കിട്ടിയിരുന്നതായി ഞാൻ ഓർക്കുന്നില്ല. സുദീർഘമായ വൈദീക ശാസ്ത്ര പഠനം പൂർത്തിയാക്കി 1942 മെയ് 30നു ചങ്ങനാശ്ശേരി രൂപതാദ്ധ്യക്ഷൻ റൈറ്റ്. റവ. മോൺ. ജെയിംസ് കളാശ്ശേരിയിൽനിന്നു ഞാൻ വൈദീകപട്ടം സ്വീകരിച്ചു. അങ്ങനെ സന്യാസ വൈദീകപഠനത്തിന്റെ സമാപനംകുറിച്ചുകൊണ്ടു ദൈവത്തേയും മനുഷ്യരേയും സേവിക്കാൻവേണ്ടി ആ വൈദീക ശ്രേഷ്ഠൻ എന്നെ സമൂഹമധ്യത്തിലേയ്ക്കു നിയോഗിച്ചയച്ചു.

ഡോ. ശങ്കുണ്ണി: പരിശീലനം കഴിഞ്ഞു കർമരംഗത്തേക്കു പ്രവേശിക്കുകയായിരുന്നു അല്ലേ?

ഫാ. ഗബ്രിയേൽ: യേശു തന്റെ ശിഷ്യന്മാരെ നിയോഗിച്ചതുപോലെ ജനങ്ങളെ സുവിശേഷമറിയിക്കാനും പഠിപ്പിക്കാനും വിശുദ്ധീകരിക്കാനുമാണ് ഒരു വേദീകൻ നിയുക്തനാകുന്നത്. ഈ ദൗത്യം സ്വീകരിച്ചുകൊണ്ട് എന്റെ ആദ്യത്തെ കർമ്മരംഗം ചമ്പക്കുളത്തുള്ള ചെറിയ ആശ്രമവും അവിടുത്തെ അപ്പർപ്രൈമറി സ്കൂളുമായിരുന്നു. അദ്ധ്യാപനത്തിനുപുറമെ സ്കൂളിലെ ഭരണകാര്യങ്ങളും ഞാൻതന്നെയാണ് നിർവ്വഹിച്ചിരുന്നത്. വൈദീകവൃത്തിക്കുള്ള ധാരാളം ആവശ്യങ്ങളും അവിടെ നിർവ്വഹിക്കാനുണ്ടായിരുന്നു.

ഡോ. ശങ്കുണ്ണി: സേവനത്തിന്റെ ഈ കർമ്മരംഗത്തേയ്ക്കിറങ്ങുമ്പോൾ സ്വന്തമായി എന്തെങ്കിലും പദ്ധതി മനസ്സിൽ കരുപ്പിടിപ്പിച്ചിരുന്നോ?

ഫാ. ഗബ്രിയേൽ: പ്രത്യേകമായൊരുപദ്ധതി എന്നൊന്നും പറയാനാവുമായിരുന്നില്ലെങ്കിലും ഭാവി പ്രവർത്തനമണ്ഡലത്തെക്കുറിച്ച് ഒരു അവബോധം സ്വരൂപിച്ചിരുന്നു. അതിൽ അദ്ധ്യാപനത്തിനു മുൻഗണന കിട്ടിയിരുന്നില്ല എന്നോർക്കുന്നു.

ഡോ. ശങ്കുണ്ണി: അതുവ്വോ? അദ്ധ്യാപനത്തിനു മുൻഗണന കാണിക്കാതിരിക്കാൻ എന്താ കാരണം?

ഫാ. ഗബ്രിയേൽ: അദ്ധ്യാപനത്തിൽ വ്യാപൃതനായാൽ ജോലിത്തിരക്കുമൂലം സ്വതന്ത്രമായി ചിന്തിക്കാനോ പ്രാർത്ഥിക്കാനോ വേണ്ടിടത്തോളം സാവകാശമുണ്ടാവില്ല എന്നൊരു ഭയം ഉള്ളിൽ കടന്നുകൂടിയിരുന്നു.

ഡോ. ശങ്കുണ്ണി: ആ ഭയം അസ്ഥാനത്തായില്ലേ?

ഫാ. ഗബ്രിയേൽ: നമ്മൾ ഗണിച്ചെടുക്കുംപോലെയല്ലല്ലോ എല്ലാം നടക്കുക. സാഹചര്യത്തിന്റെ പ്രേരണയ്ക്കു വശംവതനാകേണ്ടിവന്നു. മേലധികാരികളുടെ നിർദ്ദേശമനുസരിച്ച് ഉന്നതവിദ്യാഭ്യാസത്തിനു പോവുകയും അദ്ധ്യാപനരംഗത്തേക്കു വിണ്ടും കടന്നുവരികയും ചെയ്തു. ദൈവേച്ഛയാൽ ആർജവവും ആത്മാർത്ഥതയുമുള്ള ഒരു നല്ല അദ്ധ്യാപകനാവാൻ എനിക്കു കഴിഞ്ഞു. വിദ്യാർത്ഥികളുടെ മനസ്സിൽ വളരാനും അവരെ ലക്ഷ്യബോധമുള്ളവരാക്കി വളർത്താനും എനിക്കു സാധിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: അദ്ധ്യാപനജീവിതം പിന്നീടു തുടർന്നതെവിടെയാണ്.

ഫാ. ഗബ്രിയേൽ: മാന്നാനത്തുള്ള യോഗാർത്ഥികളെ ലത്തീൻ, സുറിയാനി ഭാഷകൾ പഠിപ്പിക്കുന്നതിനായിട്ടാണ് ഞാൻ പിന്നീടു നിയോഗിക്കപ്പെടുന്നത്. സന്തോഷത്തോടെ ആ നിയോഗം ഞാൻ സ്വീകരിച്ചു. ശാന്തശീലരും അനുസരണയുള്ളവരുമായ വൈദീകവിദ്യാർത്ഥികളാവുമ്പോൾ അദ്ധ്യാപനം വളരെ സുഗമവും രസാവഹകവുമാവും എന്നതായിരുന്നു പ്രതീക്ഷ. പക്ഷേ അനുഭവം മറിച്ചായി.

ഡോ. ശങ്കുണ്ണി: എന്നു വെച്ചാൽ?

ഫാ. ഗബ്രിയേൽ: അദ്ധ്യാപകന്റെ വികാരത്തോടു വേണ്ടുംവണ്ണം പ്രതികരിക്കാൻ കഴിയാത്ത ഒരു വിദ്യാർത്ഥി സമൂഹത്തെയാണ് ഞാൻ നേരിൽ കണ്ടത്. അല്ലെങ്കിൽ അങ്ങനെയാണ് എനിക്കനുഭവപ്പെട്ടത്. ഈ സാഹചര്യത്തിലാണ് ഉന്നതവിദ്യാഭ്യാസത്തിനു പോവാൻ വീണ്ടും നിർദ്ദേശം വന്നപ്പോൾ ഞാനതു നിരസിക്കാതിരുന്നത്. ഒരു തീരു മാനത്തിലെത്തും മുമ്പേ ഫാ.ലാസർ ചിരിയൻകണ്ടത്തിന്റെ ഉപദേശവും ഞാൻ തേടി. അങ്ങനെ ഞാൻ ചങ്ങനാശ്ശേരി സെന്റ് ബർക്മെന്റ്സ് കോളേജിൽ ഇന്റർമീഡിയറ്റിനു ചേർന്നു. 1944 ജൂണിലാണത്. അന്നു കേരളത്തിലുള്ള ഏറ്റവും നല്ല കോളേജുകളിൽ ഒന്നായിരുന്നു സെന്റ് ബർക്മെന്റ്സ്. പ്രൊഫസർ

ഷെപ്പേർഡ്, പ്രൊഫസർ എം.പി.പോൾ, പ്രൊഫസർ ശതഗോപൻ തുടങ്ങിയ പ്രശസ്തരും പ്രഗല്ഭരുമായ ആചാര്യശ്രേഷ്ഠർ എസ്.ബി. കോളേജിന്റെ അദ്ധ്യാപക ശ്രേണിയിൽ തിളക്കം പൂണ്ടുനിൽക്കുന്ന കാലമായിരുന്നു. ഹൈസ്ക്കൂളിൽ എന്റെ ഐച്ഛികവിഷയം രസതന്ത്രമായിരുന്നതുകൊണ്ട് ഇവിടേയും ശാസ്ത്രവിഷയങ്ങൾ പഠിക്കാനാണ് ഞാൻ താല്പര്യപ്പെട്ടത്. മുമ്പു സൂചിപ്പിച്ചതുപോലെ ഹൈസ്കൂളിൽ വെച്ച് ആൾജിബ്രയിൽ നല്ല അടിസ്ഥാനം കിട്ടാത്തതുമൂലം ആൾജിബ്രയുടെ ഉപയോഗം വേണ്ടിവരുന്ന ശാസ്ത്ര വിഭാഗത്തോടു പൊതുവേ എനിക്കു പേടിയായിരുന്നു. എന്നിരിക്കിലും ഇന്റർമീഡിയറ്റു പരീക്ഷയിൽ കോളേജിൽ നിന്ന് ഒന്നാമനായി പുറത്തിറങ്ങാൻ എനിക്കു ഭാഗ്യമുണ്ടായി; സർവ്വകലാശാലയിൽ രണ്ടാം റാങ്കു നേടാനും.

ഡോ. ശങ്കുണ്ണി: തുടർന്ന് എവിടെയാണ് പഠിച്ചത്?

ഫാ. ഗബ്രിയേൽ: മദിരാശിയിലെ പ്രസിദ്ധമായ പ്രസിഡൻസിയിൽ.

ഡോ. ശങ്കുണ്ണി: ഏതു കോഴ്സായിരുന്നു?

ഫാ. ഗബ്രിയേൽ: സുവോളജിയിൽ ഓണേഴ്സ്. ഇവിടെ ഒരു കാര്യം വ്യക്തമാക്കാം. 1943–44 കാലഘട്ടങ്ങളിൽ നേരിട്ട് ഓണേഴ്സ് കോഴ്സിനു ചേർന്ന ഏതാനും സഭാംഗങ്ങൾ പരാജയപ്പെട്ടു. അതിന്റെ വെളിച്ചത്തിൽ, ആരേയും ഇനി ഓണേഴ്സ് കോഴ്സിനു വിടേണ്ടതില്ലെന്നും ഡിഗ്രി കഴിഞ്ഞു പോസ്റ്റു ഗ്രാജുവേഷനു വിട്ടാൽ മതിയെന്നുമായിരുന്നു സഭാധികാരികളുടെ നിലപാട്.

ഡോ. ശങ്കുണ്ണി: എന്നിട്ട്?

ഫാ. ഗബ്രിയേൽ: ഇന്റർമീഡിയറ്റിനു റാങ്കോടുകൂടി ഞാൻ പാസ്സായി വന്നപ്പോൾ അധികാരികൾ മുൻനിലപാടു മാറ്റി; എന്നെ നേരിട്ട് ഓണേഴ്സ് കോഴ്സിനു വിടാൻ തീരുമാനമായി. 1946ലാണിത്. തേവര കോളേജ് തുടങ്ങിയിട്ട് ഒന്നോ രണ്ടോ വർഷമേ ആയിരുന്നുള്ളൂ. വൈദീകരായ അദ്ധ്യാപകരെ കിട്ടാൻ തേവരയ്ക്കു താല്പര്യമുണ്ടായിരുന്നു. തേവര കോളേജ് അധികൃതരായ ഫാ. സെയിൽസും, ഫാ. ഹെഡ്റിയനും എന്റെ കോളേജ് പ്രവേശനത്തിനു മുൻകയ്യെടുത്തു. പ്രസിഡൻസി കോളേജിൽ ഒരു സീറ്റ് എന്നത് ആലിപ്പഴം കിട്ടുന്നതുപോലെയാണ്. പ്രസിഡൻസിയിലെ വിദ്യാർത്ഥിയെന്നാൽ ഒരു പ്രത്യേക തലയെടുപ്പ് അവകാശപ്പെടാമായിരുന്നു.

ഡോ. ശങ്കുണ്ണി: പ്രിൻസസ് ഓഫ് പ്രസിഡൻസി എന്നല്ലേ അവർക്ക് ഓമനപ്പേര്?

ഫാ. ഗബ്രിയേൽ: അങ്ങനെയുമുണ്ട്. ആ അളവിലുള്ള അഭിമാനത്തോടെത്തന്നെ ഞാൻ പ്രസിഡൻസിയിലെത്തി. അക്ഷരാർത്ഥത്തിൽ, എനിക്കവിടം ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമായി എന്നു പറയാം. പാണ്ഡിത്യം തികഞ്ഞ അദ്ധ്യാപകർ.

വിദ്യാർത്ഥികളെ സ്വതന്ത്രമായി വിടുന്ന കലാലയാന്തരീക്ഷം. വിദ്യാർത്ഥികളോടുള്ള മാന്യമായ പെരുമാറ്റം.  വലിയ സ്ഥാപനങ്ങളിലെത്തുമ്പോൾ അവ നമ്മെ ഗുണകരമായി സ്വാധീനിക്കുന്നു. ആ സ്വാധീനം നമ്മെ മറ്റൊന്നാക്കി മാറ്റുന്നു. നാം ഒന്നാകെ ഒരു പരിണാമത്തിനു വിധേയരായിത്തീരുന്നു.

ഡോ. ശങ്കുണ്ണി: അത്തരമൊരു പരിണാമം അങ്ങയിലും വന്നു ചേർന്നോ?

ഫാ. ഗബ്രിയേൽ: ഉവ്വ് എന്നു പറയാൻ എനിക്കഭിമാനമുണ്ട്. ആ അർത്ഥത്തിലാണ് എനിക്കവിടം ഒരു പുതിയ ആകാശവും പുതിയ ഭൂമിയുമായി എന്നു പറയാൻ കാരണം. എന്റെ നിലപാടിലും കാഴ്ചപ്പാടിലും  മാറ്റം വന്നു. കാർക്കശ്യത്തിൽ സ്നിഗ്ദ്ധത വന്നു. കണിശം പാലിക്കുമ്പോൾ തന്നെ വിഭിന്ന വീക്ഷണം ഉൾക്കൊള്ളാനും ഒരു പരിധി വരെ പഠിച്ചു.

ഡോ. ശങ്കുണ്ണി: ഈ പരിണാമത്തിനു മറ്റെന്തെങ്കിലും കാരണമുണ്ടായിരുന്നോ?

ഫാ. ഗബ്രിയേൽ: കാലാകാലങ്ങളിൽ ടെസ്റ്റുകൾ നടത്തുക, ക്ലാസ്സുമുറിയിൽ ചോദ്യങ്ങൾ ഉന്നയിക്കുക എന്നിങ്ങനെ പ്രചോദനം നൽകുന്ന സമ്പ്രദായം പ്രസിഡൻസിയിൽ ഇല്ലായിരുന്നു. മറ്റൊരു കാരണവും ചൂണ്ടിക്കാട്ടാം. പതിനെട്ടുകാരായ എന്റെ സഹപാഠികൾ ഓർമ്മശക്തിയിൽ മുപ്പതുകാരനായ എന്നെ കവച്ചുവെച്ചിരുന്നു. ഓണേഴ്സ് കോഴ്സ് കുറച്ചു ഭാരമുള്ളതാണെന്നു പൊതുവേ ഒരഭിപ്രായമുണ്ടായിരുന്നു. ആഭാരം വെല്ലുവിളിയായെടുക്കാൻ എന്നിൽ ഒരു മുഷ്ക് വളർന്നു. ആ വെല്ലുവിളി നിഷ്പ്രയാസം മറികടക്കാം എന്നൊരു തോന്നൽ എന്നിൽ വേരുറച്ചു. ആ വേരുറപ്പ് ആദ്യത്തേയും രണ്ടാമത്തേയും വർഷം എനിക്കു ബലം തന്നു. ക്ലാസിൽ ഏറ്റവും നല്ലവിദ്യാർത്ഥി എന്ന നിലയിൽ ക്യാഷ് അവാർഡ് ഞാൻ കരസ്ഥമാക്കി. മൂന്നാം വർഷം പക്ഷെ എനിക്കാ പെരുമ നിലനിർത്താനായില്ല. ചെറുപ്പക്കാരായ എന്റെ സഹപാഠികൾക്ക് എന്നേക്കാൾ ഓർമ്മശക്തിയുണ്ടായിരുന്നു. താരതമ്യപഠനത്തിലും വിമർശനവീക്ഷണത്തിലുമായിരുന്നു എനിക്കു താല്പര്യം. ഈ സാഹചര്യത്തിൽ  അവസാനവർഷപരീക്ഷയിൽ എനിക്കു കോളേജിൽ നിന്നും സെക്കന്റ് റാങ്കേ ലഭിച്ചുള്ളൂ.

ഡോ. ശങ്കുണ്ണി: പ്രസിഡൻസിയിലെ രീതിയെക്കുറിച്ച് അപ്പോൾ –

ഫാ. ഗബ്രിയേൽ: ഇല്ല. ബഹുമാനക്കുറവില്ല. അവിടത്തെ അദ്ധ്യാപകരെക്കുറിച്ചും അദ്ധ്യാപന രീതിയെക്കുറിച്ചും എനിക്കിന്നും അഭിമാനമാണ്. ഞാൻ മുമ്പു പറഞ്ഞതുപോലെ അതെന്റെ പല നിലപാടുകളേയും മാറ്റിമറിച്ചുകളഞ്ഞിരുന്നു. ഒരു പുതിയ അദ്ധ്യാപനരീതിയും സ്വാതന്ത്ര്യസംസ്കാരവും എന്നിൽ നട്ടുവളർത്തുകയും ചെയ്തിരുന്നു. അതിന്റെ വെളച്ചം മനസ്സിൽ സൂക്ഷിച്ചുകൊണ്ടാണ് പഠനം പൂർത്തിയാക്കി 1949–ൽ ഞാൻ തേവരയിലെത്തുന്നത്. അവിടെ ബോട്ടണി ഡിപ്പാർട്ടുമെന്റിന്റെ

തലവനായി. കൂട്ടത്തിൽ, പറയട്ടെ: ശാസ്ത്രത്തിൽ പോസ്റ്റുഗ്രാജുവേറ്റ് ബിരുദമെടുത്ത ആദ്യത്തെ സി.എം.ഐ.സഭാംഗമാണ് ഞാൻ.

ഡോ. ശങ്കുണ്ണി: അധ്യയനം തുടരണമെന്ന് ആശയുണ്ടായിരുന്നോ?

ഫാ. ഗബ്രിയേൽ: ഒരാശയുണ്ടായിരുന്നു. തുടർന്നു പഠിക്കാനല്ല. രണ്ടോ മൂന്നോ വർഷമെങ്കിലും ഗവേഷണം നടത്താൻ. ഗവേഷണവുമായി കുറെയെങ്കിലും പരിചയപ്പെട്ടിരുന്നാലേ ഒരു പൂർണ്ണ അധ്യാപകനാവാൻ കഴിയൂ എന്നാണെന്റെ വിശ്വാസം. അന്നും ഇന്നും. എന്റെ ഈ വിശ്വാസത്തിന്റെ പ്രസക്തിയും ആവശ്യവും മുഴുവനായും ഉൾക്കൊള്ളാൻ അന്നു സഭയിലെ അധികാരികൾക്കായില്ല.

ഡോ. ശങ്കുണ്ണി: ഇന്നിപ്പോൾ ആ നിലപാടു മാറിയിട്ടില്ലേ?

ഫാ. ഗബ്രിയേൽ: ഉവ്വുവ്വ്, ഇന്നിപ്പോൾ സഭയിൽ കുറഞ്ഞത് നൂറുപേരെങ്കിലും ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുത്തവരുണ്ട്.

ഡോ. ശങ്കുണ്ണി: ഗവേഷണത്തോടുള്ള ഒരാഭിമുഖ്യം അങ്ങയിൽ അന്തർലീനമായതുകൊണ്ടാണോ അങ്ങുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ - തേവരയിലും ക്രൈസ്റ്റിലും അമലയിലും - റിസർച്ച് സെന്ററുകൾ സ്ഥാപിതമായത്?

ഫാ. ഗബ്രിയേൽ: അതെ എന്നു പറയാം.

ഡോ. ശങ്കുണ്ണി: ഗവേഷണം നടത്താൻ അങ്ങേക്കു കഴിഞ്ഞില്ലെങ്കിൽ തന്നെ, അതുമൂലം അധ്യാപനത്തിൽ എന്തെങ്കിലും ന്യൂനത അനുഭവപ്പെട്ടിരുന്നോ?

ഫാ. ഗബ്രിയേൽ: സാങ്കേതികമായി പറഞ്ഞാൽ ഞാൻ ഗവേഷണം നടത്തിയിരുന്നില്ലെങ്കിലും എന്റെ അധ്യാപകജീവിതത്തിൽ ഗവേഷണോന്മുഖമായ സമീപനങ്ങളും അന്വേഷണങ്ങളും ഞാൻ തുടർന്നും നടത്തിയിരുന്നു.

ഡോ. ശങ്കുണ്ണി: അധ്യാപനവൃത്തിയിൽ അങ്ങേയ്ക്കും സംതൃപ്തിയാണോ ഉള്ളത്?

ഫാ. ഗബ്രിയേൽ: വിദ്യാഭ്യാസത്തിലൂടെ യുവാക്കളെ വളർത്തിക്കൊണ്ടുവരുന്നു എന്നർത്ഥത്തിൽ എനിക്കു പൂർണ സംതൃപ്തിയാണുള്ളത്. എന്നെ സംബന്ധിച്ചിടത്തോളം വിദ്യാഭ്യാസം ഒരു സ്വയംദാനമായിരുന്നു. ആ ദാനത്തിൽ തികച്ചും ഞാൻ സംതൃപ്തനുമാണ്. വിദ്യാർത്ഥികളെ സ്നേഹിക്കുകയെന്നത് എന്റെ പ്രകൃതമായി. ഇതു മനസ്സിലാക്കിയ വിദ്യാർത്ഥികൾ അളവറ്റ തോതിൽ എനിക്കു സ്നേഹവും ബഹുമാനവും നൽകി - സ്വതവേ കർക്കശ സ്വഭാവക്കാരനാണെങ്കിലും എന്റെ വിദ്യാർത്ഥികളുടെ മനസ്സിലാണ് ഞാൻ വളർന്നത്. ഇന്നും ഞാനവരുടെ മനസ്സിലുണ്ട്.

ഡോ. ശങ്കുണ്ണി: വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം എന്താവണം എന്നു പറയാമോ?

ഫാ. ഗബ്രിയേൽ: വിദ്യാർത്ഥികളുടെ സമ്പൂർണ്ണ വളർച്ച. ജന്തുശാസ്ത്രത്തിൽ അവഗാഹം വളർത്തുക എന്നുള്ള ലക്ഷ്യത്തേക്കാൾ ഉപരിയായി അവനെ വളർത്തി

ക്കൊണ്ടുവരിക. എല്ലാ തരത്തിലും – ശാരീരികമായി, വൈകാരികമായി, ബൗദ്ധിക മായി, ആദ്ധ്യാത്മികമായി..... ജീവിതത്തിൽ വിജയിക്കുന്ന ഉത്തമപൗരന്മാരായി അവരെ വളർത്തിയെടുക്കുക.

ഡോ. ശങ്കുണ്ണി: അങ്ങയുടെ എല്ലാ വിദ്യാർത്ഥികളിലും സമ്പൂർണ്ണ വളർച്ചയെത്തിക്കാൻ അങ്ങേയ്ക്കായിട്ടുണ്ടോ?

ഫാ. ഗബ്രിയേൽ: നൂറു ശതമാനവും എന്നവകാശപ്പെടുന്നില്ലെങ്കിലും ബഹുഭൂരിപ ക്ഷവും വിദ്യാർത്ഥികളെ ഈയളവിലേയ്ക്കു വളർത്തിയെടുക്കാനും ജീവിത വിജ യത്തിലെത്തിക്കാനും എനിക്കു സാധിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: ഏതു പഠിക്കാത്തവനും ഗബ്രിയേലച്ചന്റെ കയ്യിൽപെട്ടാൽ പരുവപ്പെടും എന്നാണ് കേൾവി.

ഫാ. ഗബ്രിയേൽ: അതു ശരിയാണ്. തേവര കോളേജിൽ അന്നു സെക്കന്റ് ഗ്രൂപ്പ് എടു ക്കുന്നതു പഠിക്കാൻ ഉദ്ദേശിച്ചു വരുന്ന കുട്ടികൾ മാത്രമാണ്. അവർക്കറിയാം പഠി ക്കാതെ നിവൃത്തിയില്ലെന്ന്. എന്റെ വിദ്യാർത്ഥികൾ നന്നായി പഠിച്ചു, നല്ല റാങ്കോടും നല്ല മാർക്കോടും കൂടി പാസ്സായി, മെഡിക്കൽ കോളേജിലോ മറ്റ് ഉന്നത സ്ഥാന ങ്ങളിലോ എത്തിച്ചേരണം എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. വിദ്യാർത്ഥികൾ അതിൽ പൂർണ്ണമായി സഹകരിച്ചിരുന്നു.

ഡോ. ശങ്കുണ്ണി: വിദ്യാർത്ഥികളെ കരകയറ്റിവിടുന്ന ഈ പ്രക്രിയയിൽ എന്തെങ്കിലും പ്രശ്നങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ടോ?

ഫാ. ഗബ്രിയേൽ: സെക്കന്റ് ഗ്രൂപ്പു വിദ്യാർത്ഥികൾ പലരും പരാജയപ്പെടുന്നത് ഐഛി കവിഷയങ്ങളിലല്ലാ, മറിച്ച് ഇംഗ്ലീഷ് ഭാഷയിലായിരുന്നു എന്നു ഞാൻ മനസ്സിലാ ക്കി. അതുപോലെത്തന്നെ, അവർക്കു ഫിസിക്സ് പഠിക്കാൻ പ്രയാസമുണ്ടെന്നും അതു ഗണിതശാസ്ത്രത്തിലെ പിന്നോക്ക നില മൂലമാണെന്നും തിരിച്ചറിഞ്ഞു. ഇതു രണ്ടും പരിഹരിച്ചാലേ – അതായത്, ഇംഗ്ലീഷും ഗണിതശാസ്ത്രവും മെച്ച പ്പെട്ടതായാലേ – ബയോളജി വിദ്യാർത്ഥികളെ കരകയറ്റാനാവൂ എന്നു ബോധ്യപ്പെ ട്ടു. ഇതു പരിഹരിക്കാനായി. ഇംഗ്ലീഷുഭാഷയിലും ഗണിതശാസ്ത്രത്തിലും അവർക്കു പ്രത്യേക ട്യൂഷൻ ഞാൻ തന്നെ ഏർപ്പെടുത്തി കൊടുത്തു. അതിന്റെ ഫലം ഉടനടി ഉണ്ടായി. ആ വർഷം തന്നെ വിജയശതമാനം നാടകീയമായി വർദ്ധിച്ചു. മറ്റേതു കോളേജിനേയും അപേക്ഷിച്ചു തേവരയിലെ കൂടുതൽ വിദ്യാർത്ഥികൾക്കു മെഡി ക്കൽ കോളേജിൽ പ്രവേശനം കിട്ടി. 80 പേരുള്ള ഒരു ബാച്ചിലെ 79 പേരും ഡോക്ടർമാരായിത്തീർന്നു എന്നു കേട്ടാൽ അതിശയം തോന്നാതിരിക്കുമോ?

ഡോ. ശങ്കുണ്ണി: അതിശയം തോന്നും അതിലേറെ അഭിമാനവും.

ഫാ. ഗബ്രിയേൽ: മൂന്നു വർഷംകൊണ്ടു ബയോളജി ഡിപ്പാർട്ടുമെന്റിനെ ഒരു സമ്പൂർണ്ണ ഡിപ്പാർട്ടുമെന്റായി വളർത്താൻ എനിക്കു കഴിഞ്ഞു. പുതിയ ലബോറട്ടറികൾ, ലൈബ്രറി, മ്യൂസിയം എന്നിവ നിർമ്മിച്ചെടുത്തു. ഒരു മാതൃകാ ഡിപ്പാർട്ടുമെന്റായി തേവരയിലെ ബയോളജി ഡിപ്പാർട്ടുമെന്റ് ശ്രദ്ധ നേടി. തേവരയിലെ മ്യൂസിയം കേരളത്തിലെ കോളേജുകളിൽ ഏറ്റവും കൂടുതൽ സ്പെസിമെനുള്ള മ്യൂസിയമായി. 1953ൽ സുവോളജി ഡിഗ്രി കോഴ്സ് ആരംഭിച്ചു. ആദ്യത്തെ ബാച്ച് വിദ്യാർത്ഥികളെ പരീക്ഷിക്കാൻ വന്ന പ്രൊഫസർമാർ – ഡോ. ജോഷായും ഡോ. പി.കെ. മേനോനും – കുട്ടികളുടെ നിലവാരം കണ്ട് അത്ഭുതപ്പെടുകതന്നെ ചെയ്തു. ഈ ആദ്യ ബാച്ച് യൂണിവേഴ്സിറ്റിയിലെ ആദ്യത്തെ ഏഴു റാങ്കും കരസ്ഥമാക്കി എന്നാണ് എന്റെ ഓർമ്മ.

ഡോ. ശങ്കുണ്ണി: എന്തായിരുന്നു ആ വിജയത്തിന്റെ രഹസ്യം.

ഫാ. ഗബ്രിയേൽ: അധ്യാപനം ക്ലാസ്സുമുറിയിലും ലബോറട്ടറിയിലും മാത്രമായി ഒതുക്കിനിർത്താൻ ഞാൻ കൂട്ടാക്കിയില്ല. കടലോരങ്ങളിലും കായലോരങ്ങളിലും ചുറ്റി സഞ്ചരിച്ച്, ജന്തുക്കളെ അവയുടെ സ്ഥായീസ്ഥാനങ്ങളിൽതന്നെ കണ്ടെത്തുകയും നിരീക്ഷിക്കുകയും ചെയ്യുക എന്ന അധ്യാപനരീതി ഞാൻ സ്വീകരിച്ചു. ഇങ്ങനെയുള്ള പുറംവാതിൽ പഠനവേളയിൽ, കപ്പൽ തുളയ്ക്കുന്ന ഒരു പുതിയ ജീവിയെ കണ്ടെത്താൻ ഞങ്ങൾക്കു സാധിച്ചു.

ഡോ. ശങ്കുണ്ണി: ആ ജീവിക്കു ഗബ്രിയേലച്ചന്റെ പേരാണ് ഇട്ടിരിക്കുന്നതെന്ന് കേട്ടിട്ടുണ്ട്.

ഫാ. ഗബ്രിയേൽ: ശരിയാണ്. അന്നു മദിരാശി സർവ്വകലാശാലയിൽ ഗവേഷണം നടത്തിയിരുന്ന ഡോ. ബാലകൃഷ്ണൻനായർ ആ ജീവിക്കു **ബാങ്കിയ ഗബ്രിയേല** എന്നു നാമകരണം ചെയ്തു.

ഡോ. ശങ്കുണ്ണി: ഇത്രയും വിജയപ്രദമായ അധ്യാപനം അവിടെ തുടരാഞ്ഞതെന്തേ?

ഫാ. ഗബ്രിയേൽ: 1953ൽ സഭയെ സംബന്ധിച്ചിടത്തോളം നിർണ്ണായകമായ ഒരു തീരുമാനമുണ്ടായി. അതുവരെ ഏക ഘടകമായി പ്രവർത്തിച്ചിരുന്ന സി.എം.ഐ സഭ, സെന്റ് ജോസഫ്സ്, സേക്രഡ് ഹാർട്ട്, ദേവമാത എന്നിങ്ങനെ മൂന്നു പ്രവിശ്യകളായി അന്നു വിഭജിക്കപ്പെട്ടു. സ്വാഭാവികമായി ദേവമാത പ്രവിശ്യാംഗമായ എനിക്കു തൃശ്ശൂരുള്ള ദേവമാത പ്രോവിൻസിലേക്കു പോരേണ്ടിയിരുന്നു. എന്നാൽ, സേക്രഡ് ഹാർട്ട് പ്രൊവിൻസ് അധികാരികളുടെ ആവശ്യവും നിർബന്ധവും പരിഗണിച്ചു ഞാൻ പിന്നെയും മൂന്നു വർഷത്തോളം അവിടെ തുടർന്നു. 1956 വരെ.

ഡോ. ശങ്കുണ്ണി: ക്രൈസ്റ്റ് കോളേജ് ആരംഭിച്ചപ്പോഴാണ് ദേവമാത പ്രവിശ്യയിലേക്കു പോന്നത്, അല്ലേ?

ഫാ. ഗബ്രിയേൽ: പ്രവിശ്യാ വിഭജനത്തോടുകൂടി ദേവമാതയിലും സെന്റ് ജോസഫ്സിലും അതതു പ്രവിശ്യകളുടേതായ കോളേജുകൾ ഇല്ല എന്ന നില വന്നു. അതതു പ്രദേശത്തുള്ള വൈദീക വിദ്യാർത്ഥികൾക്കു പഠിക്കാനും ഉന്നത വിദ്യാഭ്യാസം ലഭിച്ച അധ്യാപക വൈദീകർക്ക് അധ്യാപനം നടത്താനും കോളേജ് സംസ്ഥാപനമല്ലാതെ മറ്റു വഴികൾ ഇല്ലെന്നായി. ഇതിലേക്കുള്ള പരിശ്രമം 1954ൽ തന്നെ തുടങ്ങി. ദേവമാത പ്രവിശ്യയുടെ പരിശ്രമത്തിന്റെ നേതൃത്വം സ്വാഭാവികമായി എനിക്കു ഏറ്റെടുക്കേണ്ടിവന്നു.

ഡോ. ശങ്കുണ്ണി: ആ പ്രവർത്തനത്തിന്റെ ചരിത്രം വിശദമായി കേൾക്കണം.

ഫാ. ഗബ്രിയേൽ: ദേവമാതാ പ്രവിശ്യയുടെ അതിർത്തിക്കുള്ളിലെ പ്രധാന കേന്ദ്രങ്ങളായ കുന്ദംകുളം, ചാലക്കുടി, ഇരിങ്ങാലക്കുട എന്നിവിടങ്ങൾ ഞാൻ സന്ദർശിച്ചു; അവരുടെ പ്രതികരണം ആരാഞ്ഞു. കുന്ദംകുളത്തുള്ള പൂർവ്വ വിദ്യാർത്ഥികളെയും അവരുടെ മാതാപിതാക്കളെയും സമീപിച്ചപ്പോൾ, അവരിൽ പറയത്തക്ക ആവേശം ഉണർന്നു കണ്ടില്ല. അതുപോലെതന്നെയായിരുന്നു ചാലക്കുടിയിലും. മറിച്ച്, ഇരിങ്ങാലക്കുടയിലെ ജനവിഭാഗം വളരെ ആവേശത്തോടെ, വളരെ ഉത്സാഹത്തോടെ ആ നിർദ്ദേശം സ്വീകരിച്ച് എന്തിനും തയ്യാറെന്ന മട്ടിൽ മുന്നോട്ടു വന്നു.

ഡോ. ശങ്കുണ്ണി: ക്രൈസ്റ്റ് കോളേജിന്റെ ചരിത്രം ഇവിടെ തുടങ്ങുന്നു അല്ലേ?

ഫാ. ഗബ്രിയേൽ: അതെ. അതിനു ആമുഖമായി ഒരു കാര്യം പറയട്ടെ. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആതുരാലയങ്ങൾ എന്നിവയൊക്കെ പൊതു സ്ഥാപനങ്ങളാണെന്നും അവയുടെ സംസ്ഥാപനത്തിലും നടത്തിപ്പിലുമെല്ലാം ജനപങ്കാളിത്തം വേണമെന്നും ഞാൻ ഉറച്ചു വിശ്വസിക്കുന്നു. തെർമോമീറ്ററിലെ മെർക്കുറി ഉയരുന്നതു തെർമോമീറ്ററിന്റെ ചൂടുകൊണ്ടല്ല. മറിച്ചു ബഹിർമാധ്യമത്തിന്റെ ഊഷ്മാവു കൊണ്ടാണല്ലോ. പൊതു സ്ഥാപനങ്ങളുടെ ഉയർച്ചയ്ക്കു ജനപങ്കാളിത്തത്തിന്റെ പിൻബലം വേണ്ടിവരും. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ടു ഞാൻ മുൻകൈയ്യെടുത്തു സ്ഥാപിച്ച ആദ്യത്തെ പൊതു സ്ഥാപനമാണ് ഇരിങ്ങാലക്കുടയിലെ ക്രൈസ്റ്റ് കോളേജ്. നാട്ടുകാർ ത്യാഗംചെയ്തുണ്ടാക്കുന്ന സ്ഥാപനം നാട്ടുകാർക്കുവേണ്ടി നിലകൊള്ളണം എന്നാണ് എന്റെ തത്വശാസ്ത്രം. ഇതു ഞാൻ ആദ്യമായി നടപ്പാക്കിയതും ക്രൈസ്റ്റ് കോളേജിലാണ്. അതിന്റെ വിജയം എനിക്ക് ആത്മവിശ്വാസം പകർന്നു തന്നു. ആ ആത്മവിശ്വാസത്തിന്റെ പിൻബലത്തിൽ മറ്റു സ്ഥലങ്ങളിലും മേഖലകളിലും ഞാൻ ഇതേ സമീപനം സ്വീകരിച്ചു.

ഡോ. ശങ്കുണ്ണി: നമുക്ക് ഇരിങ്ങാലക്കുടയിലേയ്ക്കു മടങ്ങുക.

ഫാ. ഗബ്രിയേൽ: ഇരിങ്ങാലക്കുടയിൽ ജനസമ്പർക്കത്തിനു തുടക്കം കുറിച്ചതു കണ്ടംകുളത്തിൽ ശ്രീ കെ.പി. ജോൺ വഴിയായിട്ടാണ്. ഇദ്ദേഹം തേവര കോളേജിൽ

വന്നപ്പോൾ, അന്നവിടെ കെമിസ്ട്രി വിഭാഗം തലവനായി പ്രവർത്തിച്ചിരുന്ന പ്രൊ. എം.പി. വർഗ്ഗീസ് വഴി ഞാനുമായി ബന്ധപ്പെട്ട കാര്യം ഓർമ്മയിലെത്തുന്നു. കോളേജിന്റെ കാര്യം സംസാരിച്ചു. പിന്നീടു ശ്രീ ജോണിന്റെ വീട്ടിൽ പോയി. അദ്ദേഹത്തിന്റെ ഇളയപ്പനും എല്ലാ പൊതു കാര്യങ്ങളിലും ഇടപെട്ടു ജനസമ്മതി നേടിയിട്ടുള്ള ആളുമായ ശ്രീ കെ.എൽ. ഫ്രാൻസീസുമായി ബന്ധപ്പെട്ടു. ഈ ബന്ധമാണ് ക്രൈസ്റ്റ് കോളേജ് രൂപപ്പെടാൻ ബീജാവാപം നടത്തിയതെന്നു ഞാൻ കരുതുന്നു. ഈ ബീജം മുളച്ചു. വളർന്നു, പന്തലിച്ചു. എല്ലാം ആ ബന്ധത്തിന്റെ തണലിലാണ്. സുദൃഢമായ ആ ബന്ധം എനിക്ക് ഉത്തേജനവും ആത്മവിശ്വാസവും പ്രധാനം ചെയ്തു. നാട്ടിലെ ഏതാനും പ്രമുഖരുമായി കൂടിയാലോചിച്ച്, അന്നു ദേവമാത പ്രവിശ്യയുടെ പ്രൊവിൻഷ്യാളായ ഫാ. ക്ലെമൻസ് തോട്ടുങ്ങലിനെ സമീപിച്ചു. അഴീക്കോടുള്ള തീർത്ഥാടന കേന്ദ്രത്തിന്റെ സംസ്ഥാപനത്തിൽ താനുമായി സഹകരിച്ച ഇരിങ്ങാലക്കുടക്കാരുടെ ആവശ്യം അനുഭാവപൂർവ്വമാണ് ഫാ. ക്ലെമൻസ് സ്വീകരിച്ചത്. തന്നെയുമല്ല, തേവര കോളേജിലെ പ്രിയോരായി മൂന്നുവർഷത്തെ പരിചയമുണ്ടായിരുന്നതുകൊണ്ടു കോളേജ് നടത്തിപ്പിനെപ്പറ്റി അദ്ദേഹത്തിന് ആത്മവിശ്വാമുണ്ടായിരുന്നു.

ഡോ. ശങ്കുണ്ണി: കാര്യങ്ങളേറെ സുഗമമായി എന്നർത്ഥം, അല്ലേ?

ഫാ. ഗബ്രിയേൽ: വിചാരിച്ചത്രക്കും സുഗമമായില്ല എന്നതാണ് സത്യം. ഇരിങ്ങാലക്കുടക്കാരുടെ ആവശ്യം ദേവമാത പ്രവിശ്യാ കൗൺസിലിൽ പര്യാലോചനയ്ക്കു വന്നപ്പോൾ, ഒരു കർക്കശമായ നിലപാടാണ് കൗൺസിൽ സ്വീകരിച്ചത്. ദാനമായി അമ്പതേക്കർ സ്ഥലും ഒരു ലക്ഷം രൂപയും ലഭിച്ചതിനു ശേഷമേ ഇതിലേക്കിറങ്ങാവൂ എന്നതായിരുന്നു കൗൺസിലിന്റെ നിബന്ധന. 1954ലെ നിലവെച്ചു നോക്കുമ്പോൾ ഈ സംഖ്യ എത്ര ഭീമമാണ് എന്നൂഹിക്കാമല്ലോ. ഇരിങ്ങാലക്കുട പോലുള്ള ഒരു ചെറിയ പട്ടണത്തിൽനിന്ന് ഇത്രയും വലിയൊരു സംഖ്യ സമാഹരിക്കുക തികച്ചും ദുഷ്കരമായിരുന്നു. അതുകൊണ്ട്, കോളേജ് സംസ്ഥാപനം എന്ന ആശയം തൽക്കാലം സ്തംഭിക്കുകയാണുണ്ടാത്.

ഡോ. ശങ്കുണ്ണി: എന്നിട്ടോ?

ഫാ. ഗബ്രിയേൽ: ഫാ. ക്ലെമൻസിന് കോളേജ് സംസ്ഥാപനം എന്ന ആശയത്തോട് മനസ്സിൽ അനുഭാവം ഉണ്ടായിരുന്നു. ആ പശ്ചാത്തലത്തിൽ, ഞാൻ അദ്ദേഹവുമായി സംസാരിച്ച് ഒരു പുതിയ സമീപനം കൈകൊണ്ടു. അതിനു മുന്നോടിയായി കോളേജ് പ്രസ്ഥാനത്തിനോടു താൽപ്പര്യമുണ്ടായിരുന്ന ബഹു. സറാഫിൻ അച്ചനെ തലോരിൽനിന്നും പുല്ലൂരിലേക്കു സ്ഥലം മാറ്റിച്ചു. എല്ലാ ആഴ്ചയിലും തേവരിയിൽനിന്നും പുല്ലൂരിലെ ഭവനത്തിലെത്തി. പൊതുജനസമ്പർക്കം പുലർത്തിപ്പോ

ന്നു. കോളേജ് സംസ്ഥാപനത്തിന് ഒരു പുതിയ തന്ത്രം ആവിഷ്കരിച്ചു ജനങ്ങളെ അതിനുവേണ്ടി ഇറക്കി. മുമ്പേ പുല്ലൂരിൽ ആരംഭിക്കാനുദ്ദേശിച്ച സ്ഥാപനം ഇരിങ്ങാലക്കുടയിലേക്കു മാറ്റുക. അതിനാവശ്യമുള്ള പത്തേക്കർ സ്ഥലം നാട്ടുകാർ ദാനമായി തരിക. ഒരു ഹൈസ്കൂളെങ്കിലും സ്ഥാപിച്ചു തരിക. നിബന്ധകൾ ഒന്നുമില്ല.

ഡോ. ശങ്കുണ്ണി: ആ തന്ത്രം ഫലിച്ചു, അല്ലേ?

ഫാ. ഗബ്രിയേൽ: ഒരു സ്ഥലത്തെ ജനങ്ങൾ അവിടെ ഞങ്ങളുടെ ഒരു സ്ഥാപനം ആവശ്യപ്പെട്ട്, യാതൊരു നിബന്ധനയുമില്ലാതെ, പത്തേക്കർ സ്ഥലം വരാമെന്നു വാക്കു പറഞ്ഞു മുന്നോട്ടു വന്നാൽ, ജനസേവനത്തിനുവേണ്ടി അർപ്പിതമായിരിക്കുന്ന ഒരു സന്യാസ സമൂഹത്തിന് അതു നിരാകരിക്കാനാകുമോ? ആ സാഹചര്യത്തിൽ പ്രൊവിൻഷ്യൽ കൗൺസിലിൽനിന്ന് ഇരിങ്ങാലക്കുട സ്ഥാപനത്തിന് പച്ചക്കൊടിയായി. എന്റെ മനസ്സിൽ – ഫാ. ക്ലെമൻസിന്റെ മനസ്സിലും – അന്തർലീമായി കിടന്നിരുന്നത് ഒരു ഒന്നാം ഗ്രേഡ് കോളേജ് തന്നെയായിരുന്നു. അതിനുള്ള ശ്രമം തകൃതിയായി നടന്നു. പുല്ലൂരിലെ സ്ഥാപനം ഇരിങ്ങാലക്കുട ടൗണിലേക്കു മാറ്റി സ്ഥാപിക്കുന്നതിനു തൃശ്ശൂർ രൂപതാദ്ധ്യക്ഷന്റെ അനുമതി ആവശ്യമായിരുന്നു. അല്പം പ്രയാസമുള്ള ഇക്കാര്യം നാട്ടുകാർതന്നെ പോയി ബിഷപ്പിനെ കണ്ടു സാധിച്ചെടുത്തു.

ഡോ. ശങ്കുണ്ണി: സമ്പർക്ക മാധ്യമത്തിന്റെ ചൂട്, തെർമോമീറ്ററിന്റെ രസത്തിന്റെ ഉയരം വർദ്ധിപ്പിച്ചു തുടങ്ങി അല്ലേ?

ഫാ. ഗബ്രിയേൽ: അതേ, ഏറെ താമസിയാതെ, കോളേജ് സംസ്ഥാപനത്തിനായി വിപുലമായ ഒരു ജനകീയ കമ്മിറ്റി രൂപം കൊണ്ടു. അഡ്വക്കെറ്റ് രാമകൃഷ്ണയ്യരായിരുന്നു അദ്ധ്യക്ഷൻ; കെ.എൽ. ഫ്രാൻസിസ് സെക്രട്ടറിയും ഈ കമ്മിറ്റി കോളേജിനോടു നാട്ടുകാർക്ക് അനുഭാവവും ഉത്സാഹവും വളർത്താനും അവരുടെ സഹായസഹകരണങ്ങൾ സമാഹരിക്കാനും ഊർജ്ജിത യജ്ഞം നടത്തി. കോളേജിനാവശ്യമായ സ്ഥലം പട്ടണത്തിനുള്ളിലെ മങ്ങാടികുന്നിൽ വാങ്ങി. അവിടത്തെ കുടികിടപ്പുകാരെ ഒഴിപ്പിച്ചു. പുനരധിവസിപ്പിച്ചു. എല്ലാം ശ്രീ കെ.എൽ. ഫ്രാൻസീസിന്റെ നിസ്തുല യജ്ഞത്തിന്റെ ഫലമായിരുന്നു. മുനിസിപ്പാലിറ്റി വകയായുണ്ടായിരുന്ന 17 ഏക്കർ സ്ഥലവും സർക്കാർ വിട്ടുതന്നു. മൊത്തം 62 ഏക്കർ സ്ഥലമായിരുന്നു അന്നു ക്രൈസ്റ്റ് കോളേജിന്റെ ക്യാമ്പസ്. ഇതിന്റെ പണം മുഴുവൻ നാട്ടുകാരുടെ സംഭാവനയാണ്.

ഡോ. ശങ്കുണ്ണി: നമ്മുടെ ചിന്തക്കൊത്തു നാട്ടുകാരുടെ കൈകളെ ചലിപ്പിക്കുക, അല്ലേ?

ഫാ. ഗബ്രിയേൽ: അതേ, കോളേജിന്റെ കെട്ടിടവും പരിസരവും ഇരിങ്ങാലക്കുടക്കാർക്ക് അഭിമാനം തോന്നത്തക്കവണ്ണം മനോജ്ഞവും മനോഹരവുമായിരിക്കണം എന്നെനിക്കു നിർബന്ധമുണ്ടായിരുന്നു. ഗാംഭീര്യമിയലുന്ന അതിന്റെ ശില്പചാതുര്യം ഒരു ഇരുപത്തഞ്ചു വർഷത്തേക്കെങ്കിലും കാലഹരണപ്പെടാതെ നില്ക്കണമെന്നും ഞാൻ മനസ്സിൽ കണ്ടു. ഇതെല്ലാം വെച്ച് ആദ്യമേ ചെയ്തത്, വിശാലമായ ക്യാമ്പസ് മുഴുവൻ ഉൾക്കൊള്ളുന്ന ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയായിരുന്നു. എഞ്ചിനീയർമാരായ ശ്രീ. പോൾ പോത്തന്റേയും ശ്രീ. ഇ.ജി. പണിക്കരുടേയും സഹായത്തോടെ കോളേജിന്റെ സ്കെച്ചും പ്ലാനും ശരിപ്പെടുത്തി. കോളേജ് കെട്ടിടം തന്നെ, പല ഘട്ടങ്ങളിലായി പൂർത്തിയാക്കും വിധമായിരുന്നു സംവിധാനം ചെയ്തിരുന്നത്.

ഡോ. ശങ്കുണ്ണി: എന്തായിരുന്നു അതിന്റെ പിന്നിൽ?

ഫാ. ഗബ്രിയേൽ: അതോ? വലിയൊരു കോളേജാണ് വിഭാവനം ചെയ്യുന്നതെന്ന ആശയം നാട്ടുകാരുടെ ഇടയിൽ ഉണ്ടാവണം. അതിന്റെ ഫലമായി അവരുടെ ഉത്സാഹവും സഹകരണവും ഉറപ്പുവരുത്തണം. അതേസമയം, ഓരോ ഘട്ടത്തിലും സഭയ്ക്കു വഹിക്കാൻ കഴിയയാത്ത ഭാരം ചുമലിലേറ്റുന്നു എന്ന ഭീതി സഭാംഗങ്ങളിൽ വരാതിരിക്കുകയും വേണം. 1955ൽ തന്നെ ട്രാവൻകൂർ യൂണിവേഴ്സിറ്റിയിലേക്ക് അനുവാദത്തിനെഴുതി. ആ വർഷംതന്നെ അതിനുള്ള കമ്മീഷൻ – സിൻഡിക്കേറ്റംഗമായ ശ്രീ. ടി.സി. ശങ്കരമേനോൻ – വന്നു സ്ഥലപരിശോധന നടത്തി. അംഗീകാരം നൽകി. 1956 ജൂൺ 16നും ക്രൈസ്റ്റ് കോളേജ് പ്രവർത്തനം തുടങ്ങി.

ഡോ. ശങ്കുണ്ണി: ആരായിരുന്നു ആദ്യ പ്രിൻസിപ്പാൾ?

ഫാ. ഗബ്രിയേൽ: ഞാനായിരുന്നു. എന്നേക്കാൾ സീനിയറായ വേറെ വൈദീകരുണ്ടായിരുന്നുവെങ്കിലും ഞാൻ തന്നെ പ്രിൻസിപ്പാളായി കോളേജിനെ നയിച്ച്, വളർത്തിക്കൊണ്ടുപോരണമെന്നു പ്രിവിശ്യാ കൗൺസിലിനു നിർബന്ധമായിരുന്നു. തേവര കോളേജിലെ ഏഴുവർഷത്തെ അധ്യാപനപരിചയമേ അന്നെനിക്കുണ്ടായിരുന്നുള്ളൂ – മൂന്നു വർഷം ലക്ചററായും നാലു വർഷം പ്രൊഫസറായും.

ഡോ. ശങ്കുണ്ണി: അന്ന് അങ്ങേയ്ക്ക് എന്തു പ്രായമുണ്ട്?

ഫാ. ഗബ്രിയേൽ: നാൽപത്തൊന്നു വയസ്സ്. ഇത്രയും ചെറുപ്പത്തിൽ പ്രിൻസിപ്പാൾ ആയിട്ടുള്ള മറ്റൊരാളേ സഭയിലുള്ളൂ. ബഹു. കരീപ്പാപറമ്പിൽ തിയോഡോഷ്യസ് അച്ചൻ.

ഡോ.ശങ്കുണ്ണി : ആരംഭത്തിൽ ക്രൈസ്റ്റിൽ എത്ര വിദ്യാർത്ഥികളുണ്ടായിരുന്നു? എത്ര അധ്യാപകരുണ്ടായിരുന്നു? എത്ര ക്ലാസ്സുണ്ടായിരുന്നു?

ഫാ.ഗബ്രിയേൽ : 244 വിദ്യാർത്ഥികൾ. 14 അധ്യാപകർ. പ്രീയൂണിവേഴ്സിറ്റിക്കുള്ള 3 ഡിവിഷൻ.

ഡോ.ശങ്കുണ്ണി : ക്രൈസ്റ്റ് കോളേജ് കോംപ്ലക്സ് എന്ന പുതിയ സ്ഥാപനം ഇരിങ്ങാലക്കുടയിൽ തുടങ്ങുന്നതിൽ വേറെ എന്തെങ്കിലും പ്രശ്നങ്ങളോ ബുദ്ധിമുട്ടോ അനുഭവിക്കേണ്ടി വന്നിട്ടുണ്ടോ?

ഫാ.ഗബ്രിയേൽ : ഏതു സ്ഥാപനത്തിന്റെ സംസ്ഥാപനത്തിലും പ്രാരംഭത്തിൽ ബാലാരിഷ്ടതകൾ ഉണ്ടാകും. ക്രൈസ്റ്റിന്റെ കാര്യത്തിൽ ആശ്രമത്തിന്റെ സ്ഥാനം നിശ്ചയിക്കുന്നതിൽ കാര്യമായ അഭിപ്രായവ്യത്യാസമുണ്ടായി എന്ന കാര്യം തുറന്നുപറയാതിരിക്കാൻ പറ്റുകയില്ല. ആദ്യകാലചർച്ചയിൽ കോളേജ് കെട്ടിടം ക്യാമ്പസിന്റെ വടക്കുഭാഗത്തുള്ള കുന്നിൽ സ്ഥാപിക്കണമെന്നായിരുന്നു ധാരണ. ആശ്രമഭവനം തെക്കുഭാഗത്തുള്ള കുന്നിലും. എന്നാൽ കോളേജു മന്ദിരം വടക്കുഭാഗത്തേക്കു മാറ്റിയാൽ ടൗൺ വഴി വരുന്ന ഭൂരിപക്ഷം വിദ്യാർത്ഥികൾക്കും അതു ബുദ്ധിമുട്ടുണ്ടാക്കുമെന്നു മനസ്സിലാക്കി, കോളേജ് കെട്ടിടം തെക്കുഭാഗത്തുള്ള കുന്നിലേക്കും ആശ്രമകെട്ടിടം വടക്കേ ഭാഗത്തുള്ള കുന്നിലേക്കും മാറ്റണമെന്ന ധാരണയുണ്ടായി. ഇതിൻ പ്രകാരം കോളേജ് കെട്ടിടത്തിന്റെ സ്ഥാനനിർണ്ണയം ചെയ്തു കഴിഞ്ഞപ്പോൾ അത് ഉദ്ദേശിച്ചതിനേക്കാൾ വളരെയധികം തെക്കോട്ടുമാറിപ്പോവുകയും അതിന്റെ ഫലമായി ആശ്രമത്തിന്റേയും കോളേജിന്റേയും ഇടയിലുള്ള സ്ഥലം വളരെ അകന്നു പോവുകയും ചെയ്തു. ഇത് ആദ്യം വിഭാവനം ചെയ്യാൻ പറ്റിയിരുന്നില്ല. ഇത്ര വലിയ അകൽച്ച. ആശ്രമത്തിൽ താമസിച്ചു പഠിപ്പിക്കുന്ന അധ്യാപകരായ വൈദീകർക്കു ബുദ്ധിമുട്ടുണ്ടാക്കും എന്നു മനസ്സിലാക്കി വടക്കേഭാഗത്തു സ്ഥാപിച്ച ആശ്രമഭവനം ക്യാമ്പസിന്റെ മധ്യഭാഗത്തേക്കു മാറ്റണമെന്ന അഭിപ്രായം പൊന്തി വന്നു. എന്നാൽ ഒരിയ്ക്കൽ നിശ്ചയിച്ച സ്ഥലം മാറ്റുക എന്നത് അന്നത്തെ പ്രൊവിൻഷ്യലായ ബഹു.ക്ലമൻസച്ചനു തീരെ സ്വീകാര്യമായില്ല. പിന്നീട് അധികാരത്തിൽ വന്ന ബഹു.ഫാ.ഫ്ളേവിയനും ക്ലമൻസച്ചന്റെ ഇംഗിതത്തിനു വിപരീതമായി പ്രവർത്തിക്കാൻ സന്നദ്ധനായില്ല. ഈ നിലപാടു വലിയ ബുദ്ധിമുട്ടിനും തെറ്റിദ്ധാരണകൾക്കും മനപ്രയാസത്തിനും കാരണമായി. 1960–ൽ സ്ഥാപിച്ച ക്രൈസ്റ്റ് ആശ്രമം പിന്നീട് പ്രൊവിൻഷ്യലായി വന്ന ബഹു.മലാക്കിയസ് അച്ചന്റെ കാലത്ത് 1964–ൽ കോളേജിന്റെ അടുത്തുള്ള സ്ഥാനത്തേക്കു മാറ്റി സ്ഥാപിച്ചതോടെയാണ് ഈ പ്രശ്നം പരിഹൃതമായത്.

ഡോ.ശങ്കുണ്ണി : കോളേജിന്റെ സംസ്ഥാപനത്തിൽ എന്തെങ്കിലും പ്രത്യേക കാഴ്ചപ്പാടു വെച്ചു പുലർത്താൻ ശ്രമിച്ചിരുന്നോ?

ഫാ.ഗബ്രിയേൽ : എന്റെ കാഴ്ചപ്പാടിൽ വിദ്യാർത്ഥികളാണ് കോളേജ്. മാനേജ്മെന്റും അധ്യപകരുമെല്ലാം വിദ്യാർത്ഥികളെ സേവിക്കാനുള്ളതാണ്. ഈ സേവനശുശ്രൂഷയിൽ മുൻപന്തിയിൽ അധ്യാപകരാണല്ലോ. അതുപോലെത്തന്നെ കോളേജിന്റെ അന്തരീക്ഷം സജ്ജീകരണങ്ങൾക്കും അവയുടേതായ പ്രധാന്യമുണ്ട്. ക്രൈസ്റ്റ്

കോളേജിന്റെ മുന്നിലെ വിശാലമായ പൂന്തോട്ടവും മൃഗശാലയും മറ്റും ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ.

ഡോ.ശങ്കുണ്ണി : കോളേജ് ആരംഭിക്കുമ്പോൾ, കോളേജിന്റെ നിർമ്മാണം പൂർത്തിയായിരുന്നോ?

ഫാ.ഗബ്രിയേൽ : പ്രധാന കെട്ടിടത്തിന്റെ മുക്കാൽഭാഗവും അന്നു തീർന്നിരുന്നു. അതിന്റെ എല്ലാ പണിയും പൂർത്തിയാക്കി. 1957 ഒക്ടോബറിൽ അന്നു കേരള ഗവർണറായിരുന്ന ബഹു.ബി.രാമകൃഷ്ണറാവു ഔപചാരികമായ ഉദ്ഘാടനം നിർവഹിച്ചു.

ഡോ.ശങ്കുണ്ണി : ഒരു ജനവിഭാഗത്തിന്റെ സ്വപ്നം സഫലമായി, അല്ലേ?

ഫാ.ഗബ്രിയേൽ : നാട്ടുകാർ ത്യാഗം ചെയ്തുണ്ടാക്കിയ ഒരു സ്ഥാപനം. അതു നാട്ടുകാർക്കു വേണ്ടി നിലകൊള്ളണമെന്നും നാട്ടുകാരുടെ അഭിമാനഭാജനമായി നിലകൊള്ളണമെന്നും ഞാനാഗ്രഹിക്കുന്നു. ഗംഭീരങ്ങളായ കെട്ടിടങ്ങളും മനോഹരങ്ങളായ എടുപ്പുകളുമല്ല പ്രധാനം.

ഡോ.ശങ്കുണ്ണി : പിന്നേയോ?

ഫാ.ഗബ്രിയേൽ : ഞാൻ മുമ്പേ പറഞ്ഞില്ലേ? വിദ്യാർത്ഥികളാണ് കോളേജ്. മനോഹരങ്ങളായ കെട്ടിടങ്ങളേക്കാളും പ്രാധാന്യം നൽകേണ്ടത്, വിദ്യാർത്ഥികളുടെ സമ്പൂർണ്ണമായ വളർച്ചക്കാവശ്യമായ സജ്ജീകരണങ്ങൾക്കാണ്. പ്രഗല്ഭരായ അധ്യാപകർ, ആധുനികഗ്രന്ഥങ്ങളുൾക്കൊള്ളുന്ന ലൈബ്രറി, സുസജ്ജമായ ലബോറട്ടറികൾ, സൗകര്യപ്രദമായ ഹോസ്റ്റൽ, വിശാലമായ കളിസ്ഥലങ്ങൾ, കലാ-കായിക പരിശീലനത്തിനുള്ള സൗകര്യങ്ങൾ, വിദ്യാർത്ഥി ക്ഷേമത്തിനുതകുന്ന സംവിധാനങ്ങൾ... ഇതിന്റെ പൊലിമയാണ് ക്രൈസ്റ്റ് കോളേജിനെ ക്രൈസ്റ്റ് കോളേജാക്കിത്തീർത്തത്. രാജ്യത്തിനും സമൂഹത്തിനും ഉപകരിക്കുന്ന ഉത്തമപൗരന്മാരും ധാർമികമൂല്യമുറ്റവരുമായി വിദ്യാർത്ഥികൾ വളർന്നുവരണമെന്നു നിർബന്ധമുണ്ട്. അവരെ ആ നിലയിലേക്കു വളർത്തിയെടുക്കുന്ന പ്രക്രിയയാണ് വിദ്യാഭ്യാസത്തിലൂടെ നടക്കേണ്ടത്. യു.ജി.സി.യുടെ വിദഗ്ദ്ധകമ്മീഷന്റെ വിലയിരുത്തലിൽ ക്രൈസ്റ്റ് കോളേജിനെ ഉന്നതവിദ്യാഭ്യാസത്തിന്റെ ഉത്തുംഗശൃംഗത്തിലേക്കുയർത്തിയത് ഈ നിർബന്ധങ്ങളും നിബന്ധനകളുമാണ്. മികച്ച വിജയശതമാനം കൊണ്ടു മാത്രം തൃപ്തിപ്പെടാതെ, വിദ്യാർത്ഥികളുടെ ബഹുമുഖമായ വളർച്ചയിൽ-കായികമായും കലാപരമായും വൈകാരികമായുമുള്ള വളർച്ചയിൽ കണ്ണുനട്ടുകൊണ്ട് അവരെ സമ്പൂർണ്ണമനുഷ്യരാക്കി വളർത്തിയെടുക്കാനുള്ള സൗകര്യങ്ങളെല്ലാം ഒരുക്കിവയ്ക്കണമെന്നുള്ള നിർബന്ധം...

ഡോ.ശങ്കുണ്ണി : ഇതങ്ങേയ്ക്കു നിഷ്പ്രയാസം സാധ്യമായതെങ്ങനെ?

ഫാ.ഗബ്രിയേൽ : അതിപ്രഗത്ഭരായ എന്റെ സഹപ്രവർത്തകർ വഴി. പരേതനായ ഷെവലിയാർ ജോസഫ് പേട്ടയും ആദ്യത്തെ അധ്യാപകരിൽപെട്ട റവ.ഫാ.ലാസർ, ഫാ. ഡിസ്മാസ് എന്നിവരും പിന്നീടു കാലാകാലങ്ങളിൽ ക്രൈസ്റ്റിൽ സേവനമർപ്പിച്ച അധ്യാപകപ്രമുഖരും എനിക്കു നൽകിയ സഹകരണത്തിന്റെ ശീതളിമ ഇന്നും മനസ്സിൽ തളിരിട്ടു നിൽക്കുന്നു. നല്ല അധ്യാപകരുടെ സേവനവും നല്ല അന്തരീക്ഷവും കൈവന്നതിന്റെ ഫലമായി ഭൗതീകമണ്ഡലത്തിലും ആധ്യാത്മികമണ്ഡലത്തിലും കിടയറ്റ പരിശീലനം നൽകാൻ ക്രൈസ്റ്റിനു കഴിഞ്ഞു.

ഡോ.ശങ്കുണ്ണി : ആദ്യകാലത്ത് കായികരംഗത്തെ ക്രൈസ്റ്റിന്റെ സംഭാവനകൾ ജനശ്രദ്ധ ഏറെ ആകർഷിച്ചിരുന്നുവല്ലോ. ഇതിന്റെ പശ്ചാത്തലം ഒന്നു വിവരിക്കാമോ?

ഫാ.ഗബ്രിയേൽ : ഞാൻ ഒരു സ്പോർട്ട്സ പ്രേമിയായിട്ടാണ് അറിയപ്പെട്ടിരുന്നത്. അത് എന്റെ സ്വഭാവത്തിന്റെ ഭാഗമാണ് എന്നതിനേക്കാൾ കൂടുതലായി, സ്പോർട്സ് പ്രേമികളായ വിദ്യാർത്ഥികളെക്കൂടി പ്രതിനിധീകരിക്കേണ്ട പ്രിൻസിപ്പലാണ് എന്ന ബോധമാണ് എന്നെ ഭരിച്ചിരുന്നത്. പരീക്ഷാഫലത്തിൽ മാത്രം ഊന്നൽ നൽകുന്ന വിദ്യാഭ്യാസരീതി അപൂർണവും വികലവുമാണ് എന്നാണെന്റെ അഭിപ്രായം. അതുകൊണ്ട്, കലയ്ക്കും, കായികവിനോദത്തിനും അർഹമായ പരിഗണന ആദ്യം മുതൽക്കേ ക്രൈസ്റ്റിൽ നൽകിയിരുന്നു.

ഡോ.ശങ്കുണ്ണി : ഈ രംഗത്തെ സംഭാവനകൾ?

ഫാ.ഗബ്രിയേൽ : സർവ്വകാലാശാലയ്ക്കും സംസ്ഥാനത്തിനും അനേകം താരങ്ങളെ സ്ഥിരമായി സംഭാവന ചെയ്തുകൊണ്ടിരുന്ന പാരമ്പര്യം ക്രൈസ്റ്റ് നിലനിർത്തിപോന്നു. ഇതിനു വേദിയൊരുക്കാൻ വേണ്ടിയാണ് കണ്ടംകുളത്തിൽ ലോനപ്പൻ മെമ്മോറിയൽ ഫുട്ബോൾ ടൂർണമെന്റ് 1956-ൽത്തെന്നെ ആരംഭിച്ചത്. പിൽക്കാലത്തു ഡിഗ്രി കോഴ്സിനു ഫിസിക്കൽ എജുക്കേഷൻ ഐഛികമായെടുക്കാവുന്ന സംസ്ഥാനത്തെ ഏകകോളേജായി ക്രൈസ്റ്റിനു വളരാൻ സാധ്യാമായതു കായിക വിദ്യാഭ്യാസത്തിന് ആരംഭം മുതൽക്കേ കൊടുത്ത ഈ അടിത്തറയുടെ ഫലമാണ്. കലാരംഗത്താണെങ്കിൽ സർവ്വകലാശാല യുവജനോത്സവത്തിൽ ഒന്നാംസ്ഥാനം പലവട്ടം ക്രൈസ്റ്റ് കരസ്ഥമാക്കിയിട്ടുണ്ട്.

ഡോ.ശങ്കുണ്ണി : എത്രാം വർഷത്തിലാണ് ക്രൈസ്റ്റിൽ ഡിഗ്രി കോഴ്സ് തുടങ്ങിയത്?

ഫാ.ഗബ്രിയേൽ : 957-ൽ. അതായത് തുടങ്ങിയതിന്റെ പിറ്റേ വർഷം തന്നെ. മാത്തമാറ്റിക്സ്, കെമിസ്ട്രി, സുവോളജി, എക്കണോമിക്സ്, കോമേഴ്സ് എന്നീ വിഷയങ്ങളിൽ ബിരുദനിലവാരത്തിൽ ക്ലാസ്സുകൾ തുടങ്ങി. 1960-ൽ ബിരുദാനന്തരകോഴ്സുകൾ തുടങ്ങി.-കെമിസ്ട്രിയിലും സുവോളജിയിലും, കോമേഴ്സിലും. ആരംഭിച്ച്

അഞ്ചാം വർഷത്തിൽ തന്നെ മൂന്നു വിഷയങ്ങളിൽ ബിരുദാനന്തരകോഴ്സ് ആരം ഭിച്ച ഏക കോളേജാണ് ക്രൈസ്റ്റ് കോളേജ്. ദശവത്സരാഘോഷമാവുമ്പോഴേക്കും ക്രൈസ്റ്റ് ഒരു മാതൃകയായി; യൂണിവേർസിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ വിലയിരുത്ത ലിൽ ഇന്ത്യയിലെ ഒന്നാംകിട കോളേജായി.

ഡോ.ശങ്കുണ്ണി : അല്ലാവുദ്ദീൻ തന്റെ വിളക്കൊന്നു തിരിച്ചപ്പോൾ അത്ഭുതം ഉയിർകൊണ്ട കഥ അറബിക്കഥകളിലുണ്ട്. അതുപോലുള്ള അത്ഭുതമാണ് ഗബ്രിയേലച്ചൻ മങ്ങാ ടിക്കുന്നിൽ വിളയിച്ചത്. പക്ഷേ അത്ര അനായാസമായിരുന്നില്ല എന്നു വ്യക്തം. ഇതെങ്ങനെ സാധിച്ചു എന്നു വിവരിക്കാമോ?

ഫാ.ഗബ്രിയേൽ : അത്ഭുതത്തിന്റെ ഉള്ളറകൾ തുറന്നുകാട്ടിയാൽ അതിലെ "ത്രിൽ" നഷ്ടപ്പെടുകയില്ലേ? ഞാൻ അത്ഭുതമൊന്നും കാട്ടിയിട്ടില്ല എന്നതിനാൽ ഇതിന്റെ ഉള്ളറ തുറക്കാൻ എനിക്കു മടിയില്ല. ക്രൈസ്റ്റ് കോളേജ് വിജയകരമായി നടത്തി ക്കൊണ്ടുപോരാൻ അനുകൂലസാഹചര്യങ്ങളേറെ എനിക്കു കൂട്ടായി നിന്നിരുന്നു സംസ്ഥാപനത്തിലെന്ന പോലെ കോളേജിന്റെ നടത്തിപ്പിലും നാട്ടുകാർ ശക്തമായ പിൻബലം തന്നുപോന്നു. ഞാൻ വിദ്യാർത്ഥികളുടെ ഒരു സുഹൃത്താണെന്ന കാര്യം വിദ്യാർത്ഥികൾക്കറിയാമായിരുന്നു. അതുകൊണ്ട് അവരിൽനിന്നെനിക്കു ബഹുമാ നവും ആദരവും വേണ്ടുവോളം ലഭിച്ചു. ഈ അവേശത്തള്ളലിൽ ജീവനക്കാ രുടെ ചെറിയ ചെറിയ പ്രശ്നങ്ങളൊക്കെ മികച്ച നിലയിൽ അധ്യാപനത്തിനു പ്രാപ്ത രുമായിരുന്നു.

ഡോ. ശങ്കുണ്ണി : ഇങ്ങനെ മികവുറ്റ അധ്യാപകരെ എങ്ങനെ ലഭിച്ചു ?

ഫാ. ഗബ്രിയേൽ : അധ്യാപകരെ തിരഞ്ഞെടുക്കുന്നതിൽ യോഗ്യതയ്ക്കു മാത്രമാണ് ഞാൻ മുൻഗണനയ്ക്കു നൽകിയത്. പ്രാദേശികമോ സാമുദായികമോ ആയ പരി ഗണനകൾ ഈ തിരഞ്ഞെടുപ്പിൽ സ്വാധീനം ചെയ്തിരുന്നില്ല. എന്നാൽ, പിൽക്കാ ലത്ത്, അധ്യാപനവൃത്തിയോട് അധ്യാപകർക്കുണ്ടാവേണ്ട അർപ്പണബോധത്തിൽ വന്നിട്ടുള്ള മാറ്റം ക്രൈസ്റ്റ് കോളേജിന്റെ അക്കാദമിയ ഗുണമേന്മയെ പ്രതികൂല മായി ബാധിച്ചില്ല എന്നു പറയാൻ എനിക്കു ധൈര്യമില്ല. ഇത്, സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലെ രാഷ്ട്രീയ സാമൂഹ്യപരിവർത്തനങ്ങളുടെ ഫലമാവാം.

ഡോ. ശങ്കുണ്ണി : നടത്തിപ്പിനെപ്പറ്റി അങ്ങയുടെ ദർശനമെന്താണ് ?

ഫാ. ഗബ്രിയേൽ : കോളേജ് പോലുള്ള പൊതുസ്ഥാപനങ്ങൾ ഒരു വ്യക്തിയുടേയോ ഒരു സംഘടനയുടേയോ സ്വകാര്യസ്വത്തുപോലെ നടത്തപ്പെടേണ്ടവയല്ല എന്നാ ണെന്റെ ദൃഢമായ വിശ്വാസം. അവ ഒരു പരിധിവരെ പൊതുസ്ഥാപനങ്ങളാണ്. ജനങ്ങളുടെ ആവശ്യത്തിനും സഹകരണത്തിനും ആനുപാതികമായിട്ടാണവ പ്രവർത്തിക്കേണ്ടതും വളരേണ്ടതും. ഇതിന്റെ വെളിച്ചത്തിൽ, ക്രൈസ്റ്റ് കോളേജിന്റെ

സംസ്ഥാനപനത്തിന്റേയും വികസനത്തിന്റേയും ഓരോ ഘട്ടത്തിലും നാട്ടുകാരുമായി കൂടിയാലോചിച്ച് അവരുടെ സഹകരണം ഉറപ്പാക്കിയ ശേഷമാണ് ഞാൻ മുന്നോട്ടു നീങ്ങിയത്. അതു പോലെത്തന്നെ എല്ലാ ഘട്ടത്തിലും വിദ്യാർഥികളോടും അധ്യാപകരോടും ഞാൻ കൂടിയാലോചിച്ചിരുന്നു. യു.ജി.സി. വഴി സർക്കാർ നൽകുന്ന എല്ലാ ധനസഹായങ്ങളും സംലഭ്യമാക്കാൻ ഞാൻ നിതാന്തശ്രദ്ധ പുലർത്തിയിരുന്നു; അതുവഴി കോളേജിന്റെ വികസനം സാധിക്കുക എന്നത് എന്റെ നയത്തിന്റെ ഭാഗമായിരുന്നു. അക്കാലങ്ങളിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ യു. ജി.സി ഗ്രാന്റും നാട്ടുകാരുടെ സഹായസഹകരണങ്ങളും ലഭിച്ച സ്ഥാപനമായിരുന്നു ക്രൈസ്റ്റ് കോളേജ്.

ഡോ. ശങ്കുണ്ണി : വലിയ മരങ്ങളുടെ തണലിൽ പുൽക്കൊടി പോലും വളരില്ല എന്നൊരു ചൊല്ലുണ്ട്. അതിനു വിപരീതമായി ക്രൈസ്റ്റ് കോളേജ് എന്ന മഹാസ്ഥാനത്തിന്റെ തണലിൽ ഏതാനും അനുബന്ധസ്ഥാപനങ്ങൾ വളർന്ന ചരിത്രമല്ലേ?

ഫാ.ഗബ്രിയേൽ : വിദ്യാഭ്യാസസ്ഥാപനങ്ങളോടുനുബന്ധിച്ചു മറ്റു വിഭിന്ന പ്രവർത്തനങ്ങൾ വന്നു കഴിഞ്ഞാൽ, വിദ്യാഭ്യാസസ്ഥാപനത്തിന്റെ വളർച്ച തടസ്സപ്പെടുമെന്ന അഭിപ്രായക്കാരനായിരുന്നു ഞാൻ. എന്നാൽ, ബലവാന്മാരായ സമൂഹവിഭാഗത്തിനു വിദ്യനൽകുന്ന കലാക്ഷേത്രത്തിനൊപ്പം ദുർബലരായ അംഗവൈകല്യമുള്ള കുട്ടികൾക്കായി ഒരു സാമൂഹ്യസേവനകേന്ദ്രം തുടങ്ങിയാൽ അതു വിദ്യാഭ്യാസമേഖലയ്ക്കു തടസ്സമാവില്ല എന്നു മാത്രമല്ല, പൂരകമായേ വർത്തിക്കൂ എന്നെനിക്കു ബോധ്യമായി അങ്ങനയാണ് 1970-ൽ വികലാംഗർക്കുവേണ്ടി “സ്നേഹഭവൻ” തുടങ്ങാനുള്ള ഫാ. ഡിസ്മാസിന്റെ പരിശ്രമവുമായി സഹകരിക്കാൻ ഞാൻ തയ്യാറായത്.

ഡോ. ശങ്കുണ്ണി : ഇരിങ്ങാലക്കുടയിൽ ഒരു വനിതാ കോളേജ് രൂപപ്പെട്ടത് ക്രൈസ്റ്റിന്റെ ഭാഗമായല്ലേ ?

ഫാ.ഗബ്രിയേൽ : അതെ, ഡിഗ്രി കോഴ്സ് പൂർത്തിയാക്കി ക്രൈസ്റ്റ് കോളേജിൽ നിന്ന് ആദ്യബാച്ച് വിദ്യാർത്ഥികൾ പുറത്തുവന്നപ്പോൾ തന്നെ, തങ്ങളുടെ പെൺകുട്ടികളെ പഠിപ്പിക്കാൻ ഇതുപോലൊരു സ്ഥാപനമില്ലല്ലോ എന്ന ഉത്ക്കണ്ഠ നാട്ടുകാരുടെ മനസ്സിൽ മുളവലിച്ചു. ആ ഉൽക്കണ്ഠ മനസ്സിൽ വളർന്നുവെങ്കിലും വിദ്യാർത്ഥിനികൾക്കായി ഒരു കോളേജ് സ്ഥാപിക്കാൻ ഒരു ഏജൻസിയും മുന്നോട്ടു വന്നില്ല. അതുകൊണ്ട്, 1961-ൽ തന്നെ, പ്രൊവിൻഷ്യലായ ഫാ.ക്ലെമൻസിനേയും എന്നേയും നാട്ടുകാർ സമീപിച്ചു. ക്രൈസ്റ്റ് കോളേജിൽ പെൺകുട്ടികൾക്കും പ്രവേശനം നൽകണം എന്നതായിരുന്നു പൊന്തിവന്ന ഒരാശയം. നാട്ടുകാരുടെ ആ ആശയത്തോടു പ്രൊവിൻഷ്യലിന് അനുഭാവമുണ്ടായിരുന്നുവെങ്കിലും ആശ്രമസംഘത്തിന്

ആ ആശയം ദഹിച്ചില്ല. സ്ഥലത്തെ സി.എം.സി. സന്ന്യാസിനിമഠവും വനിതാകോളേജ് സ്ഥാപിക്കാൻ മുന്നോട്ടു വന്നില്ല. പെൺകുട്ടികൾക്കും ഒരു കോളേജ് വേണമെന്ന് ഒരാശ എന്റെ ഉള്ളിന്റെയുള്ളിൽ തുടിച്ചിരുന്നു. ബോംബെയിലുള്ള സെന്റ് സോഫിയാ കോളേജ് അധികൃതരെ കൊണ്ടുവരാൻ ഇതിനിടയിൽ ഞാനൊരു ശ്രമം നടത്തി. പക്ഷേ സാധിച്ചില്ല. ഈയവസരത്തിലാണ് ഇന്ത്യാ–ചൈന യുദ്ധം പൊട്ടിപുറപ്പെടുന്നത്. കോളേജിലേയ്ക്കുള്ള വിദ്യാർത്ഥികളുടെ ക്രമാതീതമായ ഒരു പ്രവാഹമുണ്ടായി. നിലവിലുള്ള വനിതാകോളേജുകൾക്കു വർദ്ധിച്ച ആവശ്യം നിറവേറ്റാനായില്ല. ഈ പശ്ചാത്തലത്തിൽ പഴയ കോളേജുകൾക്കു പുതിയ ഡിവിഷനുകൾ അനുവദിക്കുവാൻ സർവ്വകലാശാലയുടെ ഭാഗത്തു നിന്ന് അനുകൂലമായ ഒരു നീക്കമുണ്ടെന്നു മനസ്സിലാക്കിയ ഞങ്ങൾ നാട്ടിലെ ഏതാനും പ്രതിനിധകളെ കൂട്ടിക്കൊണ്ടു തിരുവനന്തപുരത്തെത്തി; വൈസ് ചാൻസലർ ശ്രീ സാമുവൽ മത്തായിയെക്കണ്ടു ക്രൈസ്റ്റ് കോളേജിൽ പെൺകുട്ടികൾക്കായി പ്രത്യേക ഡിവിഷനുകൾ തുടങ്ങാൻ അനുവാദം വാങ്ങി. അങ്ങനെ ക്രൈസ്റ്റ് കോളേജിന്റെ ഭാഗമായി 1963–ൽ വനിതാകോളേജ് ആരംഭിച്ചു.

ഡോ.ശങ്കുണ്ണി : എന്നിട്ട്?

ഫാ.ഗബ്രിയേൽ : ക്രൈസ്റ്റിന്റെ വനിതാവിഭാഗം വിജയകരമായി നടക്കുന്നതു കണ്ടപ്പോൾ ഹോളിഫാമിലി സഹോദരികൾ കോളേജ് നടത്താൻ സന്നദ്ധരായി മുന്നോട്ടു വന്നു. കോളേജ് സ്ഥാപിക്കാനുള്ള സ്ഥലം വാങ്ങാനും പ്ലാൻ തയ്യാറാക്കാനുമുള്ള ഒത്താശകൾ ഞാൻ ചെയ്തു കൊടുത്തു. ആ അദ്ധ്യയനവർഷത്തിന്റെ അവസാനം തന്നെ ഞങ്ങൾ വനിതാസെക്ഷനിൽ നിന്നു പിന്മാറുകയും ഹോളിഫാമിലി സഹോദരികൾ ആരംഭിച്ച സെന്റ് ജോസഫ്സ് കോളേജിന് അവിടത്തെ ഫർണിച്ചറും ഉപകരണങ്ങളും വിട്ടുകൊടുക്കയും ചെയ്തു. സാധാരണഗതിയിൽ പറഞ്ഞാൽ, ക്രൈസ്റ്റ് കോളേജിന്റെ വനിതാവിഭാഗത്തിന്റെ തുടർച്ചയായാണ് സെന്റ് ജോസഫ്സ് കോളേജ് രൂപം കൊണ്ടത്.

ഡോ.ശങ്കുണ്ണി : അതായത്, ക്രൈസ്റ്റും സെന്റ് ജോസഫ്സും ആങ്ങയയും പെങ്ങളുമാണെന്ന്, അല്ലേ?

ഫാ.ഗബ്രിയേൽ : എന്നു പറഞ്ഞാലും തെറ്റില്ല.

ഡോ.ശങ്കുണ്ണി : വിദ്യാർത്ഥികൾക്ക് ഏറെ പ്രിയംകരനായ പ്രിൻസിപ്പാളായിരുന്നു അങ്ങ്. മുമ്പേ സൂചിപ്പിച്ചതുപോലെ അങ്ങ് അവരുടെ മനസ്സിൽ നിറഞ്ഞുനിന്നിരുന്നു. സ്വവേ കർക്കശസ്വഭാവക്കാരനാണെന്ന ഒരു അപഖ്യാതി അങ്ങയെ ചുറ്റിപ്പറ്റിയുണ്ട്. ഈ കർക്കശസ്വഭാവക്കാരൻ എങ്ങനെ വിദ്യാർത്ഥികളുടെ കണ്ണിലുണ്ണിയായി?

ഫാ.ഗബ്രിയേൽ : ഔദ്യോഗികകാര്യങ്ങളിൽ ഞാൻ കുറേ കാർക്കശ്യമുള്ളവൻ തന്നെയാണ്. കാര്യങ്ങൾ കൃത്യമായും കണിശമായും നിർവ്വഹിക്കപ്പെടണമെന്ന് എനിക്ക് നിർബന്ധമുണ്ട്. എന്നാൽ, വിദ്യാർത്ഥികളോട് അതീവ സ്നേഹമുള്ള ഒരധ്യാപകനാണ് ഞാൻ. അനൗദ്യോഗികസാഹചര്യങ്ങളിൽ വിദ്യാർത്ഥികളുമായി അടുക്കുകയും ഇടകലരുകയും ചെയ്യുക വഴി, ബാഹ്യമായ പൗരുഷ്യത്തിന്നടിയിൽ മൃദുലമായ ഒരു വശമുണ്ടെന്നു വിദ്യാർത്ഥികൾക്കു മനസ്സിലായി കാണും. ഞാൻ അവർക്കു വേണ്ടി നിലകൊള്ളുന്നുവെന്ന് അവരറിയുംതോറും അവർ എന്നിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. അതുകൊണ്ട് ഇന്നും വിദ്യാർത്ഥികളുടെ ഇടയിൽ ധാരാളം ആരാധകരുള്ള ഒരധ്യാപകനായി ഞാൻ നിലകൊള്ളുന്നു.

ഡോ.ശങ്കുണ്ണി : പ്രശസ്ത സിനിമാനടനായിരുന്ന സത്യന്റെ ആകസ്മികമായ നിര്യാണത്തിൽ അനുശോചിക്കാൻ ചേർന്ന യോഗത്തിൽ അങ്ങ് സത്യന്റെ കലാസപര്യയെക്കുറിച്ചു നീണ്ട പ്രഭാഷണം നടത്തി കേൾവിക്കാരെ അത്ഭുതപ്പെടുത്തിയെന്ന കഥ കേട്ടിട്ടുണ്ട്. അങ്ങയിൽ ഒളിഞ്ഞു കിടക്കുന്ന കലാപ്രേമമാണ് ഇത് കാണിക്കുന്നത്. വിദ്യാർത്ഥികളുടെ കലാപരമായ വാസനകളെ പ്രോത്സാഹിപ്പിക്കാൻ അങ്ങ് കൈകൊണ്ട നടപടികൾ –

ഫാ.ഗബ്രിയേൽ : നമ്മുടെ കലാലയങ്ങളിൽ വേണ്ടിടത്തോളം കലയില്ല എന്ന അഭിപ്രായക്കാരനാണ് ഞാൻ. ഈ നില മാറണമെന്ന ആത്മാർത്ഥമായ ആഗ്രഹത്തോടെ, കുട്ടികളിലെ കലകളെ പ്രോത്സാഹിപ്പിക്കാൻ പല പരിശ്രമങ്ങളും ഞാൻ നടത്തിയിട്ടുണ്ട്. അതിന്റെ ഒരു ഭാഗമായി രൂപം പൂണ്ടതാണ് ഇരിങ്ങാലക്കുടയിലെ കലാവേദിയായ ആർട്സ് കേരള. നാട്ടിലേയും രണ്ടു കോളേജുകളിലേയും വിദ്യാർത്ഥിനീവിദ്യാർത്ഥികളെ ഉദ്ദേശിച്ച്, അവരിലെ കലാവാസന ഊട്ടിവളർത്താൻ വേണ്ടിയാണ് ആർട്സ് കേരള സ്ഥാപിക്കപ്പെട്ടത്.

ഡോ.ശങ്കുണ്ണി : ഇരിങ്ങാലക്കുടയിൽ സ്ഥാപിതമായ കാത്തലിക് സെന്ററിന്റെ പശ്ചാത്തലം വിവരിക്കാമോ?

ഫാ. ഗബ്രിയേൽ : ഞാൻ വിരമിക്കുന്ന കാലമായപ്പോഴേയ്ക്കും വിദ്യാർത്ഥിലോകം പൊതുവേ അദ്ധ്യാപകനേതൃത്വത്തിന്റെ ആകർഷണവലയത്തിലേക്കു നീങ്ങിക്കൊണ്ടിരുന്നു. ഈ പ്രക്രിയ നിസ്സഹായരായി നോക്കികാണാനേ കോളേജാധികാരികൾക്കു സാധ്യമായിരുന്നുള്ളൂ. അതുകൊണ്ട്, ക്യാമ്പസിനു പുറത്ത് അവരെ കണ്ടെത്തുകയും അവരെ സദ്പന്ഥാവിലേയ്ക്ക് ആനയിക്കുകയും ചെയ്യാനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് കാത്തലിക് സെന്റർ 1975 ആരംഭത്തിൽ രൂപം കൊണ്ടത്. ഇതിന്റെ ഒരു പ്രത്യേകത, ജനപങ്കാളിത്തം നിയമപരമായും ഉറപ്പുവരത്തക്കവണ്ണം രജിസ്റ്റർ ചെയ്ത സൊസൈറ്റിയായിട്ടാണ് ഇതു രൂപം കൊണ്ടതെന്നായിരു

ന്നു. അതിൽ ക്രൈസ്റ്റ് ആശ്രമവും സ്ഥലത്തെ ഇടവകപള്ളിയും നാട്ടുകാരും അംഗങ്ങളാണ്.

ഡോ. ശങ്കുണ്ണി : അധ്യാപനവൃത്തി സ്വയം ദാനമായി കാണുന്ന ആചാര്യശ്രേഷ്ഠനായ അങ്ങയുടെ കയ്യിൽ നിന്ന് എല്ലാം വാങ്ങാൻ കൈക്കുമ്പിൾ നീട്ടി നിൽക്കുന്ന ഒരു വിദ്യാർത്ഥിയായി ഇരിങ്ങാലുക്കുട നില്ക്കുന്ന രംഗം എന്റെ മനസ്സിൽ തെളിയുന്നു.

ഫാ. ഗബ്രിയേൽ : 1975 മാർച്ച് 31-ന് ഞാൻ കർമരംഗത്തു നിന്നു വിരമിച്ചു. അതീവഹൃദ്യമായ ഒരു യാത്രയയപ്പാണ് എന്റെ വിദ്യാർത്ഥികളും അധ്യാപകരും പൊതുജനങ്ങളും എനിക്കു നൽകിയത്. പുതുതായി പണി തീർത്ത ഓഡിറ്റോറിയത്തിന് അന്നത്തെ കോളേജ് എക്സിക്യൂട്ടീവ് കൗൺസിലിന്റേയും അധ്യാപകവിദ്യാർത്ഥികളുടേയും അഭിലാഷമനുസരിച്ച് ഗബ്രിയേൽ ഹാൾ എന്ന പേരിടുകയും എന്റെ പൂർണകായചിത്രം അതിൽ ബിഷപ്പ് ക്ലമൻസ് അനാച്ഛാദനം ചെയ്യുകയും ചെയ്തു. പട്ടണത്തിന്റെ പല ഭാഗങ്ങളിലും പല സ്ഥാപനങ്ങളിലും കൊടുങ്ങല്ലൂർ മുതലായ വിദൂരസ്ഥലങ്ങളിലും യാത്രയയപ്പിന്റെ ചടങ്ങുകൾ അരങ്ങേറി.

ഡോ. ശങ്കുണ്ണി : തേവര കോളേജിലും ക്രൈസ്റ്റ് കോളേജിലുമായി രണ്ടു വ്യാഴവട്ടക്കാലത്തിലേറെക്കാലം അങ്ങ് അധ്യാപനവൈദഗ്ദ്ധ്യം ഭരണനൈപുണ്യവും വിളിച്ചറിയിച്ചുകൊണ്ടു കർമനിരതനായിരുന്നുവല്ലോ. സർവ്വകലാശാലവിദ്യഭ്യാസരംഗത്തെ അതികായന്മാരുടെ നാസീരപംക്തിയിൽ എണ്ണപ്പെടാനുള്ള അപൂർവ്വഭാഗ്യം അങ്ങേയ്ക്കു കൈവന്നിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസസരംഗത്ത് ആരാധ്യനാവാനും ഒട്ടേറെ വിശിഷ്ടപദവികൾ അലങ്കരിക്കാനും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനും സാഹചര്യമുണർന്ന അങ്ങേക്ക് ഈ രംഗത്തെ സംഭാവനകളെ ഒന്നോടിച്ചു കാണാനാവുമോ?

ഫാ. ഗബ്രിയേൽ : ഈ ചോദ്യം സംഭവബഹുലവും അനുഭവസാന്ദ്രവുമായ ഒരു ഭൂതകാലത്തിലേക്ക് എന്നെ കൈപിടിച്ചുകൊണ്ടു പോവുന്നു. 1949-ലാണ് ഞാൻ ഉന്നതവിദ്യാഭ്യാസരംഗത്തെത്തുന്നത്. 1975-ൽ ക്രൈസ്റ്റിൽ നിന്നു വിരമിക്കും വരെ ഞാൻ ആ രംഗത്തു സജീവമായുണ്ടായിരുന്നു. അതിനുശേഷം കഴിഞ്ഞ 18 വർഷക്കാലവും ഞാൻ ഈ രംഗത്തു ശക്തമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഈ തുറയിൽ എന്റെ പ്രവർത്തനം പരക്കേ സ്വാഗതം ചെയ്യപ്പെടുന്നുണ്ടാവാം. അധ്യാപനത്തിലുള്ള എന്റെ ആത്മാർത്ഥത, വിദ്യാർത്ഥികളോടുള്ള അർപ്പണബോധം, കൃത്യനിഷ്ഠ, കാര്യക്ഷമത മുതലായ ഗുണങ്ങൾ പൊതുജനങ്ങളിലും വിശിഷ്യാ വിദ്യാർത്ഥിസമൂഹത്തിലും കുറെയൊക്കെ മതിപ്പ് ഉളവാക്കിയിട്ടുള്ളതായിട്ടറിയാം. വിദ്യാർത്ഥികളുടെ മനസ്സിൽ ഒരാരാധ്യനായി ഞാൻ വളർന്നു നില്ക്കുന്നു എന്നുള്ളതാണ് എന്റെ ഏറ്റവും വലിയ നേട്ടമായി ഞാൻ കണക്കാക്കുന്നത്. ഉന്നതവിദ്യാ

ഭ്യാസരംഗത്തെ പ്രഗത്ഭരായ ഫാ.റോമിയോ തോമസ്, ഫാ.തിയോഡോഷ്യസ് മുതലായവരുടെ കൂട്ടത്തിൽ അവർ എന്നെയും ഒരു പക്ഷേ ഉൾപ്പെടുന്നുണ്ടാവണ്. ട്രാവൻകൂർ യൂണിവേഴ്സിറ്റിയിലും കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലുമുള്ള ഔദ്യോഗികസമിതികളായ ബോർഡ് ഓഫ് സ്റ്റഡീസിലും അക്കാദമിക്ക് കൗൺസിലിലും സെനറ്റിലും ദീർഘകാലം ഞാൻ പ്രവർത്തിച്ചിട്ടുണ്ട്. ആ പ്രവർത്തനപാരമ്പര്യം, പ്രിൻസിപ്പൽ പദവിയിൽ നിന്നും വിരമിച്ചശേഷവും സർവ്വകലാശാല വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്നു വിരമിക്കാൻ സമ്മതിക്കാതെ എന്നെ പിടിച്ചു നിർത്തിയിരിക്കുകയാണ് – ഇന്നും. ക്രൈസ്റ്റിലെ പ്രിൻസിപ്പൽ പദവിയിൽ നിന്നും വിരമിച്ച് അഞ്ചു വർഷം കഴിഞ്ഞപ്പോഴാണ് എന്നെ കാലിക്കറ്റ് സർവ്വകലാശാല സിൻഡിക്കേറ്റിലേക്ക് തെരഞ്ഞെടുത്തത് എന്ന കാര്യം ഭംഗ്യന്തേരണ ഞാൻ ഓർത്തുപോവുന്നു. ആ പദവിയിൽ ഉദ്ദേശം അഞ്ചു വർഷക്കാലം എന്റെ സേവനം കാലിക്കറ്റ് സർവ്വകലാശാലക്കു സമർപ്പിക്കാനായിട്ടുണ്ടെന്ന കാര്യവും ഓർക്കട്ടെ. ഉത്തരവാദപ്പെട്ട പദവികളിലിരുന്നുകൊണ്ട് ഉന്നതവിദ്യാഭ്യാസരംഗത്തിനു ഞാൻ നൽകിയ സംഭാവനകൾ എന്തൊക്കെയെന്നല്ലെ ചോദ്യം? പെട്ടെന്ന് ഓർമ്മയിലെത്തുന്ന ഒന്നിനെ സ്പർശിക്കാം. 1972 കാലത്തു കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തു കോളിളക്കം സൃഷ്ടിച്ചുകൊണ്ടു കോളേജു വിദ്യഭ്യാസസമരം വന്നു. പ്രൈവറ്റ് കോളേജ് അധ്യാപകർക്കു നേരിട്ടു ശമ്പളം നേടിയെടുക്കാനുള്ള ആ അവകാശസമരത്തിൽ ഗവൺമെന്റിനും മാനേജ്മെന്റിനും ഒരു പോലെ സ്വീകാര്യമായ വ്യവസ്ഥകൾ രുപപ്പെടുത്താൻ എന്റെ എളിയ സേവനം ഉപകരിച്ചിട്ടുണ്ട്. ഈ വ്യവസ്ഥകൾ രൂപം കൊണ്ടത് ഇരിങ്ങാലക്കുടയിലുള്ള ശ്രീ കെ.പി.ജോണിന്റെ ഭവനത്തിലും ക്രൈസ്റ്റ് കോളേജിലും വെച്ചു നടന്ന ചർച്ചകളിലാണ് എന്നു ഞാൻ ഓർക്കുന്നു. ഈ വ്യവസ്ഥകൾ ഉന്നതവിദ്യാഭ്യാസരംഗത്തു ശാശ്വതസമാധാനം നിലനിർത്താൻ പര്യാപ്തമായി എന്നു കൂടി പറയട്ടെ – മറ്റൊരു സംഭാവന. കാലിക്കറ്റ് സർവ്വകലാശാലയുടെ കീഴിലുള്ള ക്രൈസ്തവകോളേജുകൾ ഉന്നതനിലവാരം പുലർത്തുന്നവയാണെങ്കിലും അവയ്ക്കു സർവ്വകലാശാലയുടെ വിവിധ സമിതികളിൽ അർഹമായ പ്രാതിനിധ്യം ലഭിച്ചിരുന്നില്ല. ഇതു പരിഹരിക്കുന്നതിനായി, സർവ്വകലാശാലയുടെ കീഴിലുള്ള ക്രൈസ്തവകോളേജുകളെ തൃശ്ശൂർ ബിഷപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച് അവർക്കായി ഒരു ഹയർ എഡ്യൂക്കേഷൻ കൗൺസിൽ 1986–ൽ രൂപീകരിച്ചു. ഈ സംഘടന ഉന്നതവിദ്യാഭ്യാസതലത്തിൽ ഉയർന്ന നിലവാരം നിലനിറുത്തുന്നതിനും, തെരഞ്ഞെടുപ്പിലൂടെ സർവ്വകലാശാലസമിതികളിൽ അർഹമായ പ്രാതിനിധ്യം നേടിയെടുക്കുന്നതിനും കഴിവുള്ള ശക്തമായ സംഘടനയായി നിലകൊള്ളുന്നു. ഈ കൗൺസിലിന്റെ സംസ്ഥാപനത്തിന്റെ സൂത്രധാരനായും അടുത്തകാലം വരെ അതിന്റെ പ്രസിഡണ്ടയും പ്രവർത്തിക്കാൻ എനിക്കു കഴി

ഞ്ഞിട്ടുണ്ട്. ഇന്നാടിന്റെ വളർച്ചയിൽ ക്രൈസ്തവസമൂഹത്തിന്റെ സംഭാവനയെക്കുറിച്ചു പഠിക്കുന്നതിനും ഗവേഷണം ഏറ്റെടുക്കുന്നതിനും വേണ്ടി 1983-ൽ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്രിസ്ത്യൻ സ്റ്റഡീസ് എന്ന ഒരു സൊസൈറ്റി രജിസ്റ്റർ ചെയ്ത് പ്രവർത്തനം തുടങ്ങി. ഈ സമിതിയുടെ ആഭിമുഖ്യത്തിൽ കാലിക്കറ്റ് സർവ്വകലാശാലയിൽ 1986-ൽ ക്രൈസ്തവ വിദ്യാപീഠം സ്ഥാപിക്കാൻ മുൻകയ്യെടുക്കുകയുണ്ടായി. സി.എം.ഐ. സഭയിൽ നയരൂപീകരണത്തിനായി സ്ഥാപിതമായ സി.എം.ഐ ബോർഡിന്റെ ആദ്യത്തെ സെക്രട്ടറിയും പിന്നീട് ദീർഘകാലം അതിന്റെ പ്രസിഡണ്ടുമായി ഞാൻ സഭയെ സേവിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി : വീണ്ടും വിഷയത്തിലേക്കു വരാം. ക്രൈസ്റ്റ് കോളേജിലേയ്ക്കു വിട പറയുമ്പോൾ ഒരു വിശ്രമജീവിതത്തെക്കുറിച്ചു ചിന്തിച്ചിരുന്നോ?

ഫാ. ഗബ്രിയേൽ : അതിനിടകിട്ടിയില്ല. അതിനുമുമ്പെ, അതായത് ക്രൈസ്റ്റ് കോളേജിൽ നിന്നു പിരിയുന്നതിനു മുമ്പേതന്നെ, ചാലക്കുടിക്കാർ എന്നെ ക്ഷണിച്ചിരുന്നു – ശേഷിക്കുന്ന കാലം, അവർക്കു വേണ്ടി കർമരംഗത്തിറങ്ങാൻ. അവരുടെ താല്പര്യക്കുറവു മൂലം അവർക്കു കിട്ടുമായിരുന്ന ക്രൈസ്റ്റ് കോളേജ് നഷ്ടപ്പെട്ടു എന്നൊരു കുറ്റബോധം അവർക്കുണ്ടായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം എവിടെ പ്രവർത്തിക്കുവാൻ നിയോഗിക്കപ്പെട്ടുവോ അവിടെ നൂറു ശതമാനം ആത്മാർത്ഥയോടെത്തന്നെ, ഏല്പിക്കപ്പെടുന്ന ചുമതലകൾ നിറവേറ്റാൻ ഞാൻ ഒരുക്കമായിരുന്നു. എനിക്കു ചാലക്കുടിയിൽ പ്രവർത്തിക്കാൻ തടസ്സമൊന്നുമുണ്ടായിരുന്നില്ല. പക്ഷെ തികച്ചും അപ്രതീക്ഷിതമായി മറ്റൊന്നു സംഭവിച്ചു.

ഡോ.ശങ്കുണ്ണി : എന്താണത്?

ഫാ. ഗബ്രിയേൽ : ഏപ്രിൽ ആരംഭത്തിൽ സമ്മേളിച്ച പ്രവിശ്യസംഘത്തിൽവെച്ച് 1975 – ൽ ഞാൻ ദേവമാതാ പ്രവിശ്യയുടെ പ്രോവിൻഷ്യൽ ആയി തിരഞ്ഞെടുക്കപ്പെട്ടു. ഞാൻ പ്രോവിൻഷ്യലായി തെരഞ്ഞെടുക്കപ്പെട്ട വിവരമറിഞ്ഞപ്പോൾ, താമസിയാതെ ചാലക്കുടിക്കാർ വീണ്ടും തങ്ങളുടെ ആവശ്യവുമായി എന്നെ സമീപിച്ചു. അവരുടെ വളർച്ചയിൽ തടസ്സം സൃഷ്ടിക്കുന്നതു നല്ല വിദ്യഭ്യാസസ്ഥാപനങ്ങളുടെ അഭാവമാണെന്നും ആ കോട്ടം തീർക്കാനാണ് എന്റെ സഹായം തേടുന്നതെന്നും അവർ സൂചിപ്പിച്ചു. പ്രാത:സ്മരണീയനായ പനമ്പിള്ളി ഗോവിന്ദമേനോന്റെ നാമത്തിൽ സർക്കാരിനെക്കൊണ്ട് ഒരു കോളേജ് സ്ഥാപിച്ചു കിട്ടാൻ യത്നിക്കുന്നുണ്ട് എന്നവർ വ്യക്തമാക്കി. ആ സാഹചര്യത്തിൽ ഒരു നല്ല ഹൈസ്കൂൾ സ്ഥാപിച്ചു കിട്ടുന്നതിലേക്കാണ് എന്റെ സഹായം തേടുന്നതെന്ന് അവർ വെളിപ്പെടുത്തി. പഠിപ്പിക്കുന്ന അധ്യാപകരുള്ള, പഠിക്കുന്ന അധ്യേതാക്കളുള്ള ഒരു സ്കൂൾ. ഇതിനേറ്റവും പറ്റിയത്, സർക്കാരിന്റെ ഗ്രാന്റില്ലാത്ത അംഗീകൃത സ്കൂളാണെന്നും അതാണവരുടെ ആവശ്യമെന്നും അവർ വിശദമാക്കി.

ഡോ. ശങ്കുണ്ണി : ഒരു പുതിയ കർമപദ്ധതിയുടെ തുടക്കം അല്ലേ?

ഫാ. ഗബ്രിയേൽ : അതേ. പക്ഷേ എന്റേതായ നിബന്ധനകൾ ഞാൻ മുന്നോട്ടു വെച്ചു. അതായത്, ജനപങ്കാളിത്തമുള്ള പ്രസ്ഥാനത്തിനേ ഞാൻ നേതൃത്വം നൽകൂ. ജനങ്ങളോടൊപ്പം നില്ക്കുകയല്ലാതെ, ജനങ്ങളുടെ മുന്നിൽ കയറി നിൽക്കുക എന്റെ പ്രവർത്തനശൈലിയല്ല. അതുകൊണ്ട് നിങ്ങളുടെ കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള ത്യാഗം നിങ്ങൾ തന്നെ സഹിക്കണം. എന്റെ കർക്കശമായ നിലപാടു ഞാൻ തീർത്തും വ്യക്തമാക്കി. എന്റെ നിലപാടിനോട് അവർ പരിപൂർണ്ണമായും യോജിച്ചു.

ഡോ.ശങ്കുണ്ണി: അപ്പോഴോ?

ഫാ.ഗബ്രിയേൽ: എന്താണ് വേണ്ടത് എന്നതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്തു. ഇതിനുവേണ്ടതായ അംഗീകാരം ബിഷപ്പിൽ നിന്നും ഗവർമ്മെണ്ടിൽ നിന്നും വാങ്ങണം. പത്തേക്കർ സ്ഥലമെങ്കിലും നല്ലൊരു സ്ഥലത്തു വാങ്ങിത്തരണം. ഒരു നല്ല ശതമനാം വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കാനുള്ള സംവിധാനവും ഒരുക്കണം. കർശനമായ ഈ നിബന്ധനകൾ കേട്ടപ്പോൾ മൊത്തത്തിൽ സന്നദ്ധയുണ്ടെങ്കിലും ആലോചിക്കാം എന്ന മറുപടി നൽകി അവർ പരിഞ്ഞു. കൃത്യമായി മറുപടി നൽകാൻ അല്പം കൂടി അലോചിക്കേണ്ടതുണ്ട് എന്നതായിരുന്നു അവരുടെ നിലപാട്.

ഡോ.ശങ്കുണ്ണി : എന്നിട്ടെന്തുണ്ടായി?

ഫാ. ഗബ്രിയേൽ : തെരഞ്ഞെടുപ്പു കഴിഞ്ഞതിനുശേഷം അധികം താമസിയാതെ സംഘാംഗങ്ങൾ പിരിഞ്ഞു. പുതിയ പ്രോവിൻഷ്യലും സംഘവും കാര്യമായി എന്തെങ്കിലും ചെയ്യുമെന്നുള്ള പ്രതീക്ഷ സംഘാംഗങ്ങളിലുണ്ടായി. പ്രോവിൻസിന്റെ ഭാവിയെക്കുറിച്ചു പുതിയ പ്രൊവിൻഷ്യലും പ്രവിശ്യ കൗൺസിലംഗങ്ങളും പലവട്ടം ചർച്ച നടത്തി. രൂപതാധ്യക്ഷനെ കണ്ടു പ്രൊവിൻഷ്യൽ സംസാരിച്ചു. യുവാക്കളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനു യുവവൈദികർക്കുള്ള ആഭിമുഖ്യം കണക്കാക്കി ഏതാനും സാംസ്കാരിക കേന്ദ്രങ്ങൾ തുടങ്ങണമെന്ന ഒരഭിപ്രായം വന്നു. പ്രവിശ്യയിൽ ഒരാസ്പത്രി വേണമെന്ന ആശയവും ഉന്നയിക്കപ്പെട്ടു. ഈ പശ്ചത്തലത്തിലാണ് പ്രവിശ്യസംഘത്തിന്റെ രണ്ടാം സെഷൻ ചേരുന്നത്. ചർച്ചയിൽ ചാലക്കുടി സ്കൂളിന്റെ കാര്യവും വന്നു. ചാലക്കൂടിക്കാരുമായുള്ള ചർച്ചയുടെ വിശദാംശങ്ങൾ ഞാൻ വെളിവാക്കി. ആലോചിക്കട്ടെ എന്ന മറുപടി നൽകി അവർ പോയതാണ്; അവരുടെ മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ ഖണ്ഡിതമായ ഒരുത്തരം പറയാനാവില്ല എന്നു ഞാൻ പറഞ്ഞു. പ്രവിശ്യസംഘം പിരിഞ്ഞ് ഏതാനും മണിക്കൂറുകൾ കഴിഞ്ഞപ്പോഴേക്കും ചാലക്കുടിക്കാരെത്തി. ഇതു തികച്ചും ആകസ്മിക

മായിരുന്നു. പക്ഷേ ചാലക്കൂടി സ്കൂളിനോട് എതിർപ്പുള്ള ഏതാനും സംഘാംഗങ്ങൾ ഇത് ആസൂത്രിതമെന്ന് തെറ്റിദ്ധരിച്ചു.

ഡോ. ശങ്കുണ്ണി : എന്നിട്ടോ?

ഫാ. ഗബ്രിയേൽ : പ്രവിശ്യാ കൗൺസിൽ മുന്നോട്ടു വച്ച വ്യവസ്ഥകളൊക്കെ അംഗീകരിച്ചുകൊണ്ടാണ് അവർ എത്തിയിരിക്കുന്നത്. സ്ക്കൂളിനുള്ള അംഗീകാരം അവർ വാങ്ങിക്കൊള്ളാം. 25 ശതമാനം വിദ്യാർത്ഥികളെ സൗജന്യമായി പഠിപ്പിക്കാൻ സൗകര്യമുണ്ടാക്കാം. ആവശ്യമുള്ള പത്തേക്കർ സ്ഥലം വാങ്ങിത്തരാം. തൃശ്ശൂർ ബിഷപ്പ് വളരെ അനുകൂലമാണെന്നും അവർ അറിയിച്ചു.

ഡോ. ശങ്കുണ്ണി : പിന്നെയെല്ലാം ഗബ്രിയേൽ സ്റ്റൈലിൽ നടന്നു അല്ലേ?

ഫാ.ഗബ്രിയേൽ : എന്നു പറയാം. സ്കൂൾ സ്ഥാപിക്കാനുള്ള ഒരുക്കങ്ങളിലേക്കു ചാലക്കുടിക്കാർ എടുത്തു ചാടി. സ്ഥാലം വാങ്ങാൻ അഡ്വ:പി.കെ. ഇട്ടൂപ്പിന്റെ നേതൃത്വത്തിലും അംഗീകാരം വാങ്ങാൻ പി.പി.ജോർജ്ജ് എം.എൽ.എ.യുടെ നേതൃത്വത്തിലും കമ്മിറ്റികളുണ്ടായി. പ്രവർത്തനം ഊർജ്ജിതമായി നടന്നു. പരേതനായ പ്രൊഫ. പി.എ. തോമസിന്റെ നേതൃത്വത്തിൽ ധനശേഖരണത്തിന് ഊർജ്ജിതമായ ശ്രമവും തുടങ്ങി. 1975 ജൂണിൽത്തന്നെ ഒരു വാടകക്കെട്ടിടത്തിൽ ചാലക്കുടി സ്കൂൾ - കാർമൽ സ്ക്കൂൾ - തുടക്കം കുറിച്ചു. ലോവർ പ്രൈമറിക്കുള്ള അംഗീകാരമാണ് ആദ്യം ലഭിച്ചത്. പിന്നീടത് ഹൈസ്ക്കൂളായി. ക്ലാരാസഹോദരിമാരുടെ പങ്കാളിത്തം ഉറപ്പു വരുത്തി. ടൗണിന്റെ ഹൃദയഭാഗത്ത് - റെയിൽവേ സ്റ്റേഷൻ റോഡിൽ - 12 ഏക്കറോളം സ്ഥലം നാട്ടുകാർ തന്നെ വാങ്ങിത്തന്നു. അതു പാടമായിരുന്നു. മണ്ണിട്ടുയർത്തി കെട്ടിടം പണി ആരംഭിച്ചു. ഫാ.ജോഷോ ചിറമ്മലിന്റെ നേതൃത്വത്തിലായിരുന്നു നിർമ്മാണപ്രവർത്തനങ്ങൾ. റെക്കോഡു വേഗത്തിൽ പണി തീർത്തു. 1976 ഒക്ടോബറിൽ കേരള ഗവർണർ ശ്രീ.എൻ.എൻ. വാഞ്ചു ഉദ്ഘാടനം നിർവ്വഹിച്ചു. അങ്ങനെ ചാലക്കുടിക്കാരുടെ ഒരു ചിരകാലഭിലാഷം പൂവണിഞ്ഞു. കാർമൽ സ്കൂൾ വെറും ഒരു ഹൈസ്കൂൾ മാത്രമായി നിലനിൽക്കാതെ, അതൊരു വിദ്യാഭ്യാസമുച്ചയമായി വരണമെന്നായിരുന്നു അവരുടെ മനസ്സിലുണ്ടായിരുന്നത് - നല്ല നിലവാരം പുലർത്തുന്ന ഹൈസ്ക്കൂൾ ഓഡിറ്റോറിയം, സ്റ്റേഡിയം, കലാസാംസ്കാരികകേന്ദ്രം, സ്വിമ്മിംങ്ങ്പൂൾ മുതലായവ ഉൾപ്പെടുന്ന ഒരു വിദ്യാഭ്യാസസമുച്ചയം. നാട്ടുകാരുടെ താല്പര്യമനുസരിച്ച് ഒന്നാം സ്റ്റാൻഡേർഡും അഞ്ചാം സ്റ്റാന്ഡേർഡും എട്ടാം സ്റ്റാൻഡേർഡും ഒറ്റയടിക്കാണ് തുടങ്ങിയത്. 1978-ൽ ആദ്യത്തെ എസ്.എസ്.എൽ.സി. ബാച്ച് പരീക്ഷക്കിരുന്നു. ഒരാളൊഴികെ എല്ലാവരും ജയിച്ചു. പിന്നീടുള്ള വർഷങ്ങളിൽ ഇടമുറിയാതെ 100 ശതമാനം കുട്ടികൾ ജയിച്ചു പോരുന്നു.

ഡോ.ശങ്കുണ്ണി : നല്ലൊരു ശതമാനം കുട്ടികളെ സൗജന്യമായി പഠിപ്പിക്കാൻ തയ്യാറാവുന്ന സ്കൂൾ എന്ന ബഹുമതി കാർമലിനുള്ളതാണെന്നു തോന്നുന്നു, അല്ലേ?

ഫാ.ഗബ്രിയേൽ : അതേ, 25 ശതമാനം കുട്ടികളെ കാർമൽ സൗജന്യമായി വിദ്യയഭ്യസിപ്പിക്കുന്നു. ഉള്ളവനേയും ഇല്ലാത്തവനേയും ഒരു പോലെ വളർത്തിക്കൊണ്ടു വരുന്ന കേരളത്തിലെ ആദ്യത്തെ അംഗീകൃതസ്കൂളും കാർമലാണ്. സംസ്ഥാന യൂത്തുഫെസ്റ്റിവെൽ, സ്റ്റേറ്റ് മീറ്റ്, സ്റ്റേറ്റ് ഫുട്ബോൾ മുതലായ മത്സരങ്ങൾക്കുള്ള ഒരു സ്ഥിരം വേദിയാണ് കാർമൽ ക്യാമ്പസ്.

ഡോ.ശങ്കുണ്ണി : കാർമൽ സ്കൂൾ തുടങ്ങുന്ന കാലത്തു തന്നെയല്ലെ അമലയുടെ പ്രവർത്തനവും തുടങ്ങുന്നത്?

ഫാ.ഗബ്രിയേൽ : ദേവമാതാ പ്രവിശ്യയുടെ കീഴിൽ എവിടെയെങ്കിലും ഒരാസ്പത്രി വേണമെന്ന ആശയം പ്രവിശ്യാ കൗൺസിലിനുണ്ടായിരുന്നു. രൂപതാദ്ധ്യക്ഷനുമായി സംസാരിച്ചതിൽ, അദ്ദേഹം പ്രസ്തുത ആശയത്തെ സ്വാഗതം ചെയ്തു. ഈ ആസ്പത്രി എവിടെയാവണമെന്നോ ഏതു തരത്തിൽ പെട്ടതാവണമെന്നോ തീരുമാനമാവുന്നതിനു മുമ്പാണ് ഞാൻ വിദേശത്തേക്കു പോകുന്നത്.

ഡോ.ശങ്കുണ്ണി : ക്യാൻസർ സൊസൈറ്റി എങ്ങനെയാണ് ഇതിൽ ബന്ധപ്പെടുന്നത്?

ഫാ.ഗബ്രിയേൽ : തൃശ്ശൂരിൽ ഒരു ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് 1973–ൽ തന്നെ തുടങ്ങുന്നതിനു കേരള ക്യാൻസർ സൊസൈറ്റി ശ്രമമാരംഭിച്ചുവെങ്കിലും കാര്യമായ പ്രവർത്തനമൊന്നുമില്ലാതെ ആ പദ്ധതി വർഷങ്ങളായി വഴിമുട്ടി നില്പായിരുന്നു. ഏതെങ്കിലും ഒരു ഏജൻസിയെ ഇതേൽപ്പിച്ചു കാര്യം സാധിക്കണമെന്ന ഉദ്ദേശത്തിലായിരുന്നു അവർ. ആ ഘട്ടത്തിലാണ് ക്രൈസ്റ്റ് കോളേജ് സംസ്ഥാപനത്തിൽ വിജയം വരിച്ച ഞാൻ അവിടെ നിന്ന് വിരമിച്ച ദേവമാതാ പ്രവിശ്യയുടെ പ്രൊവിൻഷ്യലായി തൃശ്ശൂരിലെത്തുന്നത്. വല്ല വിധേയനയും എന്നെ ഇതിലേക്കിറക്കിയാൽ കാര്യം നേടാമെന്ന ഒരു പ്രതീക്ഷയിൽ ക്യാൻസർ സൊസൈറ്റിയുടെ പ്രതിനിധികളായ ഡോ.പി.എം. വർക്കി, പി.വി.ജോൺ, ഫാ.തെക്കേക്കര, അഡ്വ.പുഴങ്കര ബാലനാരായണൻ മുതലായവർ പലവട്ടം എന്നെ സമീപിച്ചു. എന്നാൽ, ആസ്പത്രി പ്രസ്ഥാനത്തിൽ യാതൊരു പരിജ്ഞാനവുമില്ലാത്ത എനിക്ക് ക്യാൻസർ ഹോസ്പിറ്റൽ പോലുള്ള ഒരു പ്രസ്ഥാനത്തിൽ മുൻകയ്യെടുക്കാൻ ധൈര്യമുണ്ടായില്ല. ഞങ്ങളുടെ സമൂഹത്തിൽ ഡോക്ടർമാരോ നഴ്സുമാരോ ഒന്നുമില്ല. ഞങ്ങൾക്കാർക്കും രോഗ സേവനരംഗത്തു പരിചയമില്ല. പോരാത്തതിനു പണവുമില്ല. ഈ സാഹചര്യത്തിൽ, ക്യാൻസർ ഹോസ്പിറ്റൽ പോലുള്ള ബൃഹത്തായ ഒരു പദ്ധതി ഏറ്റെടുക്കാൻ പ്രയാസമാണെന്ന കാര്യം ഞാൻ അവരെ അറിയിച്ചു. എങ്കിലും, തൃശ്ശൂരിനു വേണ്ടി എന്തെങ്കിലും ചെയ്യണമെന്നൊരു ചിന്താഗതി എന്റെ മനസ്സിലുണ്ടായിരുന്നു. ഒരു

നാട്ടിൽ പ്രവർത്തിക്കുമ്പോൾ ആ നാട്ടുകാർക്ക് ആവശ്യമുള്ള എന്തെങ്കിലും പ്രവർത്തനം കാഴ്ചവക്കണം എന്നത് എന്റെ അടിസ്ഥാനപരമായ സമീപനത്തിന്റെ ഭാഗമായിരുന്നു. അയിടക്കാണ് മുമ്പേ പറഞ്ഞ യൂറോപ്യൻ പര്യടനത്തിനുള്ള സാഹചര്യം ഒത്തു വന്നത്. തികച്ചും ആകസ്മികമായ വിശുദ്ധവർഷം പ്രമാണിച്ചു പ്രോവിൻസിൽ നിന്ന് ആരെയെങ്കിലും നിയോഗിച്ചയക്കണം എന്നു കൗൺസിലിൽ അഭിപ്രായമുണ്ടായി. ചർച്ചയുടെ അവസാനത്തിൽ, പ്രൊവിൻഷ്യലിൽ തന്നെ പോകണം എന്നു കൗൺസിലർമാർ നിർബന്ധിച്ചു. ഇതു തീർത്തും യാദൃശ്ചികമായിരുന്നു. യാതൊരു മുൻ ഒരുക്കങ്ങളോ തയ്യാറെടുപ്പുകളോ ചെയ്തിരുന്നില്ല. ഒരാഴ്ചകൊണ്ട് എല്ലാം തയ്യാറാക്കി – ഞാൻ ജർമ്മനിക്കു പുറപ്പെട്ടു; ആഗസ്റ്റ് 21ന്. പുറപ്പെടുന്നനതിന് മുമ്പ് ക്യാൻസർ സൊസൈറ്റിക്കാർ അവരുടെ പ്രോജക്ടിന്റെ കോപ്പികൾ തന്നു വിട്ടിരുന്നു – ആർക്കെങ്കിലും കൊടുക്കാൻ വേണ്ടി. ജർമ്മനിയിലെത്തിയപ്പോൾ അവിടത്തെ പ്രവിശ്യംഗങ്ങൾ പ്രത്യേകിച്ചും ഫാ.ജറോം, ഫാ.വെർണർ, ഫാ.നോബർട്ട് എന്നിവർ ഉത്സാഹത്തോടെ എന്നെ സ്വീകരിച്ചു. എന്റെ വിദേശയാത്ര വിജയകരമാക്കാനുള്ള എല്ലാ ശ്രമങ്ങളും ഏറ്റെടുത്തു. അവർക്കു പരിയമുള്ള സ്ഥാനങ്ങളിൽ എന്നെയും എന്റെ പ്രസ്ഥാനങ്ങളെയും പരിചയപ്പെടുത്താൻ അവർ മുന്നോട്ടിറങ്ങി. അതുവഴി ഒട്ടേറെ സുഹൃത്തുക്കളെ നേടാനും അവർ വഴി നല്ലൊരു തുക സമാഹരിക്കാനും എനിക്കായി. ജർമനിക്കു പുറമെ ആസ്ട്രിയ, സ്വിറ്റ്സെർലണ്ട്, ഫ്രാൻസ്, ബൽജിയം, ഇംഗ്ലണ്ട്, അയർലന്റ്, ഇറ്റലി മുതലായ യൂറോപ്യൻ രാഷ്ട്രങ്ങളിലും ഞാൻ സന്ദർശനം നടത്തി, ആ വർഷം ഡിസംബർ ആദ്യം തിരിച്ചെത്തി. ക്യാൻസർ സൊസൈറ്റിയുടെ പ്രസിദ്ധികരണങ്ങൾ യൂറോപ്പിൽ വിതരണം ചെയ്യാൻ ശ്രമിച്ചെങ്കിലും കാര്യമായ പ്രതികരണമുണ്ടായില്ല. തന്നേയുമല്ല, ചില മതാദ്ധ്യാക്ഷന്മാർ ക്യാൻസർ ഹോസ്പിറ്റൽ പോലുള്ള പദ്ധതി ഏറ്റെടുത്താൽ വരുന്ന ഭാരം സഭയ്ക്കു താങ്ങാൻ കഴിയുമോ എന്നതിൽ ആശങ്ക പ്രകടിപ്പിക്കുക കൂടി ചെയ്തു.

ഡോ.ശങ്കുണ്ണി : തുടക്കത്തിൽ വീഴുന്ന ഈ കുരുക്കുകൾ അങ്ങയുടെ ഏതു സംരംഭത്തിനും വിധിച്ചിട്ടുള്ളതാണല്ലോ?

ഫാ.ഗബ്രിയേൽ : ദൈവേച്ഛയാൽ അവ അഴിയാക്കുരുക്കുകളാവാറില്ല.

ഡോ. ശങ്കുണ്ണി : അഴിയാക്കുരുക്കുകളും അഴിക്കുന്നതാണല്ലോ ഗബ്രിയേൽ സ്റ്റൈൽ

ഫാ.ഗബ്രിയേൽ : എന്തോ. ഏതായാലും ഇതിലെ കുരുക്കുകൾ എല്ലാം യഥാകാലം അഴിഞ്ഞുകിട്ടി. വിദേശപര്യടനം കഴിഞ്ഞു തിരിച്ചെത്തിയ എന്നെ ക്യാൻസർ സൊസൈറ്റിക്കാർ വീണ്ടും സമീപിച്ചു. യൂറോപ്പിലെ പ്രതികരണം ഞാനവരെ അറിയിച്ചു. എങ്കിലും, ആ പ്രസ്ഥാനം ഏറ്റെടുക്കുകയില്ല എന്നവരോടു ഖണ്ഡിതമായി

പറഞ്ഞില്ല. അതുകൊണ്ടാവണം അവർ എന്നെ വിടാതെ പിടികൂടി. അവസാനം ഞാൻ ക്യാൻസർ സൊസൈറ്റിക്കാർക്കു ഒരു പ്രതിനിർദ്ദേശം നൽകി. നിങ്ങൾ ക്യാൻസർ ഹോസ്പിറ്റൽ പണിയൂ. ഒരു ലക്ഷം രൂപ ദേവമാതാ പ്രൊവിഷ്യൽ തരാം....... അതിനുള്ള പ്രതികരണം അവരിൽ നിന്നും ഉടനെ വന്നു. അതെന്നെ വീഴത്തിക്കളഞ്ഞു.

ഡോ.ശങ്കുണ്ണി : എങ്ങനെ?

ഫാ.ഗബ്രിയേൽ : അവർക്കു പണമല്ല പ്രശ്നം. നേതൃത്വമായിരുന്നു. ആവശ്യമുള്ള പണം അഴർ സമാഹരിക്കാമെന്നും ഞാൻ ഈ പ്രസ്ഥാനത്തിന്റെ നേതൃത്വം വഹിക്കണമെന്ന് ഒരേ ഒരാവശ്യമേ അവർക്കുള്ളുവെന്നും അവർ വെളിപ്പെടുത്തി. ഈ കാര്യം ഞാൻ ദേവമാതാ പ്രവിശ്യ കൗൺസിലറെ അറിയിച്ചു.

ഡോ.ശങ്കുണ്ണി : അപ്പോഴോ?

ഫാ.ഗബ്രിയേൽ : നിങ്ങൾ പണമൊന്നും ഇറക്കേണ്ട, നേതൃത്വം മാത്രം നൽകിയാൽ മതി എന്ന ഒരു നിർദ്ദേശം ജനങ്ങൾക്കുവേണ്ടി പ്രവർത്തിക്കാൻ പ്രതിജ്ഞാബദ്ധരായ ഒരു സന്ന്യാസസമൂഹത്തിന്റെ മുന്നിൽ വന്നാൽ എങ്ങനെയാണതു നിരസിക്കാൻ പറ്റുക? ഈ ചോദ്യമാണ് ഞങ്ങളെ വീഴ്ത്തിയത്. ആ പശ്ചാത്തലത്തിൽ കൗൺസിലർ പല പ്രാവശ്യം ക്യാൻസർ ആസ്പത്രി സ്ഥാപിക്കുന്നതിന്റെ ബാധ്യതയെക്കുറിച്ചും പ്രായോഗികവശത്തെക്കുറിച്ചും ദീർഘമായി ചർച്ച നടത്തി. ക്യാൻസർ സൊസൈറ്റിക്കാർക്കു ദേവമാതാ പ്രൊവിൻസിൽ നിന്നുവെച്ച എല്ലാ നിർദ്ദേശങ്ങളും സ്വീകാര്യമായെങ്കിലും തൃശ്ശൂരിൽ പാട്ടൂരായ്ക്കൽ ഭാഗത്ത് ഈ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണമെന്ന നിർദ്ദേശത്തോട് എതിർപ്പായിരുന്നു. മുമ്പ് ഇന്ത്യൻ പ്രസിഡണ്ട് ശിലാസ്ഥാപനം നടത്തിയ വിലങ്ങനിൽത്തന്നെ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാപിക്കപ്പെടണമെന്ന് അവർക്കു നിർബന്ധമായിരുന്നു. തൃശ്ശൂർ പട്ടണത്തിൽ നിന്നും 8 കിലോമീറ്റർ അകലെ കിടക്കുന്ന വിലങ്ങൻ പ്രാന്തങ്ങളിലേക്ക് ആസ്പത്രി ആസ്ഥാനം മാറ്റുന്നതിന്റെ ആഘാതം വളരെ വലുതായിരുന്നു. അവിടെ വെള്ളം, വെളിച്ചം മുതലായ പ്രാഥമികവാശ്യങ്ങൾ കൂടി സജ്ജീകരിക്കേണ്ടിയിരുന്നു. വിദഗ്ദ്ധോപദേശത്തിനാവശ്യമുള്ള മറ്റു ചികിത്സാവിഭാഗങ്ങളും അവിടത്തന്നെ സജ്ജീകരിക്കേണ്ടിയിരുന്നു. തന്നേയുമല്ല, ഈ വിജന പ്രദേശത്ത് ഒരു ചെറിയ ആസ്പത്രി വിജയിക്കുമായിരുന്നില്ല താനും. ഈ പശ്ചാത്തലത്തിലാണ് 500 ബഡ്ഡുള്ള ഒരു വലിയ ആസ്പത്രിയായി ഈ പ്രസ്ഥാനം വളർന്നത്. ആസ്പത്രി സ്ഥാപനത്തിന്റെ നാനാവശങ്ങളെക്കുറിച്ചു ചിന്തിച്ചശേഷം പ്രാവിശ്യാസംഘം 1976 മാർച്ച 28-നു കൂടിയ കൗൺസിലിൽ വെച്ച് 'അമല' സ്ഥാപിക്കുന്നതിനുള്ള നയപരമായ തീരുമാനമെടുത്തു.

ഡോ. ശങ്കുണ്ണി : ആദ്യത്തെ കടമ്പ കടന്നുകിട്ടി, അല്ലേ?

ഫാ. ഗബ്രിയേൽ : കടമ്പകളേറെയുണ്ടായിരുന്നു. ഈ പ്രസ്ഥാനത്തിലേക്കു ചെന്നുചാടുന്നതിനു മുമ്പ് തൃശൂർ പട്ടണവാസികളുടെ അഭിപ്രായം കുറേകൂടി ആഴത്തിലും വ്യാപ്തിയിലും അറിയേണ്ടതുണ്ടെന്നു തോന്നി. ഇതിനുവേണ്ടി തൃശൂർ പട്ടണത്തിലുള്ള പ്രമുഖ വ്യക്തികളുടെയും ഉദ്യോഗസ്ഥന്മാരുടെയും മതാധ്യക്ഷന്മാരുടേയും സമ്മേളനങ്ങൾ സംഘടിപ്പിച്ചു. ക്യാൻസർ ആസ്പത്രികളുടെ ആവശ്യത്തെക്കുറിച്ചും, അവരുടെ സഹകരണത്തിന്റെ തോതിനെകുറിച്ചും വിശദമായ ചർച്ചകൾ നടത്തുകയുണ്ടായി. ഇങ്ങനെ നടത്തപ്പെട്ട വിവിധ സമ്മേളനങ്ങളുടെ ഫലമായി ക്യാൻസർ ആസ്പത്രിയുടെ പ്രസക്തിയെക്കുറിച്ചും ബൃഹത്തായ ഈ പ്രസ്ഥാനത്തിനു വേണ്ടിവരുന്ന സാമ്പത്തിക ബാധ്യതയെക്കുറിച്ചും പൊതുജനങ്ങളെ ബോധ്യപ്പെടുത്താനും അവരുടെ സഹായവും സഹകരണവും ഉറപ്പുവരുത്താനും ഒരു പരിധിവരെ സാധിച്ചു എന്നു പറയാം. ഈ സമ്മേളനങ്ങളിൽ വെച്ചുതന്നെ പലരും വാർഡുകൾ, തിയേറ്ററുകൾ, മുറികൾ മുതലായവ പണിതു തരാമെന്നു വാക്കുതന്നു.

ഡോ. ശങ്കുണ്ണി : ആശ്വാസത്തിന്റെ വെള്ളിരേഖകൾ, അല്ലേ?

ഫാ. ഗബ്രിയേൽ : സി.എം.ഐ. സഭ ഒരു ചാരിറ്റബിൾ സൊസൈറ്റിയാണ്. അതുപോലെതന്നെയാണ് ക്യാൻസർ സൊസൈറ്റിയും. ഒരു സൊസൈറ്റി വേറൊരു സൊസൈറ്റിയുമായി യോജിച്ച് അതിന്റെ ട്രസ്റ്റികളായി പ്രവർത്തിക്കുകയെന്നത് ഇതുവരെ നടന്നിട്ടില്ലാത്തതാണ്. അതുകൊണ്ട്, അതിന്റെ നിയമസാധുത ചികയേണ്ടതുണ്ട്. അഡ്വ. തോമസ് മുത്തേടൻ, ശ്രീ. ജോർജ്ജ് കണ്ണന്താനം മുതലായ പ്രമുഖ നിയമപണ്ഡിതരുമായി ചർച്ച നടത്തി. അവരുടെ ഉപദേശത്തിൽ മുന്നോട്ടുനീങ്ങി. ക്യാൻസർ സൊസൈറ്റിയുമായുണ്ടാക്കേണ്ട ഉടമ്പടിയുടെ വിശദാംശങ്ങൾ രൂപപ്പെടുത്തി. നിയമത്തിന്റെ അഴിയാക്കുരുക്കുകൾ അഴിച്ചെടുത്തു.

ഡോ. ശങ്കുണ്ണി : വഴി ഒരുവിധം സുഗമമായോ?

ഫാ. ഗബ്രിയേൽ : മുഴുവനുമായില്ല. ക്യാൻസർ ഹോസ്പിറ്റൽ സ്ഥാപിക്കാനുള്ള സ്ഥലം ശ്രീ. പടിക്കല അന്തപ്പൻ ക്യാൻസർ സൊസൈറ്റിക്കു സംഭാവന ചെയ്ത 18 ഏക്കർ വരുന്ന വിലങ്ങൻ താഴ്‌വരയിലെ കൈതച്ചക്കത്തോട്ടമായിരുന്നു. അതിനുതൊട്ട് 17 ഏക്കറോളം പുറമ്പോക്കു സ്ഥലവുമുണ്ട്. മൊത്തം 35 ഏക്കർ സ്ഥലം. ആസ്പത്രി സ്ഥാപനത്തിന് അത് വിട്ടുകിട്ടുന്നതിന് സർക്കാരിന്റെ അനുവാദം ആവശ്യമായിരുന്നു. അനുവാദം സമയത്തു കിട്ടുമോ എന്നതിൽ ആശങ്കയുണ്ടായിരുന്നു. കാര്യങ്ങൾ അനിശ്ചിതമായി നീണ്ടുപോയാൽ അന്നത്തെ പ്രൊവിൻഷ്യൽ കൗൺസിലിന്റെ കാലയളവിനുള്ളിൽ ആസ്പത്രി നിർമ്മാണത്തിന്റെ ആദ്യഘട്ടം പൂർത്തിയാക്കി പ്രവർത്തിച്ചു തുടങ്ങാനാവില്ലെന്നും അങ്ങനെ വന്നാൽ ആസ്പ

ത്രിയുടെ ഭാവി തന്നെ അനിശ്ചിതമാവുമെന്നും ആശങ്കയുണ്ടായി. അതുകൊണ്ട് 1976 ജൂലായ് 31-നു മുമ്പ് സ്ഥലം കൈമാറ്റത്തിന്റെ ഗവൺമെന്റ് ഓർഡർ ലഭിച്ചിരിക്കണമെന്നു ഞാൻ നിർബന്ധം വെച്ചു. എന്നാൽ മാത്രമേ പ്ലാനനുസരിച്ചു ജനറൽ കൗൺസിലിന്റെ അംഗീകാരത്തോടെ പണിനടത്താനും 1977 അവസാനത്തോടെ ഉദ്ഘാടനം നിർവ്വഹിക്കാനും കഴിയുമായിരുന്നുള്ളൂ. അതിനർത്ഥം കാര്യങ്ങൾ അതിശീഘ്രം മുന്നോട്ടു നീക്കണമെന്നായിരുന്നു. ക്യാൻസർ സൊസൈറ്റിക്കാരും 'മലയാള മനോരമ'യുടെ തിരുവനന്തപുരം പ്രതിനിധി ശ്രീ. കെ.ആർ. ചുമ്മാരും അന്നത്തെ റവന്യൂ മന്ത്രി ശ്രീ. ബേബി ജോണും ആത്മാർത്ഥതയോടും താൽപ്പര്യത്തോടും കൂടി പ്രവർത്തിച്ചതിന്റെ ഫലമായി ആ വർഷം ജൂലായ് മാസത്തിൽ തന്നെ സർക്കാർ ഭൂമി ക്യാൻസർ സൊസൈറ്റിക്കു വിട്ടുകൊടുക്കുന്ന ഓർഡർ വന്നു. സ്ഥലകൈമാറ്റം നടത്തുന്നതിനു ക്യാൻസർ സൊസൈറ്റിയും ദേവമാതാ പ്രവിശ്യയുമായി 1976 ആഗസ്റ്റ് 13-ന് ഉടമ്പടി റജിസ്റ്റർ ചെയ്തു. ഈ ഉടമ്പടിയനുസരിച്ചു ദേവമാതാ പ്രവിശ്യ ക്യാൻസർ സൊസൈറ്റിയുടെ ട്രസ്റ്റികളായി ആസ്പത്രി സ്ഥാപിച്ചു നടത്തുന്നിതനു വേണ്ട എല്ലാ അധികാരവും ഉറപ്പു വരുത്തി. ആസ്പത്രി ഭരണത്തിനുള്ള സമ്പൂർണ്ണാധികാരം ദേവമാതാ പ്രവിശ്യയിൽ നിക്ഷിപ്തമായി. ദേവമാതാ പ്രവിശ്യാ കൗൺസിൽ ആസ്പത്രിപ്പണിയുടെ ഒന്നാം ഘട്ടത്തിനുള്ള പ്ലാനും എസ്റ്റിമേറ്റും 1976 ആഗസ്റ്റ് 1-ാം തിയ്യതി ചേർന്ന പ്രവിശ്യാകൗൺസിൽ അംഗീകരിച്ചു. മേൽ അംഗീകാരത്തിനായി ജനറൽ കൗൺസിലിനയച്ചു. ജനറൽ കൗൺസിൽ അംഗീകരിച്ച ആ ആദ്യഘട്ടത്തിന്റെ പ്ലാനിൽ 120 ബഡ്ഡുള്ള 4 വാർഡുകളും ഒ.പി. വിഭാഗവും, തിയേറ്റർ, ക്വാർട്ടേഴ്സ്, കാന്റീൻ, സ്റ്റാഫ് ക്വാർട്ടേഴ്സ് തുടങ്ങിയ എടുപ്പുകളും അടങ്ങിയിരുന്നു. മാസ്റ്റർ പ്ലാനും അംഗീകാരം തേടിയിരുന്നു. ഇതിൽ 500 ബഡ്ഡുള്ള വലിയ ആസ്പത്രിയും, നഴ്സിങ്ങ് സ്ക്കൂൾ, റിസർച്ച് സെന്റർ, പ്രൈമറി സ്ക്കൂൾ മുതലായ മറ്റു സൗകര്യങ്ങളും വിഭാവനം ചെയ്തിരുന്നു. കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതും ആദ്യഘട്ടത്തിലെ പണിയുടെ മേൽനോട്ടം വഹിച്ചതും. പിന്നീടു കോയമ്പത്തൂർക്കാരനായ എൻജിനീയർ ശ്രീ. ടി.എൽ. അനന്തനാരായണൻ നിർമ്മാണത്തിന്റെ വിദഗ്ദ്ധ എൻജിനീയറായി ചുമതലയേറ്റു.

ഡോ. ശങ്കുണ്ണി : ആശുപത്രി പ്രവർത്തനത്തെക്കുറിച്ച് മുൻകൂട്ടിയെന്തെങ്കിലും പ്ലാൻ ചെയ്തിരുന്നോ?

ഫാ. ഗബ്രിയേൽ : ആസ്പത്രിയെക്കുറിച്ചു ചിന്തിച്ചു തുടങ്ങിയപ്പോൾതന്നെ, അവിടെ പ്രവർത്തിക്കേണ്ട സന്ന്യാസസഭാംഗങ്ങളുടെ സേവനത്തെക്കുറിച്ചുള്ള ചിന്തയും വന്നിരുന്നു. ആതുരശുശ്രൂഷ സന്ന്യാസിനീസമൂഹങ്ങളുടെ പ്രത്യേക മേഖലയാകയാൽ, ആസ്പത്രിനടത്തിപ്പിന്റെ വിജയത്തിന് അവരുടെ സേവനം അനിവാര്യമാ

ണെന്നു മനസ്സിലാക്കികൊണ്ടു മുന്നോട്ടു നീങ്ങി. വിവിധ സന്ന്യാസിനീസമൂഹങ്ങളുടെ അധിപരെ വിളിച്ചുകൂട്ടി, അവരുടെ സഹായ സഹകരണങ്ങൾ ഉറപ്പു വരുത്തി.

ഡോ. ശങ്കുണ്ണി : ക്യാൻസർ ആസ്പത്രി സംസ്ഥാപനം എന്ന ഈ ഉത്തരവാദിത്വം അങ്ങ് ഒറ്റയ്ക്കാണോ ചുമലിലേറ്റിയത്?

ഫാ. ഗബ്രിയേൽ : അല്ല. ഒരു ജനാധിപത്യസന്ന്യാസസമൂഹമെന്ന നിലയിൽ പ്രവിശ്യാ കൗൺസിലിനാണ് ഉത്തരവാദിത്വം. എന്നാൽ രംഗത്തു പ്രവർത്തിക്കുന്നതിനു പറ്റുന്ന ആളുകളെ കണ്ടുപിടിച്ചു നിയോഗിക്കുന്നു. അങ്ങനെയാണ്, അന്നു ക്രൈസ്റ്റു കോളേജിൽ പ്രൊഫസറായിരുന്ന ഫാ. ജോർജ്ജ് പയസിനെ എന്റെ സഹായിയായി നിർമ്മാണ പ്രവർത്തനത്തിനു നിയോഗിക്കുന്നത്. 1976 ആഗസ്റ്റിൽ ഫാ. പയസിനെ നിയമിച്ചു. പ്രാരംഭ പ്രവർത്തനപഠനത്തിനായി ഞാനും, ഫാ. പയസും കൂടി തൃശൂരും കോഴഞ്ചേരിയുമടക്കമുള്ള ഏതാനും മിഷൻ ഹോസ്പിറ്റലുകൾ സന്ദർശിച്ച് അവിടത്തെ പ്രവർത്തനം കണ്ടു മനസ്സിലാക്കി.

ഡോ. ശങ്കുണ്ണി : ഈ സന്ദർശനം കൊണ്ട് ആസ്പത്രി സംസ്ഥാപനത്തിനു സഹായകമായി എന്തെങ്കിലും കാഴ്ചപ്പാടു വികസിപ്പിക്കാൻ കഴിഞ്ഞോ?

ഫാ. ഗബ്രിയേൽ : ഉവ്വ്. പല ആസ്പത്രികളിലേയും പ്രശ്നങ്ങൾ മനസ്സിലായി. പലയിടത്തും വിദഗ്ദ്ധ ഡോക്ടർമാർ ആസ്പത്രി പെട്ടെന്നു വിട്ടുപോവുന്നു. പ്രധാന ഡോക്ടർമാർ അസിസ്റ്റന്റുമാരെ വളരാനനുവദിക്കാതെ മേധാവിത്വം പുലർത്തുന്നു. ചില സ്ഥാപനങ്ങളിലെങ്കിലും അവർക്കു വരവിന്റെ അടിസ്ഥാനത്തിൽ വേതനം പങ്കുവെക്കേണ്ടി വന്നിരുന്നു. ജീവനക്കാർക്ക് ലീവ്, സേവന വ്യവസ്ഥ മുതലായവയ്ക്കു വേണ്ട നിയമങ്ങൾ ഉണ്ടാക്കാതെ വലിയ ചിട്ടയും നിയമവും കൂടാതെ നടത്തിപ്പോരുന്ന സ്ഥാപനങ്ങളുമുണ്ട്. ധർമ്മസ്ഥാപനങ്ങളാണെങ്കിലും സൗജന്യം കൊടുക്കുന്നതിനു വേണ്ട നിശ്ചിതമായ മാനദണ്ഡങ്ങളും നടപടിക്രമങ്ങളുമൊന്നുമില്ലാതെ നടത്തപ്പെടുന്ന സ്ഥാപനങ്ങളുണ്ട്. ഇത്തരം വൈകല്യങ്ങളൊന്നുമില്ലാത്ത ഒരു ശുദ്ധമായ സ്ഥാപനമായിരിക്കണം പുതിയ ആസ്പത്രിയെന്ന ഒരു കാഴ്ചപ്പാടു വളർത്താൻ ഈ സന്ദർശനങ്ങൾ ഉപകരിച്ചു. 'അമല' എന്ന പേരിന്റെ ഉത്ഭവം ഈ കാഴചപ്പാടിൽ നിന്നാണ് എന്നു പറയാം.

ഡോ. ശങ്കുണ്ണി : പരിശുദ്ധിയുടെ പ്രതീകമാണല്ലോ അമല. കന്യാമറിയത്തിന്റെ മറ്റൊരു നാമം. ലക്ഷ്മി അഥവാ സമൃദ്ധി എന്ന സങ്കല്പവും അമലയിലുണ്ടല്ലോ. അ പേര് ഉചിതമായി. അമലയുടെ ആരംഭപ്രവർത്തനങ്ങളെക്കുറിച്ചു പറയാമോ?

ഫാ. ഗബ്രിയേൽ : 1976 ആഗസ്റ്റ് മാസത്തിലാണ് ആസ്പത്രിയുടെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നത്. 1973 ഏപ്രിൽ 13-ന് അന്നത്തെ ഇന്ത്യൻ പ്രസി

ഡണ്ട് ശ്രീ. വി.വി. ഗിരി ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന് ശിലാസ്ഥാപനം നടത്തിയിരുന്നുവെങ്കിലും അഞ്ചു വർഷത്തോളം മൃതപ്രായമായിക്കിടന്നിരുന്ന ഈ സ്ഥാപനം പുനരുജ്ജീവനം നേടുന്നതു നാലുപേരുടെ അറിവോടും അംഗീകാരത്തോടും കൂടി വേണമല്ലോ. വിദ്യാഭ്യാസ രംഗത്തും സാമൂഹ്യരംഗത്തും ശക്തമായി പ്രവർത്തിക്കുന്ന ദേവമാതാ പ്രവിശ്യ ഈ രംഗത്തേക്കു കടന്നു വന്നുവെന്നതും ക്യാൻസർ ആസ്പത്രിയുടെ സംസ്ഥാപനം ഏറ്റെടുത്തുവെന്നതും പൊതുജനങ്ങളിൽ പുതിയൊരുണർവും ഉത്സാഹവും വളർത്തും എന്നെനിക്കു തോന്നി. ഇതിന്റെ വെളിച്ചത്തിലാണ് അമലയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ആർഭാടമായി നടത്താമെന്നു തീരുമാനിച്ചത്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ, ഉപമുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ, ആരോഗ്യവകുപ്പുമന്ത്രി ശ്രീ. കെ.കെ. ബാലകൃഷ്ണൻ, റവന്യൂ മന്ത്രി ശ്രീ. ബേബി ജോൺ മുതലായ മന്ത്രി പ്രമുഖരും തൃശൂർ ജില്ലയിലെ ഉദ്യോഗസ്ഥ പ്രമുഖരും സാമൂഹിക - രാഷ്ട്രീയ രംഗത്തെ ഉന്നതരും വിവിധ മതാധ്യക്ഷന്മാരും പങ്കെടുത്ത ഒരു വലിയ ചടങ്ങാണ് വിലങ്ങൻ താഴ്വരയിൽ 1976 സെപ്തംബർ 19-നു നടന്നത്.

ഡോ. ശങ്കുണ്ണി : ആസ്പത്രിയുടെ നിർമാണപ്രവർത്തനങ്ങൾക്ക് ആവശ്യമായ സംഖ്യ അതിനകം സമാഹരിച്ചിരുന്നുവോ?

ഫാ. ഗബ്രിയേൽ : പൂർണ്ണമായി സമാഹരിച്ചു എന്നു പറയാനാവില്ല. നാട്ടുകാർ വാഗ്ദാനം ചെയ്ത സംഖ്യയും ആദ്യകാലങ്ങളിൽ എത്തിയില്ലയ പ്രോജക്ടിന്റെ ഒന്നാം ഘട്ടത്തിലേയ്ക്ക് ആവശ്യമായ സംഖ്യയുടെ പകുതിഭാഗം ചെലവഴിച്ചു കെട്ടിടത്തിന്റെ കുറെ പ്രധാന ഭാഗങ്ങൾ പണിതീർത്തതിന്റെ ശേഷമാണ് നാട്ടുകാരെ സഹായത്തിനായി സമീപിച്ചത്. സി.എം.ഐ. സഭ ഈ പ്രവർത്തനത്തിൽ പിൻതിരിയാനാവാത്ത രീതിയിൽ ഉൾപ്പെട്ടുവെന്നു ജനങ്ങൾക്കു ബോധ്യം വന്നിരുന്നു. തൃശൂർ മുനിസിപ്പാലിറ്റ്, ധർമോദയം കമ്പനി, പി.ടി. മാനുവൽ സൺസ്, ചാക്കോള കുടുംബം... സഹായഹസ്തങ്ങളുമായി മുന്നിട്ടു നിന്നവരുടെ നിരയാണിത്.

ഡോ. ശങ്കുണ്ണി : തൃശൂർ പട്ടണവാസികളുടെ സഹായം സംലഭ്യമായി എന്നതുകൊണ്ടുമാത്രം ഒരു ക്യാൻസർ ആസ്പത്രി കെട്ടിപ്പൊക്കാം എന്ന് അങ്ങേയ്ക്കു തോന്നിയിരുന്നോ?

ഫാ. ഗബ്രിയേൽ : സത്യം പറഞ്ഞാൽ, സഹായം ലഭിക്കുന്തോറും സഹായത്തിന്റെ ആവശ്യം കൂടി വരുന്ന ഒരു അവസ്ഥയാണ് ക്യാൻസർ ആസ്പത്രിയുടെ കാര്യത്തിൽ എനിയ്ക്കനുഭവപ്പെട്ടത്. ദാഹം തീർക്കാൻ വെള്ളം കുടിക്കുന്തോറും കൂടുതൽ ദാഹം അനുഭവപ്പെടുംപോലെ. തൃശൂർ നഗരവാസികളുടെ സഹായഹസ്തം ശക്തമായിരുന്നുവെങ്കിലും ആവശ്യങ്ങളുടെ മുമ്പിൽ അവ വേണ്ടിടത്തോളം ശക്ത

മായിരുന്നില്ല. മാസ്റ്റർ പ്ലാൻ തയ്യാറാക്കിയപ്പോഴാണ് ഈ പ്രസ്ഥാനത്തിന്റെ ബൃഹദ്സ്വഭാവം ശരിക്കും മനസ്സിലായത്. ദേശീയവും, അന്തർദേശീയവുമായിട്ടുള്ള എല്ലാ കഴിവുകളും സംഭരിച്ചാൽ മാത്രമേ ഒരു നല്ല ക്യാൻസർ ആസ്പത്രിക്കു രൂപം കൊടുക്കാൻ സാധ്യമാവൂ എന്നു ബോധ്യമായി.

ഡോ. ശങ്കുണ്ണി : ദേശീയതലത്തിൽ എന്തു നടപടിയാണ് സ്വീകരിച്ചത്.

ഫാ. ഗബ്രിയേൽ : ഒരു ക്യാൻസർ ആസ്പത്രിയുടെ മർമപ്രധാനമായ ഒരുപകരണമായ കൊബാൾട്ട് യൂണിറ്റിന് അന്ന് ഉദ്ദേശം 12 ലക്ഷം രൂപ വരുമായിരുന്നു. അന്നത്തെ സാഹചര്യത്തിൽ ഇതു തികച്ചും ദേവമാതാ പ്രവിശ്യയുടെ കഴിവിന് അതീതമായിരുന്നു. കേന്ദ്രസർക്കാരിൽ നിന്നും ഒരു കോബാൾട്ട് യൂണിറ്റ് അനുവദിച്ച് കിട്ടിയാലേ ഈ ശ്രമം സഫലമാവുമായിരുന്നുള്ളൂ. അതുകൊണ്ട് അന്നത്തെ ആരോഗ്യമന്ത്രി ശ്രീ. രാജനാരായണനെ നാട്ടുകാരുടെ സഹായത്തോടെ സമീപിക്കുകയും അദ്ദേഹത്തിനു സമുചിതമായ ഒരു വരവേൽപ്പ് അമലയിൽ ഒരുക്കുകയും ചെയ്തു. ഇതിനു ശ്രീ. കെ. ചന്ദ്രശേഖരൻ, അരങ്ങിൽ ശ്രീധരൻ മുതലായ സംസ്ഥാന രാഷ്ട്രീയ നേതാക്കന്മാപരുടെ സഹായവും സഹകരണവും ലഭിച്ചു. സ്വീകരണ സമ്മേളനത്തിൽ വെച്ചു കൊബാൾട്ടു യൂണിറ്റ് നൽകാമെന്ന് മന്ത്രി സമ്മതിച്ചു. അന്നു ജനതാപാർട്ടി പ്രസിഡണ്ടായിരുന്ന ശ്രീ. ചന്ദ്രശേഖറും ഈ ആസ്പത്രി പിന്നീട് ഒരവസരത്തിൽ സന്ദർശിച്ചു. കൊബാൾട്ട് യൂണിറ്റ് എത്രയും വേഗം സംലഭ്യമാവുന്നതിനു തന്റെ സ്വാധീനം വിനിയോഗിച്ച കാര്യവും നന്ദിപൂർവ്വം ഓർക്കുന്നു.

ഡോ. ശങ്കുണ്ണി : ഇതുകൊണ്ട് എല്ലാം മതിയായോ?

ഫാ. ഗബ്രിയേൽ : അനേകം രോഗികളെ കിടത്തി ചികിത്സിക്കാവുന്ന ഒരു ക്യാൻസർ ആസ്പത്രിയുടെ ആവശ്യങ്ങൾ ദേശീയതലത്തിലുള്ള പരിശ്രമങ്ങളിൽ ഒതുങ്ങി നിൽക്കുന്നവയല്ല എന്നെനിക്ക് അനുഭവത്തിൽ നിന്നും മനസ്സിലായി. തന്നിമിത്തം, അന്തർദേശീയ സമൂഹത്തിന്റെ സഹകരണം കൂടി ലഭ്യമാക്കാനുള്ള പരിശ്രമം1977 ആരംഭത്തിൽ തന്നെ തുടങ്ങി.

ഡോ. ശങ്കുണ്ണി : അതിനെന്തെങ്കിലും പ്രയാസം അനുഭവപ്പെട്ടുവമോ?

ഫാ. ഗബ്രിയേൽ : സി.എം.ഐ. സഭയിൽ നിന്നും ധനശേഖരാർത്ഥം ഒരാളെ വിദേശത്തേക്കു നിയോഗിക്കാൻ ഒരു പ്രത്യേക പ്രൊവിൻസിന് അനുവാദം നൽകുകയെന്നത് സഭാതലവനായ പ്രിയോർ ജനറാളിനു ബുദ്ധിമുട്ടുളവാക്കും. സാമാന്യ രീതിയിൽ ഇതുമറികടക്കാൻ അസാദ്ധ്യമായിരുന്നു. അതുകൊണ്ട്, വളരെ തന്ത്രപൂർവ്വം ഈ പ്രശ്നം കൈകാര്യം ചെയ്തു. ക്യാൻസർ സൊസൈറ്റി ഭാരവാഹികളെകൊണ്ട് അന്നത്തെ പ്രിയോർ ജനറാളായ ഫാ. തിയോബോൾഡിനെ നേരിട്ടുകണ്ട് ആസ്പത്രി നിർമ്മാണം കാണാൻ ക്ഷണിപ്പിക്കുകയും, ആ അവസരത്തിൽ അദ്ദേ

ഹത്തിന് ഉജ്ജ്വലമായ ഒരു സ്വീകരണം ഏർപ്പെടുത്തുകയും ചെയ്തു. ഇതു സംബന്ധിച്ചുള്ള പൊതുസമ്മേളനം തൃശൂർ രൂപതാ ഭവനിൽ വെച്ചു നടന്നു. ആ യോഗത്തിൽ വെച്ചു ബിഷപ്പ് ജോസഫ് കുണ്ടുകുളം തന്നെ അന്തർദേശീയ സഹായം തേടുന്നതിന്റെ ആവശ്യം ഊന്നിപ്പറഞ്ഞു. പ്രിയോർ ജനറാൾ തന്റെ മറുപടി പ്രസംഗത്തിൽ അതിനുവേണ്ട എല്ലാ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തു. ഈ അനുകൂലസാഹചര്യത്തിന്റെ ആവിർഭാവത്തിൽ അതിനുപറ്റിയ ഒരാളെ മധ്യപൂർവ്വദേശത്തേയ്ക്ക് അയക്കാമെന്നു പ്രവിശ്യാകൗൺസിൽ തീരുമാനിച്ചു. കർമകുശലനും നയതന്ത്രജ്ഞനുമായ ഫാ. ജോസ് പ്രകാശ് അറയ്ക്കലിനെയാണ് പ്രവിശ്യാ കൗൺസിൽ ഇതിനായി നിയോഗിച്ചത്. അമലയുടെ അനുഭാവിയും പ്രോത്സാഹകനുമായിരുന്ന ഫാ. അറയ്ക്കൽ ഈ ദൗത്യം സന്തോഷപൂർവ്വം ഏറ്റെടുത്തു. മധ്യപൂർവ്വപ്രദേശങ്ങളിലെ പ്രധാനപ്പെട്ട എല്ലാ രാജ്യങ്ങളും സന്ദർശിച്ച ഫാ. അറയ്ക്കൽ പുതിയ സുഹൃത്തുക്കളെ അമലയ്ക്കു നേടിയെടുത്തു. വാർഡുകൾ ഏറ്റെടുക്കുന്നതിനുവേണ്ടി ഓരോ ലക്ഷം രൂപ വാഗ്ദാനംചെയ്തു മുന്നോട്ടു വന്ന ആദ്യത്തെ ദാതാക്കളായ ജോസ് തുളുവത്ത്, മെസ്സേർസ് ഗ്രേ മെക്കൻസി, ഐവൻ ഗ്രോവിയാസ്, കുവൈറ്റി മലയാളികൾ മുതലായവരെല്ലാം അദ്ദേഹത്തിന്റെ കണ്ടുപിടിത്തങ്ങളാണ്. ഫാ. അറയ്ക്കലിന്റെ പ്രയത്നഫലമായി ഉദ്ദേശം 7 ലക്ഷം രൂപ 1977–78 കാലഘട്ടത്തിൽ മധ്യപൂർവ്വദേശത്തുനിന്ന് അമലയ്ക്കു ലഭിക്കുകയുണ്ടായി.

ഡോ. ശങ്കുണ്ണി : ആസ്പത്രി നടത്തിപ്പിനു കെട്ടിടം മാത്രം പോരല്ലോ. ഭരണനിർവ്വഹണത്തിനു സ്റ്റാഫിനെ പരിശീലിപ്പിച്ചെടുക്കേണ്ടതില്ലേ?

ഫാ. ഗബ്രിയേൽ : തീർച്ചയായും ഉണ്ട്. ആസ്പത്രിയുടെ പണി ആരംഭിച്ച് ഏതാനും മാസം കഴിഞ്ഞപ്പോൾ, 1977–ൽത്തന്നെ, ആസ്പത്രി ഭരണത്തിൽ അവഗാഹം നേടാൻ ഫാ. പയസ്സിനെ ഡൽഹിയിലേക്കയച്ചു. ഈ കാലയളവിൽ നിർമ്മാണപ്രവർത്തനങ്ങൾ തുടർന്നു പോയതു ഫാ. കണ്ണനായ്ക്കലും, ബ്ര. അത്തനേഷ്യാസുമായിരുന്നു. ആസ്പത്രി ഭരണത്തിന് പരിചയസമ്പന്നനായ ശ്രീ. ടി.ജെ. പൈലിയുടെ സേവനവും സാങ്കേതിക കാര്യങ്ങളിൽ ഡോ. കെ.എം. ജോസഫിന്റെ വിദഗ്ദ്ധോപദേശവും ലഭ്യമായി. 1977 ഡിസംബറിൽ ക്രിസ്മസ് സമ്മാനമായി അമല രൂപപ്പെടണം എന്നായിരുന്നു എന്റെ ആഗ്രഹം. ഏതാനും മാസങ്ങൾകൂടി ഉദ്ഘാടനത്തിനു കാത്തിരിക്കേണ്ടി വന്നു. ദേവമാതാ പ്രവിശ്യ 25 വർഷം പൂർത്തിയാക്കുന്ന സുദിനത്തിൽ – 1978 മാർച്ച് 25ന് അമല ക്യാൻസർ ആസ്പത്രിയുടെ ആശിർവാദകർമ്മം തൃശൂർ രൂപതയുടെ അഭിവന്ദ്യമെത്രാനായ റൈറ്റ്. റവ. ജോസഫ് കുണ്ടുകുളം നിർവ്വഹിച്ചു. തുടർന്നുള്ള മൂന്ന് ദിവസങ്ങളിൽ സൗജന്യ ചികിത്സാക്യാമ്പ് നടത്തി അമല ഹോസ്പിറ്റൽ പ്രവർത്തനമാരംഭിച്ചു. ഔപചാരി

കമായ ഉദ്ഘാടനത്തിനു രാഷ്ട്രപതി തന്നെ വേണമെന്നു ക്യാൻസർ സൊസൈറ്റി പ്രവർത്തകർരക്കു നിർബന്ധമായിരുന്നു. അന്നു മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ. കെ. ആന്റണി വഴി രാഷ്ട്രപതിയുമായി സമ്പർക്കം വെച്ചു. അദ്ദേഹത്തിന് സൗകര്യമുള്ള ദിവസം നിശ്ചയിച്ചു തന്നത് ഏപ്രിൽ 25 ആയിരുന്നു.

ഡോ. ശങ്കുണ്ണി : ആ ദിവസം തന്നെ ഉദ്ഘാടനം നടന്നു. അല്ലേ?

ഫാ. ഗബ്രിയേൽ : ഉവ്വ്, ഒരു ഉത്സവമോടിയോടെത്തന്നെ ഉദ്ഘാടന ചടങ്ങ് നടന്നു. അന്നത്തെ രാഷ്ട്രപതി ശ്രീ. നീലം സഞ്ജീവറെഡ്ഡി ഔപചാരികമായി അമല ക്യാൻസർ ആസ്പത്രി ഉദ്ഘാടനം ചെയ്തു. ഉദ്ഘാടന ചടങ്ങിൽ ഗവർണർ ശ്രീമതി ജ്യോതി വെങ്കിടചെല്ലം, മുഖ്യമന്ത്രി ശ്രീ. എ.കെ. ആന്റണി, മറ്റു കൃബിനറ്റു മന്ത്രിമാർ, ഉദ്യോഗസ്ഥ പ്രമുഖർ തുടങ്ങിയവർ സംബന്ധിച്ചു. തൃശൂർ പട്ടണം മുഴുവൻ ആ ചടങ്ങിൽ സംബന്ധിക്കാൻ അമല ക്യാമ്പസിലേയ്ക്കൊഴുകിയെത്തിയ പ്രതീതിയായിരുന്നു.

ഡോ. ശങ്കുണ്ണി : ഉദ്ഘാടന വേളയിൽ ആസ്പത്രിയിൽ എന്തൊക്കെ സൗകര്യങ്ങളുണ്ടായിരുന്നു?

ഫാ. ഗബ്രിയേൽ : ആസ്പത്രിയുടെ നാലു വാർഡുകളും തിയേറ്റർ, എക്സ്റേ, ലേബർ റൂം, ഒ.പി. വിഭാഗം, ലബോറട്ടറി ബ്ലോക്ക് എന്നിവ പൂർത്തിയായിരുന്നു. ഡോക്ടർമാർക്കുള്ള നാലു ക്വാർട്ടേഴ്സുകളും പൊതുകാന്റീനും ഷോപ്പിങ്ങ് സെന്ററും സജ്ജമാക്കപ്പെട്ടിരുന്നു. വിശാലമായ ക്യാമ്പസും മുൻവശത്തെ പൂന്തോട്ടവും റോഡുകളും ശുദ്ധജലവിതരണത്തിനുള്ള സംഭരണികളും തീർന്നിരുന്നു.

ഡോ.ശങ്കുണ്ണി : അന്ന് എന്തൊക്കെ ഡിപ്പാർട്ടുമെന്റുകളുണ്ടായിരുന്നു?

ഫാ.ഗബ്രിയേൽ : ക്യാൻസർ വിഭാഗം, ജനറൽ മെഡിസിൽ, ജനറൽ സർജറി, പീഡിയാട്രിക്സ്, ഗൈനക്കോളജി, അനസ്തീസിയ, പത്തോളജി എന്നീ സൗകര്യങ്ങളോടെയാണ് അമല ആരംഭിച്ചത്.

ഡോ.ശങ്കുണ്ണി : ഉദ്ഘാടനത്തിനു ശേഷവും നിർമ്മാണം തുടരേണ്ടി വന്നു, അല്ലേ?

ഫാ.ഗബ്രിയേൽ : ഉവ്വ്, അതിനിടയിൽ – ഉദ്ഘാടനച്ചടങ്ങിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് ഭരണതലത്തിൽ ചില മാറ്റങ്ങളുണ്ടായി.

ഡോ.ശങ്കുണ്ണി : മാറ്റങ്ങളോ?

ഫാ.ഗബ്രിയേൽ : ഏപ്രിൽ ആദ്യവാരത്തിൽ എന്റെ മൂന്നു വർഷത്തെ പ്രൊവിൻഷ്യൽ കാലാവധി കഴിഞ്ഞു. പുതിയ തെരഞ്ഞെടുപ്പിൽ പ്രൊവിൻഷ്യലായി അധികാരത്തിൽ വന്നതു ഫാ.അലക്സ് ഊക്കനായിരുന്നു. ഒരു പക്ഷേ, ആസ്പത്രിപ്രവർത്തനങ്ങൾക്കു മുഴുവൻ സമയവും സംലഭ്യമാവാൻ വേണ്ടായവാം കാര്യങ്ങൾ ഇങ്ങനെ

നീങ്ങിയത്. തെരഞ്ഞെടുപ്പിനുശേഷം വന്ന പുതിയ പ്രവിശ്യസമിതി ഞാൻ തന്നെ അമലയുടെ സാരഥ്യം ഏറ്റെടുക്കണമെന്നു നിഷ്കർഷിച്ചു. എന്നെ സംബന്ധിച്ചിട ത്തോളം ആസ്പ്ത്രിയുടെ മുഴുവൻ ഭാരവും ഏറ്റെടുക്കാൻ തികച്ചും മടിയായിരു ന്നു. ഈ പുതിയ സ്ഥാപനത്തിനു അവശ്യം ആവശ്യമായ അനുഭാവവും സഹായ സഹകരണങ്ങളും സൗമനസ്യവും പ്രൊവിൻസിൽ നിന്നുണ്ടാവുമോ എന്ന ആശ ങ്കയായിരുന്നു ഇതിനു കാരണം. പിന്നീടു ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞു വന്ന ധാരണകളുടെ വെളിച്ചത്തിലാണ് ഈ ഭാരം ഞാൻ ഏറ്റെടുക്കാമെന്നു വെച്ചത്.

ഡോ.ശങ്കുണ്ണി : എന്തായിരുന്നു ആ ധാരണകൾ?

ഫാ.ഗബ്രിയേൽ : 5 ലക്ഷം ഉറുപ്പികയെങ്കിലും പ്രൊവിൻസിൽ നിന്നു തന്ന് ഈ പുതിയ സംരംഭത്തിന്റെ പിറകിൽ പ്രവിശ്യയുടെ സഹകരണം സ്പഷ്ടമാക്കണം. രണ്ടാമ യതായി, ഈ സ്ഥാപനത്തിന് ആവശ്യമായ വിദേശസഹായം ലഭിക്കുന്നതിനുള്ള എഴുത്തുകുത്തുകൾ തുടർന്നു നടത്താനുള്ള സ്വാതന്ത്ര്യം എനിക്കുണ്ടായിരിക്ക ണം. ഈ ഉപാധികൾ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് ഫാ.ജോസ് പ്രകാശ് അറയ്ക്കലിനെ ധനശേഖരാർത്ഥം വീണ്ടും വിദേശത്തേയ്ക്കയച്ചത്. 5 ലക്ഷം രൂപ സമാഹരിക്കണമെന്നായിരുന്നു നിയോഗം. അതു മുഴുവൻ സമാഹരിക്കാനായില്ലെ ങ്കിലും കാര്യങ്ങൾ സുഗമമായി മുന്നോട്ടു നീങ്ങാൻ ഫാ.അറയ്ക്കലിന്റെ രണ്ടാ മത്തെ ദൗത്യം സഹായിച്ചു.

ഡോ.ശങ്കുണ്ണി : ഇതൊടെ ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സാഹചര്യം സംജാത മായോ?

ഫാ.ഗബ്രിയേൽ : ഒരു പരിധി വരെ ആയി എന്നു പറയാം. ജൂലായ് 1നാണ് ഞാൻ അമ ലയുടെ ഡയറക്ടറായി ചാർജ്ജെടുത്തത്. തൃശ്ശൂർ ദേവമാതാ പ്രവിശ്യയിൽ താമ സിച്ചു വന്നുപൊയ്ക്കൊണ്ടിരിക്കയായിരുന്നു ആദ്യകാലങ്ങളിൽ. ഇതു മുഴുവനും കാര്യക്ഷമമാവില്ല എന്നു കണ്ടപ്പോൾ, സ്ഥിരതാമസം അമലക്യാമ്പസ്സിലേക്കു മാറ്റി. മുഴുവൻ സമയവും ആസ്പത്രി കാര്യങ്ങൾക്കുവേണ്ടി എനിക്കു വിനിയോഗിക്കാ നായപ്പോൾ അമേരിക്കയിലേയും പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലേയും നിലവാര പ്പെട്ട ആസ്പത്രികളുടെ നടത്തിപ്പു കണ്ടു പഠിക്കുന്നതിനായി 1978 ആഗസ്റ്റിൽ ഫാ. പയസ്സിനെ നിയോഗിക്കാൻ സാധിച്ചു. ആ ഒഴിവിൽ ഫാ.ചിറ്റിലപ്പിള്ളി നിയമിത നായി.

ഡോ.ശങ്കുണ്ണി : ഒരു നല്ല ക്യാൻസർ ആസ്പത്രി എന്ന അങ്ങയുടെ കാഴ്ചപ്പാടിൽ എന്തെല്ലാം പരിഷ്കാരങ്ങളാണ് അങ്ങ് അമലയിൽ നടപ്പാക്കിയത്?

ഫാ.ഗബ്രിയേൽ : പല കാര്യങ്ങൾ പറയാനുണ്ട്. ഒന്ന് – ഏതു സ്ഥാപനത്തിനും സ്വയം ഭരണ സ്വാതന്ത്ര്യമില്ലെങ്കിൽ പുരോഗതി കൈവരിക്കാനാവില്ല എന്ന അഭിപ്രായ

ക്കാരനാണ് ഞാൻ. അതു കൊണ്ട് ഒരു സ്വതന്ത്രസൊസൈറ്റിയായി അമല ആസ്പ്ത്രിയെ രൂപപ്പെടുത്താൻ ഞാൻ താല്പര്യം കൊണ്ടു. അതിൻപ്രകാരം രൂപം കൊണ്ട സൊസൈറ്റിയുടെ ഭരണസമിതിയിൽ സി.എം.ഐ. സഭാംഗങ്ങൾക്കു പുറമെ ജീവിതത്തിലെ വിവിധ തുറകളിൽ നിന്നുള്ള വിദഗ്ധരും പൊതുപ്രവർത്തകരും പ്രാതിനിധ്യം നേടിയിരുന്നു. ഈ സംവിധാനം ജനപങ്കാളിത്തത്തോടുകൂടിയ ഭരണരീതിക്കുള്ള ഒരു കാൽവയ്പായി. നയപരമായ കാര്യങ്ങൾ തീരുമാനിക്കുക, കണക്കുകളും ബഡ്ജറ്റും അംഗീകരിക്കുക മുതലായ പ്രധാനകാര്യങ്ങൾ ഈ ഭരണസമിതിയുടെ അധികാരത്തിൽ പെട്ടതായിരുന്നു. ഒരടിയന്തിരഘട്ടത്തിൽ ആസ്പത്രിയുടെ ഭരണകാര്യങ്ങളിൽ പ്രവിശ്യകൗൺസിലിന് ഇടപെടാനുള്ള അന്തിമാധികാരമുണ്ടായിരുന്നു. സമാനസ്ഥാപനങ്ങളിൽ നിന്നു വിത്യസ്തമായി അമലക്കു വളരേയേറെ പൊതുസ്വഭാവമുള്ളതുകൊണ്ട്, പൊതുവായ ചില നിയമങ്ങളും മാനദണ്ഡങ്ങളും ആദ്യമേത്തന്നെ ആവിഷ്കരിച്ചിരുന്നു. ഈ നിയമാവലികൾക്കും നയങ്ങൾക്കും നൽകുന്നതിനു ശ്രീ.ടി.ജെ.പൈലിയുടെ സേവനം പ്രയോജനപ്പെടുത്തിയിരുന്നു.

ഡോ. ശങ്കുണ്ണി: ഒരു പുതിയ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണല്ലോ ഈ ആസ്പത്രിയുടെ പ്രവർത്തനം ക്രമീകരിക്കപ്പെട്ടത്. ആ ക്രമീകരണത്തിന്റെ വിശദാംശങ്ങൾ വെളിവാക്കാമോ?

ഫാ. ഗബ്രിയേൽ: നയപരമായ ചില തീരുമാനങ്ങൾ ആദ്യമേ തന്നെ ഈ ആസ്പത്രി കൈക്കൊള്ളുകയുണ്ടായി. പുറത്തുനിന്നും വന്നു പൊയ്ക്കൊണ്ടിരിക്കുന്ന കൺസൾട്ടന്റുമാരെ ഒഴിവാക്കുക; സ്ഥിരം ജോലി ചെയ്യാവുന്ന വിദഗ്ദ്ധരെ നിയമിക്കുക; പ്രധാന വിഭാഗങ്ങളിൽ രണ്ടു വിദഗ്ദ്ധമാരെങ്കിലും ഉണ്ടാവുക; അവർ സ്വതന്ത്ര യൂണിറ്റുകളായി പ്രവർത്തിക്കുക... ഇവ അവയിൽ പ്രധാനപ്പെട്ടവ മാത്രം.

ഡോ. ശങ്കുണ്ണി: ഇത് വിദഗ്ദ്ധ ചികിത്സയ്ക്ക്. വിദഗ്ദ്ധ ശുശ്രൂഷക്കോ?

ഫാ. ഗബ്രിയേൽ: ഇതു ലക്ഷ്യമാക്കി ആദ്യ വർഷം തന്നെ ചെയ്ത സംഗതിയാണ് നഴ്സിങ്ങ് സേവനത്തിനായി സഹായനഴ്സുമാർക്കു പരിശീലനം നൽകുന്ന പരിപാടി. പത്താംക്ലാസ് പാസ്സായ യുവതികളെ തെരഞ്ഞെടുക്കുകയും അവരെ നഴ്സിങ്ങ് പരിശീലിപ്പിക്കുകയും അതോടൊപ്പം അവരുടെ സേവനം ആശുപത്രിക്കു സംലഭ്യമാക്കുകയും ചെയ്യുകയായിരുന്നു ഉദ്ദേശ്യം. ആതുര ശുശ്രൂഷാരംഗത്തു നഴ്സുമാരുടെ സേവനത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് ആശുപത്രി സ്ഥാപിച്ച് ഒരു വർഷം കഴിഞ്ഞതോടുകൂടിത്തന്നെ, നഴ്സിങ്ങ് കൗൺസിലിന്റെ അംഗീകാരത്തോടെയുള്ള നഴ്സിങ്ങ് സ്കൂൾ സ്ഥാപിക്കാൻ നടപടി കൈക്കൊണ്ടു.1980 ജനുവരിയിൽ 10 വിദ്യാർത്ഥിനികളുള്ള നഴ്സിങ്ങ് സ്കൂൾ സ്ഥാപിച്ചു. അപ്പോഴേക്കു ബെഡ്ഡു

കളുടെ എണ്ണം 120 ആയി ഉയർന്നിരുന്നു. ആ വർഷം സെപ്തംബറിൽ കേന്ദ്ര ഗവൺമെന്റ് വാഗ്ദാനം ചെയ്ത കോബോൾട്ട് യൂണിറ്റു സ്ഥാപിക്കപ്പെട്ടു. അതിനു വേണ്ടിയുള്ള കോബാൾട്ട് ബ്ലോക്ക് പണിയാൻ ധനസഹായം ചെയ്തതു ചാക്കോള കുടുംബമായിരുന്നു. കേന്ദ്ര ആരോഗ്യമന്ത്രിയായ ശ്രീ ബി. ശങ്കരാനന്ദ് 1981 ഒക്ടോബർ 16ന് ഈ റേഡിയേഷൻ തെറാപ്പി ബ്ലോക്ക് യൂണിറ്റ് ഉദ്ഘാടനം ചെയ്തു. ഇതിനുമുമ്പുതന്നെ 1, 2, 3, 4 വാർഡുകൾക്കു യഥാക്രമം തൃശൂർ മുനിസിപ്പാലിറ്റി, ജോസ് തുളുവത്ത്, മെസ്സേർസ് ഗ്രേ മെക്കൻസി, കുവൈറ്റ് മലയാളികൾ എന്നിവർ ധനസഹായം എത്തിച്ചിരുന്നു. ലബോറട്ടറി ബ്ലോക്കിനുള്ള ധനസഹായം നൽകിയതു മധ്യപൂർവ്വ ദേശത്തുള്ള ഐവൻ ഗോവിയാസും പത്നിയുമാണ്. ഒ.പി. വിഭാഗം ബ്ലോക്കിനു ഫാഷൻ ഫാബ്രിക്സിന്റെ കെ.ജെ. ഫ്രാൻസിസ് സഹായം നൽകി.

ഡോ. ശങ്കുണ്ണി: ജനപങ്കാളിത്തത്തെ കൂടുതൽ ശക്തമാക്കാൻ എന്തൊക്കെ നടപടികൾ ഏറ്റെടുത്തു?

ഫാ. ഗബ്രിയേൽ: അമലയുടെ നയത്തിൽ ജനപങ്കാളിത്തം അന്തർലീനമായിരുന്നു. പൊതു ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി കൂടിയ ഭരണസമിതിക്കു രൂപം കൊടുത്തതുതന്നെ ഈ ഉദ്ദേശത്തോടുകൂടിയായിരുന്നു. മറ്റൊരു മാനംകൂടി വളർത്തിയെടുക്കാൻ വേണ്ടിയാണ് അമല ഫെലോഷിപ്പ് എന്ന സംഘടന പിന്നീടു രൂപംകൊടുത്തത്. ഇതിന്റെ ഉദ്ഘാടനം 1982 ഡിസംബർ 12ന് ധനകാര്യമന്ത്രി ശ്രീ. കെ.എം. മാണി നിർവ്വഹിച്ചു. മുഖ്യ അതിഥി ആർച്ച് ബിഷപ്പ് ബെനഡിക്റ്റ് മാർ ഗ്രിഗോറിയസ് ആയിരുന്നു. അതുവഴിയായി അമലയുടെ സേവനം ഗ്രാമതലത്തിലേയ്ക്കു വ്യാപിക്കുന്നതിന് സാധിച്ചു. ക്യാൻസർ രോഗികൾക്കാവശ്യമായ സേവനം ചെയ്തുകൊടുക്കുന്നതിനും ക്യാൻസർ രോഗത്തെക്കുറിച്ചുള്ള ബോധവത്കരണം നടത്തുന്നതിനും വേണ്ടി മധ്യകേരളത്തിന്റെ പ്രധാനകേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ബഹുജന പ്രസ്ഥാനമായി രൂപപ്പെട്ട അമല ഫെലോഷിപ്പിന് ഇന്നു കേരളത്തിലും വിദേശത്തുമായി 14 യൂണിറ്റുകളുണ്ട്.

ഡോ. ശങ്കുണ്ണി: അമലയുടെ മറ്റു പ്രത്യേകതകൾ എന്തെല്ലാമാണ്?

ഫാ. ഗബ്രിയേൽ: മറ്റു രോഗങ്ങളെ അപേക്ഷിച്ചു ക്യാൻസർ മാരകമാണെന്നും ചികിത്സകൊണ്ട് അതു ഭേദമാവുകയില്ലെന്നും ഒരു ധാരണ രോഗികളിൽ ഉണ്ടാവുന്നു. ഇത് അവരിൽ മാനസികമായി ഒരാഘാതവും നിരാശതയും ഉളവാക്കുന്നു. ഇത്തരം രോഗികൾക്കു മാനസികമായി സ്വസ്ഥതയും ശാന്തതയും കൈവരുത്താനുള്ള ശക്തി പ്രാർത്ഥനക്കുണ്ട്. അതുകൊണ്ട് ജാതിമതഭേദമെന്യേ എല്ലാവർക്കും ഈശ്വരനെ തേടാനുള്ള വേദിയായി ഒരു പ്രാർത്ഥനാലയം സ്ഥാപിച്ചു. ഇതിനു ധനസഹായം നൽകിയത് ശ്രീ. പി.എസ് സെബാസ്റ്റ്യനാണ്. കൂടാതെ, രോഗികളെ കണ്ട് ആശ്വ

സിപ്പിക്കുന്നതിനും അവർക്കു മനശ്ശക്തി പകരുന്നതിനുമായി ഒരു കൗൺസിലിങ്ങ് സംഘത്തിനു രൂപം നൽകി. ക്യാൻസർ പലപ്പോഴും ശക്തമായ വേദനയ്ക്കു കാരണമാവാറുണ്ട്. വേദന സംഹാരികളായ മരുന്നുകൾ നൽകിയും ചില പ്രത്യേക ശസ്ത്രക്രിയ നടത്തിയും വേദന ശമിപ്പിക്കാനുള്ള ഒരു വേദനാ ശമനയൂണിറ്റ് പ്രവർത്തനനിരതമാക്കി. ക്യാൻസർ രോഗികൾക്കുവേണ്ടിയുള്ള മറ്റൊരു സേവനമാണ് സത്രങ്ങളുടെ സംവിധാനം. ദീർഘകാല ചികിത്സ വേണ്ടിവരുന്ന ക്യാൻസർ രോഗികളെയും അവരുടെ സഹായികളെയും ഉദ്ദേശിച്ച് രണ്ടു സത്രങ്ങൾ പണികഴിപ്പിച്ചിട്ടുണ്ട്. ഇവിടെ ഭക്ഷണം പാകം ചെയ്യുന്നതിനും സൗജന്യ താമസത്തിനും സൗകര്യങ്ങളുണ്ട്.

ഡോ. ശങ്കുണ്ണി: ക്യാൻസർ ചികിത്സയ്ക്ക് എന്നപോലെ ക്യാൻസർ പ്രതിരോധത്തിന് എന്തെല്ലാം സൗകര്യങ്ങൾ അമലയൊരുക്കിയിട്ടുണ്ട്?

ഫാ. ഗബ്രിയേൽ: ക്യാൻസർ ചികിത്സപ്പോലെത്തന്നെ പ്രധാനപ്പെട്ട ഒരു സേവനരംഗമാണ് ക്യാൻസർ മുൻകൂട്ടി കണ്ടുപിടിക്കുന്നതിനുള്ള സംവിധാനവും. ക്യാൻസറിനെക്കുറിച്ചുള്ള വിവരങ്ങൾ മുൻകൂട്ടി ജനങ്ങൾക്കു നൽകുക, തെറ്റായ ധാരണകൾ മാറ്റിയെടുക്കുക, മുൻകൂട്ടി ലക്ഷണങ്ങൾ കാണിച്ചുകൊടുത്തു യഥാസമയം ചികിത്സ നേടാൻ പ്രേരണ ചെലുത്തുക മുതലായവയാണ് ഈ വിഭാഗത്തിന്റെ പ്രധാന പ്രവർത്തനം. ക്യാൻസർ മുൻകൂർ കണ്ടുപിടിക്കാനുള്ള സംവിധാനവും അതിനു പ്രത്യേകമായി ഒരു മൊബൈൽ യൂണിറ്റും 1986 മുതൽ അമലയിലുണ്ട്. ഈ പദ്ധതിക്കു സഹായം തന്നത് ജർമ്മൻ ഗവൺമെന്റാണ്.

ഡോ. ശങ്കുണ്ണി: തുടർന്നുള്ള വികസനത്തിന്റെ കഥയും കേൾക്കണം.

ഫാ. ഗബ്രിയേൽ: ആദ്യ കാലങ്ങളിൽ ക്യാൻസർ രോഗികളെ പല വാർഡുകളിലായിട്ടാണ് കിടത്തിയിരുന്നത്. കാലക്രമേണ ക്യാൻസർ വാർഡ് ആശുപത്രി കെട്ടിടത്തിന്റെ തെക്കെ ഭാഗത്തേക്കു മാറ്റാനുള്ള ശ്രമമായി. ഈ നീക്കത്തിന്റെ ഭാഗമായി ക്യാൻസർ രോഗികൾക്കു മാത്രമായി എട്ടാം വാർഡ് പണിതീർത്തു. പിന്നീടു 6, 7, 14, 16 എന്നീ ക്യാൻസർ വാർഡുകളും പൂർത്തിയായി.

ഡോ. ശങ്കുണ്ണി: ക്യാൻസർ ചികിത്സക്കൊപ്പം ഗവേഷണത്തിനും പ്രാധാന്യം കൊടുത്തിരുന്നില്ലേ?

ഫാ. ഗബ്രിയേൽ: ഉവ്വ്, 1980ൽ തന്നെ ഇവിടെ ക്യാൻസർ ഗവേഷണം ആരംഭിച്ചു. ഇതിനു നേതൃത്വം നൽകാൻവേണ്ടി പ്രഗത്ഭനായ ഒരു ഗവേഷകനെത്തന്നെ അമല കണ്ടെത്തി. റീജിയണൽ ക്യാൻസർ സെന്ററിലെ ഗവേഷണ മേധാവിയായിരുന്ന ഡോ. ഡി.എം. വാസുദേവന്റെ സേവനം അമലയ്ക്കു കിട്ടിയതു ഗവേഷണ മേഖലയിലേക്കു കടന്നു ചെല്ലാൻ വലിയൊരു പ്രചോദനവുമായി. ഗവേഷണ രംഗത്തു

അമല കൈവരിച്ച നേട്ടങ്ങൾ ആധാരമാക്കി അമലയ്ക്ക് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് 02.03.1982ൽ അംഗീകാരം നൽകി. അതിന്റെ ഫലമായി ഗവേഷണ കേന്ദ്രത്തിനു സംഭാവന നൽകുന്നവർക്ക് ആദായനികുതിവകുപ്പ് 35 (i) (ii) അനുസരിച്ചു $133^1/_3$ ശതമാനം നികുതിയിളവിനുള്ള അനുമതിയും കരഗതമായി. ഗവേഷണ വകുപ്പിന്റെ മേധാവിയായ ഡോ. ഡി.എൻ. വാസുദേവൻ 1982ൽ ചാർജ്ജെടുത്തെങ്കിലും, ഗവേഷണത്തിനു വേണ്ടിയുള്ള പ്രത്യേക ബ്ലോക്ക് ഫാ. ഗബ്രിയേൽ ഗോൾഡൻ ജൂബിലി ബ്ലോക്ക് - നിർമ്മിച്ചത് 1983 ൽ മാത്രമാണ്. അന്നത്തെ മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരൻ 20.11.1983ൽ അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

ഡോ. ശങ്കുണ്ണി: ഗവേഷണ രംഗത്ത് അമലയെ ശ്രദ്ധേയമാക്കിയ ഘടകങ്ങൾ?

ഫാ. ഗബ്രിയേൽ: കാലിക്കറ്റ് സർവ്വകലാശാല അമലയെ ഗവേഷണ കേന്ദ്രമായി 26.06.1985ൽ അംഗീകരിച്ചുവെങ്കിലും ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ നിർദ്ദേശപ്രകാരം ഒരു പ്രത്യേക സൊസൈറ്റിയുടെ ഭാഗമായി റജിസ്റ്റർ ചെയ്തതു 21.05.84ൽ തന്നെ നടന്നിരുന്നു. 1985 ഡിസംബറിൽ നടന്ന ഇമ്മ്യൂണോജിക്കൽ കോൺഫറൻസോടുകൂടി അമല ഗവേഷണ കേന്ദ്രം ഇന്ത്യയിലാകെ അറിയപ്പെട്ട ഉയർന്ന ഒരു ഗവേഷണകേന്ദ്രമായി. ഈ ഗവേഷണ കേന്ദ്രത്തിൽ ഇന്നു മൂന്നു അംഗീകൃത ഗൈഡുകളും അവരുടെ കീഴിൽ ഡോക്ടറേറ്റിനു ഗവേഷണം നടത്തുന്ന 12 ഗവേഷകരുമുണ്ട്.

ഡോ. ശങ്കുണ്ണി: ആയുർവേദ മേഖലയിൽ ക്യാൻസർ ചികിത്സയും ഗവേഷണവും തുടങ്ങാനുള്ള പശ്ചാത്തലം വിവരിക്കാമോ?

ഫാ. ഗബ്രിയേൽ: ഫലപ്രദമായ പ്രതിവിധി ഇല്ല എന്ന തോന്നലിന്റെ ഫലമായി ക്യാൻസർ രോഗികൾക്കു വേറെ ചികിത്സാവിഭാഗങ്ങളിലേക്കു മാറാനും അതിൽനിന്ന് ആശ്വാസം കണ്ടെടുക്കാനുമുള്ള വ്യഗ്രത കാണാറുണ്ട്. രോഗികൾക്ക് ഇതിനുള്ള സൗകര്യം സംലഭ്യമാക്കാനാണ് അമല ക്യാമ്പസിൽ ആയുർവേദ വിഭാഗവും ഹോമിയോപ്പതി വിഭാഗവും ആരംഭിച്ചതും ഈ തുറകളിൽ ചികിത്സയ്ക്കും ഗവേഷണത്തിനും സംവിധാനം ഒരുക്കിയത്. അമലയുടെ ആയുർവേദ യൂണിറ്റിനു കേന്ദ്ര ആരോഗ്യമന്ത്രി ബി. ശങ്കരാനന്ദ് 1981 ഒക്ടോബർ 16നു തറക്കല്ലിട്ടു. 1983 മാർച്ച് 19ന് അമല ആയുർവേദാശുപത്രി മുഖ്യമന്ത്രി ശ്രീ കെ. കരുണാകരൻ ഉദ്ഘാടനം ചെയ്തു. അതിനുമുമ്പുതന്നെ, 1982 ജൂൺ 18ന് ആയുർവേദ ഗവേഷണ കേന്ദ്രം അഷ്ടവൈദ്യൻ ഇ.ടി. നീലകണ്ഠൻ മൂസ് ഉദ്ഘാടനം ചെയ്തിരുന്നു. ആയുർവേദാശുപത്രി കെട്ടിടത്തിന്റെ എടുപ്പിനും ഔഷധോത്പാദന കേന്ദ്രത്തിനും ധനസഹായം നൽകിയത് ഫാ. റോൾഫ് ലിൻസയാണ്. പിന്നീട് കൂടുതൽ സൗകര്യങ്ങൾ

ഉദ്ദേശിച്ചു രണ്ട് ആയുർവേദ ചികിത്സാ ഭവനങ്ങൾ 1988ൽ സ്ഥാപിതമായി. ഹോമിയോപ്പതി യൂണിറ്റു 1990 മുതൽ ആയുർവേദാശുപത്രി കെട്ടിടത്തിന്റെ രണ്ടാം നിലയിൽ പ്രവർത്തിച്ചു വരുന്നു.

ഡോ. ശങ്കുണ്ണി: മാസ്റ്റർ പ്ലാൻ വിഭാവനം ചെയ്തിട്ടുള്ള വളർച്ചയിലേക്ക് അമല എത്തിക്കഴിഞ്ഞോ?

ഫാ. ഗബ്രിയേൽ: പൂർണ്ണമായി എത്തി എന്നു പറയാറായിട്ടില്ല. എങ്കിലും, ഉദ്ദേശം 80 ശതമാനത്തോളം ആയി എന്നു പറയാം. 16 വാർഡുകളിൽ 12 എണ്ണവും 20 ക്വാർട്ടേഴ്സുകളിൽ 14 എണ്ണവും പൂർത്തിയായി. സ്ത്രീ വിഭാഗത്തിൽപ്പെട്ട സ്റ്റാഫംഗങ്ങൾക്കും നഴ്സിങ്ങ് വിദ്യാർത്ഥികൾക്കുമുള്ള ബ്ലോക്കുകളും പണിതീർന്നിട്ടുണ്ട്. സ്റ്റാഫംഗങ്ങളുടെ മക്കളെ പ്രധാനമായും ഉദ്ദേശിച്ചുകൊണ്ടുള്ള ഇംഗ്ലീഷ് മീഡിയം ലോവർ പ്രൈമറി സ്കൂളും നിലവിൽ വന്നിട്ടുണ്ട്.

ഡോ. ശങ്കുണ്ണി: മാസ്റ്റർ പ്ലാനിൽ വിഭാവനം ചെയ്തിട്ടില്ലാത്ത പൂരകസ്ഥാപനങ്ങളോ ഉപസ്ഥാപനങ്ങളോ തുടങ്ങാൻ ഉദ്ദേശമുണ്ടോ?

ഫാ. ഗബ്രിയേൽ: വളർന്നുകൊണ്ടിരിക്കുന്ന ഏതു സ്ഥാപനത്തിന്റെ വളർച്ചയ്ക്കും പരിതി നിർണ്ണയിക്കാനാവില്ലല്ലോ. അമലയെ സംബന്ധിച്ചിടത്തോളം ക്യാൻസർ രോഗികൾക്കു വേണ്ടിയുള്ള ഹോസ്പിസ്, ഓൾഡ് ഏജ് ഹോം, പുനരധിവാസ കേന്ദ്രം, ഗവേഷണത്തിനുവേണ്ടിയുള്ള പ്രത്യേക ബ്ലോക്ക്, നഴ്സിങ്ങ് കോളേജ് എന്നിങ്ങനെ പല പ്രസ്താനങ്ങളും സംരംഭങ്ങളും തുടങ്ങാൻ പദ്ധതിയുണ്ട്. തൊഴിൽ സാധ്യതയുള്ള പാരാമെഡിക്കൽ തുടങ്ങാനും അങ്ങനെ അമലയുടെ സേവനം കൂടുതൽ വിശാലമാക്കാനുമുള്ള ആലോചനയുണ്ട്.

ഡോ. ശങ്കുണ്ണി: തൊടുന്നതെന്തും പൊന്നാക്കാനുള്ള അങ്ങയുടെ സിദ്ധി വിശേഷം ദേവമാതാ പ്രവിശ്യയുടെ ഭരണസാരഥ്യമേറ്റെടുത്ത കാലഘട്ടത്തിലും പ്രായോഗികതയിൽ തെളിയിക്കാൻ അങ്ങേക്കു കഴിഞ്ഞിട്ടുണ്ട്. കാർമ്മലും, കേരളസഭയ്ക്കു തന്നെ അഭിമാനം വളർത്തുന്ന അമലയും അതിന്റെ തെളിവായി ഉയർന്നു നിൽക്കുന്നു. അങ്ങയുടെ ഭരണകാലത്തു പ്രൊവിൻസിൽ ഏതെല്ലാം രംഗത്താണ് അങ്ങേക്കു ചലനമുണ്ടാക്കാൻ കഴിഞ്ഞത്?

ഫാ. ഗബ്രിയേൽ: അന്നു ദേവമാത പ്രവിശ്യയെ കൂടുതൽ പ്രവർത്തനോന്മുഖമാക്കണമെന്ന ഒരഭിനിവേശം സഭാംഗങ്ങളിൽ പൊതുവെ ഉണ്ടായിരുന്നു. ആശ്രമാധിപൻമാരെ നിയമിച്ചതിനുശേഷം, അധികം താമസിയാതെ അവരെയെല്ലാം വിളിച്ചുകൂട്ടി ഓരോ ആശ്രമത്തിലും പരിസരത്തും ഏതെല്ലാം പ്രവർത്തനങ്ങളാണ് നാം എറ്റെടുത്തു നടത്തേണ്ടതെന്നു ചർച്ച ചെയ്തു. സ്ഥലത്തെ ആവശ്യങ്ങൾ സ്ഥലവാസികളിൽനിന്നും നേരിട്ടറിഞ്ഞ് അവരുടെ സഹകരണത്തോടുകൂടി മുന്നോട്ടു

നീങ്ങണമെന്ന ഒരു കാഴ്ചപ്പാടാണ് സ്വീകരിച്ചത്. ജനപങ്കാളിത്തം എന്റെ പ്രവർത്തന ശൈലിയുടെ ഭാഗമായതിനാൽ, അത് ഓരോ ആശ്രമത്തിന്റെയും പ്രവർത്തനത്തിലേയ്ക്കു വ്യാപിപ്പിക്കുയായിരുന്നു ഉദ്ദേശ്യം. അതനുസരിച്ച്, ഓരോ ആശ്രമത്തിന്റെയും പരിസരത്തുള്ള ജനങ്ങളെ വിളിച്ചുകൂട്ടി അവരുടെ ആവശ്യങ്ങൾ അവരിൽനിന്നു നേരിട്ടു മനസ്സിലാക്കി മുന്നോട്ടു നീങ്ങാനുള്ള പരിശ്രമം മിക്കവാറും എല്ലാ ആശ്രമങ്ങളിലും നടന്നു. അമ്പഴക്കാട്ടും കടലുണ്ടിയിലും ഓരോ മിനി ഇന്റസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിച്ചതും വരന്തരപ്പിള്ളിയിലും അമ്പഴക്കാട്ടും ഓരോ പാരലൽ കോളേജ് സ്ഥാപിച്ചതും പാലക്കാട്ടുള്ള ഭാരതമാതാ സ്കൂളും പൊള്ളാച്ചിയിലെ ഇംഗ്ലീഷ് മീഡിയം സ്കൂളും പ്രവർത്തന നിരതങ്ങളായതും പ്രവിശ്യാതലത്തിൽ മൂന്നു സാംസ്കാരിക കേന്ദ്രങ്ങൾ – ഇരിങ്ങാലക്കുടയിൽ കാത്തലിക് സെന്റർ, തൃശൂരിൽ കലാവിഹാർ, കോഴിക്കോട്ട് ദീപ്തി ഭവൻ – ആരംഭിച്ചതും ഈ പശ്ചാത്തലത്തിലാണ്. കുരിയാക്കോസ് ഏലിയാസ് സർവ്വീസ് സൊസൈറ്റി (കെസ്)യ്ക്കു സ്ഥലം അനുവദിച്ചതും കുരിയച്ചിറയിലുള്ള ഗലീലി, ചേതന എന്നീ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥലം വാങ്ങിയതും പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങിയതും തൃശൂരിൽ ജ്യോതി ബുക്ക് സെന്റർ ആരംഭിച്ചതും എൽത്തുരുത്ത് കോളേജ് ഡിഗ്രി കോളേജാക്കി ഉയർത്തിയതും അഴീക്കോട് ആശ്രമത്തിനോടനുബന്ധിച്ച് ഒരാശുപത്രി തുടങ്ങിയതും ഈ കാലഘട്ടത്തിലാണ്. യോഗാർത്ഥികളുടെ എണ്ണം വർദ്ധിച്ചതിന്റെ ഫലമായി പുതുതായി ഒരു യോഗാർത്ഥിഭവനംകൂടി പാവറട്ടിയിൽ സ്ഥാപിച്ചു. ബഹുമുഖമായ ഈ പ്രവർത്തനങ്ങൾ പ്രവിശ്യയിൽ പൊതുവെ ഒരാവേശം ഉയർത്താനും ചലനം സൃഷ്ടിക്കാനും സഹായിച്ചു.

ഡോ. ശങ്കുണ്ണി: കർമ്മരംഗത്ത് അങ്ങൊരു സവ്യസാചിയാണ്. അധ്യാപകനായിരിക്കെ അങ്ങേയ്ക്കു ഭരണാധികാരിയാവാനാവും; വൈദികനായിരിക്കെ പൊതു പ്രവർത്തകനാവാനാവും; സംഘാടകനായിരിക്കെ ആത്മീയമീമാംസ കൈയ്യാളാനാവും. ജൈവസാഹസികതയുടെ അരങ്ങത്ത് അങ്ങു പ്രദർശിപ്പിക്കുന്ന ഈ കൈതഴക്കവും മെയ്യൊതുക്കവും വ്യാപരിക്കുന്ന മണ്ഡലങ്ങളിൽ അങ്ങയെ അതുല്യനാക്കുന്നു. സി.എം.ഐ സഭയിലെ ഒരംഗമെന്ന നിലയിൽ സഭയ്ക്കും സമൂഹത്തിനും അങ്ങു സ്വന്തമായി നൽകിയിട്ടുള്ള സംഭാവകളിലേക്ക് ഒന്നു കണ്ണോടിക്കാമോ?

ഫാ. ഗബ്രിയേൽ: 1942ൽ വൈദിക പട്ടം സ്വീകരിച്ചു ചമ്പംകുളം സ്കൂളിൽ അധ്യാപനം തുടങ്ങിയതുമുതൽ 1975ൽ ക്രൈസ്റ്റിൽ നിന്നും വിരമിക്കുംവരെ ഞാനൊരു വിദ്യാഭ്യാസ പ്രവർത്തകനായിരുന്നു. ഈ രംഗത്തെ എന്റെ പ്രവർത്തനം അർപ്പണബോധമുള്ള ഒരധ്യാപകൻ എന്ന പേര് എനിക്കു നേടിത്തന്നിട്ടുണ്ട്. സി.എം.ഐ സഭയിൽ ശോഭിച്ച ഒരു ഉത്തമധ്യാപകനായി പലരുമെന്നെ കാണുന്നുണ്ട്. ചോദ്യത്തിൽ ചൂണ്ടിക്കാട്ടിയപ്പോലെ അധ്യാപകനായിരിക്കെ സഭയിലെ ഉത്തരവാദപ്പെട്ട മറ്റു ജോലി

കളും ഞാൻ ഏറ്റെടുത്തു ചെയ്തിട്ടുണ്ട്. ആവുന്നത്ര ആത്മാർത്ഥതയോടെ; കഴിയുന്നത്ര കാര്യക്ഷമതയോടെ. ചമ്പക്കുളം സ്കൂളിലായിരുന്നപ്പോഴും തേവര കോളേജിലായിരുന്നപ്പോഴും ഞാനിത്തരം ഉത്തരവാദിത്തങ്ങൾ കൈകൊണ്ടിട്ടുണ്ട്. സി.എം.ഐ സഭ മൂന്നായി വിഭജിക്കപ്പെട്ട കാലത്തു ദേവമാതാ പ്രവിശ്യയുടെ ആവേശമുൾക്കൊണ്ട ഒരു യുവ വൈദികനായിരുന്നു ഞാൻ. പ്രവിശ്യയുടെ ജീവധാരയിൽ പൂർണമായി ലയിക്കുകയും അതിന്റെ വളർച്ചയ്ക്കുവേണ്ടി സ്വയം അർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെത്തന്നെ, കോയമ്പത്തൂർ റീജിയൺ ഉടലെടുക്കാനും അതു വളരാനും ആത്മാർത്ഥമായി ആഗ്രഹിക്കുകുയം പ്രവർത്തിക്കുയും ചെയ്തിട്ടുണ്ട്. ആ റീജിയണിലെ ആദ്യകാല സ്ഥാപനങ്ങളുടെ ലിറ്റിൽ ഫ്ളവർ മിഷൻ സെന്റർ, വിശ്വദീപ്തി സ്കൂൾ പൊള്ളാച്ചി, ഭാരമാതാ സ്കൂൾ പാലക്കാട് മുതലായ സ്ഥാപനങ്ങളുടെ പിറകിൽ ശക്തമായി പ്രവർത്തിച്ചിട്ടുണ്ട് എന്നു പറയാം.

ഡോ. ശങ്കുണ്ണി: അങ്ങയെപ്പോലുള്ള ഒരു സമുന്നത സഭാംഗം സി.എം.ഐ സഭയുടെ നയപരിപാടികൾ രൂപീകരിക്കുന്നതിലും നിയമനിർമ്മാണ പ്രക്രിയയിലും എത്രമാത്രം സജീവമായിട്ടുണ്ട്.

ഫാ. ഗബ്രിയേൽ: 1953നു ശേഷമുള്ള എല്ലാ പ്രവിശ്യാ കൗൺസിലുകളിലും പൊതുസംഘങ്ങളിലും ഇടമുറിയാതെ തിരഞ്ഞെടുക്കപ്പെടുവാനും അതുവഴിയായി സി.എം.ഐ സഭയെ ദീർഘകാലം സേവിക്കാനും എനിക്ക് അവസരമുണ്ടായിട്ടുണ്ട്. സംഘത്തിൽ നിന്നും നിശ്ചയിച്ച സമിതികളിലൂടെ സഭയുടെ നയപരിപാടികൾക്കു രൂപം കൊടുക്കുവാനും നിർണായക തീരുമാനങ്ങളിൽ പങ്കുചേരാനും സാധിച്ചിട്ടുണ്ട്. പുതിയ ഭരണഘടനയ്ക്കു രൂപം കൊടുത്ത പൊതു സംഘത്തിലെ കമ്മിറ്റി അംഗമെന്ന നിലയിലും നിയമനിർമ്മാണത്തിൽ എന്റേതായ എളിയ പങ്കുവഹിക്കാൻ കഴിഞ്ഞിട്ടുണ്ട്. ദേവഗിരി കോളേജിലെ ചില അഭ്യന്തരപ്രശ്നങ്ങൾ പരിഹരിക്കാനും ബാംഗ്ലൂരിലെ ധർമാരാം പഠനഗൃഹത്തോടനുബന്ധിച്ചു സർവ്വകലാശാലാ കോളേജ് ആരംഭിക്കാനും ധർമാരാം കോളേജിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനും നിയമിക്കപ്പെട്ട ഉന്നതാധികാര കമ്മീഷനിലെ മെമ്പറായോ കൺവീനറായോ സഭയെ ഞാൻ സേവിച്ചിട്ടുണ്ട്. സഭയിലെ പ്രവിശ്യാ വിഭജനങ്ങളോടനുബന്ധിച്ചു വരുന്ന അതിർത്തിത്തർക്കങ്ങളും മറ്റു വിവാദങ്ങളും പരിഹരിക്കാൻ നിയമിക്കപ്പെടുന്ന മിക്കവാറുമെല്ലാ കമ്മീഷനുകളിലും ഞാൻ പ്രവർത്തിച്ചിട്ടുണ്ടെന്ന കാര്യം വിനയപൂർവ്വം ഓർക്കുന്നു. ഇതിൻപ്രകാരം 1979ൽ സെന്റെ ജോസഫ്സ് പ്രൊവിൻസ് രണ്ടായി തിരിച്ചപ്പോഴും 1985ൽ കോയമ്പത്തൂർ റീജിയണൽ പ്രേഷിത വൈസ് പ്രൊവിൻസായി തിരിച്ചപ്പോഴും 1990-ൽ സേക്രഡ് ഹാർട്ട് പ്രൊവിൻസ് വിഭജിക്കാനുള്ള നിർദേശം വന്നപ്പോഴും ഞാൻ അതിർത്തിക്കമ്മീഷനിലെ അംഗമായിരുന്നു.

ഡോ. ശങ്കുണ്ണി : സമർപ്പിതമായ അങ്ങയുടെ ജീവിതംകൊണ്ടു സാമൂഹ്യോദ്ധാരണത്തിനായി എന്തെല്ലാം കാഴ്ചവെക്കാൻ അങ്ങേയ്ക്കായിട്ടുണ്ട്?

ഫാ ഗബ്രിയേൽ : ആദ്യകാലം സമൂഹത്തിനുവേണ്ടിയുള്ള എന്റെ പ്രധാന പ്രവർത്തനം വിദ്യാഭ്യാസരംഗത്തായിരുന്നു. വിദ്യാഭ്യാസമാണല്ലോ ഒരു സമൂഹത്തിന്റെ വളർച്ചയുടെ അടിസ്ഥാനഘടകം. വിദ്യാഭ്യാസം വഴിയായി വ്യക്തികളെ വളർത്തുകയും വ്യക്തികളിലൂടെ സമൂഹോദ്ധാരണം നേടിയെടുക്കലുമായിരുന്നു ലക്ഷ്യം. എന്റെ വിദ്യാർത്ഥികൾ സമൂഹത്തിൽ പല തലത്തിലും പല തരത്തിലും ഇന്നു സമൂഹോദ്ധാരണം സാധിക്കുന്നുണ്ട്. എന്റെ പൂർവ്വ വിദ്യാർത്ഥികളായ ആയിരത്തോളം ഡോക്ടർമാർ വഴി എത്രയോ ലക്ഷം രോഗികൾക്കാണ് സമൂഹത്തിൽ സേവനം ലഭിച്ചുകൊണ്ടിരിക്കുന്നത്! ഞാൻ പ്രവർത്തിച്ച മണ്ഡലങ്ങളിലൊക്കെ സമൂഹത്തിന്റെ ദുർബലവിഭാഗങ്ങളുടെ ഉന്നമനം എന്റെ ലക്ഷ്യമായിരുന്നു. 25 ശതമാനം വിദ്യാർത്ഥികളെയെങ്കിലും സൗജന്യമായി പഠിപ്പിക്കുന്ന സംവിധാനം ഏർപ്പെടുത്തിയ കേരളത്തിലെ ഏക ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ, ചാലക്കുടിയിലെ കാർമൽ ഹൈസ്ക്കൂളാണ്. അമല ക്യാൻസർ ആസ്പത്രി ആസൂത്രണം ചെയ്തപ്പോഴും അതിന്റെ സേവനം സമൂഹത്തിലേയ്ക്ക്-പ്രത്യേകിച്ചും സമൂഹത്തിലെ ദുർബലജനവിഭാഗങ്ങളിലേയ്ക്ക് – ആഴത്തിൽ ഇറങ്ങിചെല്ലണമെന്നു ലക്ഷ്യമിട്ടിരുന്നു. അമലയുടെ മൂന്നിൽ രണ്ടുഭാഗം രോഗികളും സാധാരണക്കാരായിരിക്കണമെന്നു നിർബന്ധം വെച്ചിരുന്നു. സമൂഹത്തിലെ മേലേക്കിടയിലുള്ളവർക്കായി നീക്കിവെച്ച മൂന്നിലൊന്നു കിടക്കകളിൽ നിന്നുള്ള വരുമാനം കൂടി ഈ ദുർബല ജനവിഭാഗത്തിൽപെടുന്ന രോഗികളിലെത്തണം എന്നുകൂടി ഉദ്ദേലിച്ചിരുന്നു. തൽഫലമായി, ദരിദ്രനായ ഒരു ക്യാൻസർ രോഗിക്കും ചികിത്സയുടെ ചെലവു താങ്ങാനുള്ള പ്രയാസംകൊണ്ട് അമല ആസ്പത്രിയിൽ പ്രവേശനം ലഭിക്കാതെ പോവരുത് എന്നു നിഷ്കർഷ വെച്ചു. മന്ദബുദ്ധികളുടെ സംരക്ഷണത്തിനായി ഇരിങ്ങാലക്കുടയിൽ സ്ഥാപിച്ച പ്രതീക്ഷാഭവനെക്കുറിച്ചും എടുത്തുപറയട്ടെ. അങ്ങനെ, സമൂഹത്തിലെ ആലംബഹീനർക്കു നേരെ എന്റെ ഹസ്തം പരമാവധി നീട്ടാൻ ഞാൻ ശ്രമിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി : പൗരോഹിത്യത്തിന്റെ സുവർണ്ണജൂബിലി ഘോഷിച്ച ജനസേവകനായ അങ്ങയോടു ചോദിക്കട്ടെ; ദൈവാരാധനയും മനുഷ്യസേവനവും ഒന്നിച്ചുകൊണ്ടുപോകാൻ അങ്ങേയ്ക്ക് എന്തെങ്കിലും വിഷമം അനുഭവപ്പെട്ടിട്ടുണ്ടോ?

ഫാ ഗബ്രിയേൽ : ഇല്ലേയില്ല. പുരോഹിതനായിരിക്കെത്തന്നെ, എനിക്ക് അദ്ധ്യാപനം നടത്തേണ്ടതായി വന്നിരുന്നു. അദ്ധ്യാപനത്തിലൂടെ ഞാൻ പ്രധാനമായി ലക്ഷ്യമാക്കിയത് എന്റെ വിദ്യാർത്ഥികളെ ദൈവഭയമുള്ളവരും മനുഷ്യസ്നേഹികളുമായ ഉത്തമപൗരന്മാരായി വളർത്തുക എന്നതായിരുന്നു. ക്രൈസ്തവ വീക്ഷണത്തിൽ

പറഞ്ഞാൽ .യേശുക്രിസ്തു അവരിൽ വളരാൻ ഞാൻ ശദ്ധിച്ചു. പൗരോഹിത്യബാധ്യതയെ എന്റെ സേവനവുമായി സമന്വയിപ്പിക്കുകയാണ് ഞാൻ ചെയ്തത്. അദ്ധ്യാപനരംഗത്തുനിന്നു ഞാൻ ആതുരശുശ്രൂഷാരംഗത്തുവന്നു; അപ്പോഴും എനിക്കു പൗരോഹിത്യബാധ്യതയുണ്ടായിരുന്നു. അവിടേയും ഞാൻ എന്റെ മൗലികബാധ്യതയെ സേവനവുമായി ബന്ധപ്പെടുത്താൻ ആവുന്നത്ര ശ്രമിച്ചിട്ടുണ്ട്, ശ്രദ്ധിച്ചിട്ടുണ്ട്.

ഡോ. ശങ്കുണ്ണി : ഒരു പുരോഹിതന് ഐഹിക ബാധ്യതകളെക്കുറിച്ചു തലപുകയേണ്ടതില്ല. എന്നിരുന്നാലും ചോദിക്കട്ടെ; സ്വന്തം കുടുംബത്തിൽ നന്മ ലാക്കാക്കിക്കൊണ്ട് അങ്ങ് എന്തൊക്കെ ചെയ്തു?

ഫാ ഗബ്രിയേൽ : സ്വന്തം കുടുംബത്തിൽ നിന്നും മനുഷ്യസേവനത്തിനും ദൈവാരാധനയ്ക്കും വേണ്ടി നിയോഗിക്കപ്പെട്ട ഒരു വ്യക്തിയെന്ന നിലയിൽ എന്നിൽനിന്ന് എന്റെ വീട്ടുകാർ എന്തെങ്കിലും സാമ്പത്തികനേട്ടം പ്രതീക്ഷിച്ചിരുന്നില്ല. ഞാൻ അതിനൊട്ടു പരിശ്രമിച്ചിരുന്നുമില്ല. എന്നാൽ, കുടുംബാംഗങ്ങൾക്ക് ആവശ്യമായ ആധ്യാത്മികനേതൃത്വം നൽകാനും അവരെ പ്രോത്സാഹിപ്പിക്കാനും ഞാൻ പരിശ്രമിച്ചിട്ടുണ്ട്. മണലൂർ താവഴിക്കാർക്കായി 'ചിറമ്മൽ സാഹോദര്യം' എന്ന സംഘടനയ്ക്കു രൂപം കൊടുത്തു. വിശാലാടിസ്ഥാനത്തിൽ എല്ലാ ചിറമ്മൽ കുടുംബാംഗങ്ങളേയും കൂട്ടിയിണക്കികൊണ്ട് ചിറമ്മൽ ഫെല്ലോഷിപ്പ് എന്ന കൂട്ടായ്മക്കു ജന്മം നൽകി. ദീർഘനാൾ ഈ സംഘടനകളുടെ അദ്ധ്യക്ഷപദവി വഹിക്കാനും എനിക്കു സാധിച്ചു. കൂടാതെ, ചിറമ്മൽ കുടുംബചരിത്രം എഴുതി പ്രസിദ്ധീകരിക്കുക എന്ന യജ്ഞത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാനും എനിക്കു കഴിഞ്ഞു.

ഡോ.ശങ്കുണ്ണി : ശതാഭിഷേകത്തിന്റെ സ്വീകരണപ്പന്തലിലേയ്ക്ക് ഏതാനും മാസങ്ങൾക്കകം ചെന്നെത്താനിരിക്കുന്ന ആയുഷ്മാനായ അങ്ങയോടു ചോദിക്കട്ടെ: സഫലമായ അങ്ങയുടെ ജീവിതം അങ്ങയെ പഠിപ്പിച്ചതെന്താണ്?

ഫാ. ഗബ്രിയേൽ : എന്റെ ജീവിതം വളരെ സഫലമായി എന്നെനിക്കഭിപ്രായമില്ല. പലപ്പോഴും മറ്റുള്ളവർ പ്രയത്നിക്കുന്നതിന്റെ അംഗീകാരവും സ്തുതിയും എനിക്കാണ് ലഭിക്കാറുള്ളത്. ക്രൈസ്തവ വീക്ഷണത്തിലൂടെ നോക്കുമ്പോൾ, ഒരാൾക്കു വേണ്ടിടത്തോളം പരാജയങ്ങളും എതിർപ്പുകളും എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല എന്നതിൽ എനിക്ക് ഉൽക്കണ്ഠയുണ്ട്. ഹ്രസ്വമായ ഈ ജീവിതം, കഴിവുള്ളിടത്തോളം മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിച്ചു സഫലമാക്കാൻ ഞാൻ പരിശ്രമിക്കുകയായിരുന്നു. മനുഷ്യനിലൂടെ ദൈവത്തെ കണ്ടെത്തുക, പ്രാപിക്കുക – ഈ ക്രൈസ്തവ ദർശനമായിരുന്നു എന്നെ നയിച്ചിരുന്നത്.

ഡോ. ശങ്കുണ്ണി : അങ്ങു വ്യാപരിക്കാത്ത കർമ്മമണ്ഡലങ്ങളില്ല എന്നു തന്നെ പറയാം. പൗരാഹിത്യത്തിൽ തുടങ്ങി അധ്യാപനം, വിദ്യാഭ്യാസപ്രവർത്തനം, പൊതുപ്രവർത്തനം, സംഘാടനം... ആ രംഗത്ത് അങ്ങ് സംതൃപ്തനാണോ?

ഫാ. ഗബ്രിയേൽ : സംതൃപ്തനാണ് എന്നു തന്നെ പറയട്ടെ. ഇതിന്റെ അർത്ഥം എല്ലാം പൂർണ്ണമായെന്നോ എല്ലാവരിൽ നിന്നും പൂർണ സഹകരണം ലഭിച്ചുവെന്നോ അല്ലാ, ഒരു ചൈനീസ് പഴഞ്ചൊല്ല് ഓർമ വരുന്നു: അന്ധകാരത്തെ പഴിക്കുന്നതിനേക്കാൾ നല്ലത് ഒരു കൈത്തിരിയെങ്കിലും കത്തിച്ച് അതിനെ അകറ്റുന്നതാണ്...

ഡോ. ശങ്കുണ്ണി : കർമരംഗങ്ങളിൽ പ്രതിബന്ധങ്ങളുണ്ടായാൽ എങ്ങനെയാണ് നേരിടാറ്? എങ്ങനെയാണ് മുന്നോട്ട് നീങ്ങാറ്?

ഫാ. ഗബ്രിയേൽ: ജനാധിപത്യ വ്യവസ്ഥയോടെ പ്രവർത്തിക്കുന്ന സന്ന്യാസസമൂഹത്തിൽ കർമനിരതരാവുന്ന ആർക്കും ചില പ്രതിബന്ധങ്ങളൊക്കെ നേരിടേണ്ടി വരും – അതു തികച്ചും സ്വാഭാവികമാകുന്നു; അതിൽ ആരേയും പഴിചാരിയിട്ടു കാര്യമില്ല. എന്നെ സംബന്ധിച്ചിടത്തോളം പ്രതിബന്ധങ്ങളുടെ മുന്നിൽ പതറാറില്ല; സ്വല്പം സാവകാശം കൊടുത്തിട്ടു വീണ്ടും പരിശ്രമിക്കുക എന്നതായിരുന്നു എന്റെ പ്രവർത്തനശൈലി. ഒരുവഴിക്കു പ്രതിബന്ധമുണ്ടായാൽ മറ്റു വഴികളിലൂടെ മുന്നോട്ടു പോകാൻ ശ്രമിക്കും; അവിടേയും തടസ്സങ്ങളുണ്ടായാൽ വീണ്ടും വേറെ വഴിയുണ്ടോ എന്നു നോക്കും. ക്രൈസ്റ്റ് കോളേജിന്റെ സംസ്ഥാപനത്തിൽ 1954 ൽ പ്രവിശ്യകൗൺസിലിൽ തന്നെ അഭിപ്രായൈക്യം ഉണ്ടാക്കാൻ സാധിച്ചില്ല. അതുകൊണ്ട് 1955–ൽ വേറെ പദ്ധതിയുമായി മുന്നോട്ടു വന്നു; കാര്യം സാധിച്ചു. അതുപോലെ തന്നെ, ക്രൈസ്റ്റ് ആശ്രമത്തിന്റെ സ്ഥാനം മാറ്റുന്നതിലും വളരെയേറെ പ്രതിബന്ധങ്ങൾ ഉണ്ടായി. അതു സാധിച്ചെടുക്കുന്നതിനു ദീർഘകാലത്തെ കാത്തിരുപ്പു തന്നെ വേണ്ടി വന്നു – പുതിയ സാഹചര്യം സംജാതമാവും വരെ. കോളേജിലെ ഓഡിറ്റോറിയം പണിയും ഇത്തരം തന്ത്രപരമായ പിന്മാറ്റങ്ങളും മുന്നേറ്റങ്ങളും വേണ്ടി വന്നിട്ടുണ്ട്. കാർമൽ സ്ക്കൂൾ സ്ഥാപിക്കുന്നതിലും ക്യാൻസർ ആസ്പത്രി തുടങ്ങുന്നതിലും പല തരത്തിലുള്ള പ്രതിബന്ധങ്ങളും എതിർപ്പുകളും നേരിടേണ്ടി വന്നിട്ടുണ്ടെങ്കിലും ശക്തമായ പൊതുജന പൻബലം ആർജിക്കാൻ സാധിച്ചതുകൊണ്ടു കാര്യങ്ങൾ ഉദ്ദേശിച്ച രീതിയിൽ കൊണ്ടു പോവാൻ സാധിച്ചു.

ഡോ. ശങ്കുണ്ണി : കർമരംഗങ്ങളിൽ അങ്ങയുടെ കഴിവു പരമാവധി പ്രകടമാക്കാൻ സാധിച്ചതിന് അങ്ങ് ആരോടെങ്കിലും പ്രത്യേകം കടപ്പെട്ടിട്ടുണ്ടോ?

ഫാ. ഗബ്രിയേൽ : തീർച്ചയായും. എന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും കഴിഞ്ഞാൽ എനിക്ക് ഏറ്റവും വലിയ കടപ്പാടുള്ളത് സി.എം.ഐ. സഭയോടാണ്. സി.എം.ഐ. സഭയിൽ എനിക്കു പരിശീലനം നൽകിയ ഫാ.ബർത്തലോമിയോവിനോടും ഫാ.പ്ലാസിഡിനോടും മറ്റു ഗുരുഭൂതന്മാരോടും എനിക്കു വലിയ കടപ്പാടുണ്ട്. ഓരോ പദ്ധതിയും തുടങ്ങി അതു പൂർത്തിയാക്കാൻ വേണ്ടിടത്തോളം സമയവും സാവകാശവും എനിക്കനുവദിച്ചുതന്ന സി.എം.ഐ. സഭ വളരെ അനുഭാവപൂർവ്വമുള്ള

സമീപനമാണ് എന്നോടു ദീക്ഷിച്ചിട്ടുള്ളത്. എനിക്കു ചില ബലഹീനതകളുണ്ട്. ചില ദുശ്ശീലങ്ങളും ഉണ്ടെന്നു പറയാം. ഇതൊക്കെ എന്നോടു ക്ഷമിച്ച്, എന്നോടു ദയാദാക്ഷിണ്യം കാണിച്ച്, എന്റെ ബലഹീനതകൾ സഹിച്ച് എന്നെ പ്രവർത്തനവിജയത്തിലെക്കെത്തിച്ച എന്റെ സഹപ്രവർത്തകർ നിരവധിയാണ്. പേരെടുത്തു പറയുകയാണെങ്കിൽ ഒട്ടേറെയുണ്ട്. എന്നാലും രണ്ടു പേരെ ഞാൻ പ്രത്യേകം ഓർത്തു പോവുന്നു. ക്രൈസ്റ്റ് കോളേജിന്റെ സംസ്ഥാപനത്തിലും അതിന്റെ നടത്തിപ്പിലും ദീർഘകാലം എന്റെ സഹപ്രവർത്തകനായിരുന്ന പരേതനായ ഡിസ്മാസച്ചനെ ഞാൻ നന്ദിയോടെ അനുസ്മരിക്കുന്നു. അമല ക്യാൻസർ ആസ്പത്രിയിൽ ഡയറകടറായി ചാർജ്ജെടുക്കുന്നതിനു മുമ്പു തന്ന, ഇവിടെ വന്നു നിർമ്മാണപ്രവർത്തനം നടത്തുകയും അമലയുടെ വളർച്ചക്ക് അഹോരാത്രം ഇപ്പോഴും ബുദ്ധിമുട്ടുകയും ചെയ്യുന്ന ഫാ.പയസിനോട് എനിക്കുള്ള കടപ്പാടും വലുതാണ്.

ഡോ. ശങ്കുണ്ണി : ഒരു പുരുഷായുസ്സിൽ ചെയ്തു തീർക്കാവുന്നതിനപ്പുറം കാര്യങ്ങൾ ചെയ്തു തീർത്ത അങ്ങയോടു ചോദിക്കട്ടെ; ഇനിയൊരു ജന്മമുണ്ടെങ്കിൽ, ഏതു രംഗത്താവും കർമനിരതനാവുക?

ഫാ. ഗബ്രിയേൽ : ഇനിയൊരു ജന്മമെന്നത് എന്റെ വിശ്വാസപ്രാമാണത്തിലില്ല. കഴിയുന്നിടത്തോളം വേഗം ഈശ്വരസന്നിധിയിൽ എത്തിച്ചേരണമെന്ന വ്യഗ്രതയിലാണ് ഞാൻ. എങ്കിലും ആ ചോദ്യത്തിന്റെ സത്ത ഉൾക്കൊണ്ടു തന്നെ പറയട്ടെ. കഴിവും ചുറ്റുപാടും അനുസരിച്ചേ ആർക്കും പ്രവർത്തിക്കാനാവൂ. ഒരു പരിധി വരെ സാഹചര്യത്തിനു വലിയൊരു സ്ഥാനമുണ്ട്. ഒരുവനെ ഒരുവനക്കുന്നത് മറ്റുള്ളവരാണ്. ഇതാണെന്റെ ദർശനം. ഇന്നത്തെ ക്രൈസ്തവ സമൂഹത്തിലെ ഒരു വലിയ പോരായ്മ കലാ-സാഹിത്യ-സാംസ്ക്കാരികമണ്ഡലങ്ങളിലെ ശുഷ്കത - അല്ലെങ്കിൽ പിന്നോക്കാവസ്ഥ - ആണ് എന്നെനിക്കു തോന്നിയിട്ടുണ്ട്. ഈ മണ്ഡലത്തിൽ മുന്നേറാതെ ക്രൈസ്തവർക്ക് ഈ മണ്ണിൽ വേരുറപ്പിക്കാനാവില്ല; ക്രൈസ്തവദർശനം സ്വീകരിക്കപ്പെടുകയുമില്ല. ക്രൈസ്തവസമൂഹത്തെ ഭാരതീയസംസ്കാരത്തിലൂടെ വളർത്തുക എന്നതായിരിക്കണം അടുത്ത തലമുറ ചെയ്യേണ്ട ശ്രമകരമായ കാര്യം.

ഡോ. ശങ്കുണ്ണി : കർമയോഗിയായ അങ്ങയോട് ഇനി ഒരൊറ്റ ചോദ്യം മാത്രം; ജീവിതത്തോടുള്ള കാഴ്ചപ്പാട് എന്താണ്?

ഫാ. ഗബ്രിയേൽ : ഈശ്വരേച്ഛയാണ് എന്റെ ജീവിതലക്ഷ്യം; പരസ്നേഹത്തിലൂടെ ഞാനതു പ്രാപിക്കുന്നു. വിദ്യാർത്ഥികളെ വളർത്തിയെടുക്കുന്നതിലും രോഗികളെ ശുശ്രൂഷിക്കുന്നതിലും ഞാൻ ഈശ്വരേച്ഛ കാണുന്നു.

* * *